ഇതാണു നമ്മുടെ ജീവിതം

അന്തർഭാരതീയ പുസ്തകമാല

ഇതാണ്
നമ്മുടെ ജീവിതം

ദലീപ്കൗർ ടിവാണ

വിവർത്തനം:

വി.ഡി. കൃഷ്ണൻ നമ്പ്യാർ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-0262-1

1993 (ശക 1914)

മൂലം: © ദലീപ്കൗർ ടിവാണ

മലയാള വിവർത്തനം: © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ, 1980

രൂ. 25.00

Original Title: EH HAMARA JIVNA (Punjabi)
Malayalam Title: ITHANU NAMMUTE JEEVITHAM

പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ - 5 ഗ്രീൻ പാർക്ക്, ന്യൂ ദൽഹി 110 016.

അവതാരിക

ആധുനിക പഞ്ചാബി സാഹിത്യത്തിൽ ഭായിവീർ സിംഗിന്റെ (?-1957) മാർഗ്ഗദർശകരചനകൾ സാഹിത്യത്തിന്റെ എല്ലാ തുറകളിലുംപെടുന്നവയാണെങ്കിലും നോവലും കവിതയും ആണ് അദ്ദേഹത്തോട് ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നത്. നോവലിസ്റ്റ് എന്ന നിലയിൽ, 'സുന്ദരി', 'ബിജോയ്സിംഗ്' എന്നീ ചരിത്രാഖ്യായികകളുടെ കർത്താവ് എന്ന നിലയിലാണ് അദ്ദേഹം അറിയപ്പെടുന്നത്. സമകാലികരായ നസീർ അഹമ്മദും, അബ്ദുൾ ഹലിംഷരറും ഉർദു സാഹിത്യത്തിൽ ഇസ്ലാമിന്റെ ഗതകാല മഹിമകൾ പുനരാവിഷ്ക്കരിയ്ക്കാൻ ശ്രമിച്ചിരുന്നതുപോലെ ഈ കാല്പനികാഖ്യായികകളിൽ സിക്ക് മതാദർശങ്ങൾ പ്രതിഫലിപ്പിക്കാനാണ് അദ്ദേഹം മുതിർന്നത്. സാമൂഹ്യനോവലിന്റെ രംഗത്ത് ഭായി വീർസിംഗ് പുതിയ ഒരു ശൈലിതന്നെ തുറന്നു. ചരൺസിംഗ് ഷഹീദ് (1887-1935), മോഹൻസിംഗ് വൈദ് (1881-1936), അമർസിംഗ് (മോഡൽ പ്രസ്, ലാഹോർ) തുടങ്ങിയ പലരും അദ്ദേഹത്തെ അനുകരിച്ചു. ആധുനിക പഞ്ചാബി സാഹിത്യത്തിലെ 'അതികായനാണ്' ഭായി വീർസിംഗ് എന്ന് മുൽക്ക് രാജ് ആനന്ദ് വിശേഷിപ്പിച്ചത് എത്ര വാസ്തവം. ഭായി വീർസിംഗ് പഞ്ചാബിയിൽ എഴുതിത്തുടങ്ങിയ കാലത്ത് വിദ്യാസമ്പന്നരുടെ പ്രയോഗഭാഷ ഉർദു ആയിരുന്നു. അന്നത്തെ പാഠ്യക്രമത്തിൽ ഉർദുവിന് അഭിമാനാർഹമായ സ്ഥാനം ഉണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ പഞ്ചാബിലെ പ്രമുഖനായ ഒരു വിദ്യാഭ്യാസ പണ്ഡിതനായിരുന്ന മുഹമ്മദ് ഹുസ്സൈൻ ആസാദ്, സ്കോട്ട്, ലിറ്റൺ, ഡിക്കൻസ്, റൈഡർഹഗാഡ്, ടോൾസ്റ്റോയ് എന്നിവരുടെ കൃതികൾ ഉർദുഭാഷയിലേക്കു വിവർത്തനം ചെയ്തത് പരക്കെ ആസ്വദിക്കപ്പെട്ടിരുന്നു. ഈ കൃതികളുമായി ഉററ സമ്പർക്കം ലഭിച്ചിരുന്ന ഭായി വീർസിംഗ്, സിക്ക് ചരിത്രത്തിലെ ഐതിഹാസിക കഥകൾ പറയാൻ ഈ പാശ്ചാത്യസാഹിത്യകാരൻമാരുടെ സങ്കേതങ്ങളാണ് സ്വീകരിച്ചത്. മിക്കവാറും പ്രണയകാവ്യങ്ങളായിരുന്ന പഞ്ചാബിലെ പ്രചരിതകല്പിതകഥകളിൽ (ദാമോദർ, മുഖ്സാൽ, വാരിസ്, കാദിർയാർ, ഹഷീം തുടങ്ങിയവരുടെ) നിന്നോ ഗുരുനാനാക്കിനേയും അന്യഗുരുക്കൻമാരെയും കുറിച്ചുളള 'ജനം സാഖി', 'പാർച്ചി' ഇവയിൽനിന്നോ അദ്ദേഹം ഉത്തേജനം കൊണ്ടിരുന്നില്ല എന്നത് വിസ്മയകരംതന്നെ. ഈ കൃതികളാകട്ടെ ചരിത്രത്തിന്റെ പ്രവാഹഗതിയിൽ ഗുരുക്കൻമാരുടെ ജീവിതകഥകൾക്ക് ഔന്നത്യം പകരാൻ സഹായകമായി. ഭായി വീർസിംഗിനെ സംബന്ധിച്ചിടത്തോളം നോവൽ ഒരു വീട്ടുചെടിയാണ്. അത് മണ്ണിൽ വേര് ഉറച്ചിരുന്നില്ല. അദ്ദേഹത്തിന്റെ അനുകരണക്കാരായ ചരൺസിംഗ് ഷഹീദ്, മോഹൻസിംഗ് വൈദ്, അമർസിംഗ് എന്നിവരുടെ കാല്പനികപരിഷ്കരണവാദനോവലുകളോടെ ഈ നൂറ്റാണ്ടിലെ ഇരുപതുകളുടെ ഒടുവിൽ അത് അവസാനിക്കുകയും ചെയ്തു.

നാനാക്ക്സിംഗ് (1897-1971) ആയിരുന്നു പഞ്ചാബി ജീവിതം യഥാത

ഥമായ രീതിയിൽ ആവിഷ്കരിച്ച ആദ്യത്തെ പഞ്ചാബി നോവലിസ്റ്റ്. പക്ഷേ, അദ്ദേഹത്തിന്റെ യാഥാർത്ഥ്യവാദം പാശ്ചാത്യ നോവലിസ്റ്റുകളുടെ പ്രകൃതിവാദം ആയിരുന്നില്ല. സാമൂഹ്യക്രമം നല്ലതായിരുന്നാൽ, അഥവാ ജനഹൃദയങ്ങളിൽ ഈശ്വരഭയം ഉണ്ടായിരുന്നാൽ, ഇടത്തരക്കാരായ പഞ്ചാബികളുടെ ജീവിതരീതിക്കുതന്നെ മാറ്റമുണ്ടാകും എന്ന വീക്ഷണത്തോടെയാണ് അദ്ദേഹം നഗരജീവിതം യഥാതഥമായി ചിത്രീകരിച്ചിരുന്നത്. തന്റെ ഓരോ നോവലുകളിലും ഒരു മുഖ്യകഥാപാത്രത്തിലൂടെ നാനാക്ക്സിംഗ് പ്രചരിപ്പിക്കാൻ ശ്രമിച്ച ആദർശങ്ങൾ ജനങ്ങൾ പിൻതുടരണമെന്നും അദ്ദേഹം ആശിച്ചിരുന്നു. ഒരു ഉദ്ദേശംവച്ചാണ് അദ്ദേഹം നോവലുകൾ രചിച്ചത്. അദ്ദേഹത്തിന്റെ നോവലുകളുടെ പ്ലോട്ടുകൾ ലളിതമായിരുന്നെങ്കിലും ദിവ്യാത്ഭുതങ്ങളും അതിമാനുഷശക്തികളും ഇടയ്ക്കിടെ കോർത്തിണക്കിയവയായിരുന്നു. നല്ലൊരു കഥാകാരനായിരുന്നു എങ്കിലും സർഗ്ഗാത്മകശേഷി കുറവായകാരണം അനുവാചകന് പലപ്പോഴും കാടുകയറി തിരയേണ്ടിവന്നിരുന്നു. വാരിക്കോരി എഴുതുന്ന പ്രകൃതക്കാരനായിരുന്നു നാനാക്ക്സിംഗ്. തന്റെ മുൻഗാമികളിൽനിന്നാണ് മിക്കഗുണങ്ങളും ദോഷങ്ങളും അദ്ദേഹം പകർത്തിയത്. ഭായിവീർസിംഗിനെപ്പോലെ തന്റെ നോവലുകളെ അദ്ദേഹം 'സിക്ക് സമുദായത്തിന്റെ കാര്യങ്ങൾ'ക്കായി വിനിയോഗിച്ചില്ല. സിക്ക് കഥാപാത്രങ്ങൾക്കായിരുന്നു നോവലിൽ പ്രാമുഖ്യം. ഭായിവീർസിംഗ് പഴയസിംഗ് സഭാപ്രസ്ഥാനത്തിൽ നിന്ന് ഉത്തേജനം പകർന്നതുപോലെ പുതിയ അകാലി പ്രസ്ഥാനമാണ് നാനാക്ക്സിംഗിന് പ്രചോദനമേകിയത്. ഒരേ കഥാതന്തുതന്നെ എല്ലാ നോവലുകളിലും വീണ്ടുംവീണ്ടും അദ്ദേഹം ഉപയോഗിച്ചിരുന്നു. പഞ്ചാബി നാഗരികജീവിതത്തിന്റെ വിവിധതുറകളെ പ്രതിനിധീകരിക്കുന്നവയായിരുന്നു അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ. ഹാർമോണിയം വായിക്കുന്ന തെരുവ് ഗായകൻ പ്രചാരത്തിലുള്ള ട്യൂണുകൾ മീട്ടുന്നതും മറ്റും ഇതിന് ഉദാഹരണമാണ്. അദ്ദേഹത്തിന്റെ നോവലുകൾ നാഗരിക ജീവിതത്തിന്റെ ഉപരിതലദർശനം മാത്രമേ നൽകുന്നുള്ളൂ. സാമൂഹ്യ തത്വചിന്തകളും രാഷ്ട്രീയ കാര്യങ്ങളും കൈകാര്യം ചെയ്യുമ്പോൾ അവയെക്കുറിച്ചുള്ള ഗഹനമായ ധാരണയുടെ അഭാവം വ്യക്തമായി കാണാം. സമകാലീന ഇതിവൃത്തങ്ങളാണ് അദ്ദേഹം തിരഞ്ഞെടുക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണം സമകാലീനമാണെന്ന് പറയാനാവില്ല. അദ്ദേഹത്തിന്റെ ചില പ്രസിദ്ധ നോവലുകൾ ഇവയാണ്. ചിത്തലഹു (1932), ഫുലാടിഫൂൾ, കാഗത്തേൻ ദേ ഭേരി (1936 വരെ) പ്യാർ ഭി ദുനിയ, ഗരീബ് ഭി ദുനിയ, ജീവൻ സംഗ്രാം (1936 മുതൽ 1947 വരെയുള്ള കാലങ്ങളിൽ രചിച്ചത്) ജീവിതത്തിന്റെ അവസാനകാലങ്ങളിൽ പ്രശസ്ത പഞ്ചാബി ഗദ്യകാരനായ ഗുരുബക്സ് സിംഗിന്റെ പ്രഭാവത്താൽ അദ്ദേഹം ഒരു കാല്പനിക ആദർശവാദിയായി മാറി സങ്കുചിതവീക്ഷണം ഉപേക്ഷിച്ചെങ്കിലും രാജ്യത്തിന്റെ വിഭജനത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ നോവലുകൾ ഗഹനമായ ധാരണയോ സാമൂഹ്യ-രാഷ്ട്രീയ യാഥാർത്ഥ്യമോ

പ്രതിഫലിപ്പിക്കുന്നവയായിരുന്നില്ല.

നാനാക്ക്സിംഗിനെ തുടർന്ന് പഞ്ചാബി നോവലിസ്റ്റുകളുടെ ഒരു പരമ്പരതന്നെ രംഗപ്രവേശം ചെയ്തു. കർത്താർസിംഗ് ദുഗ്ഗൾ (1917-), സുരിന്ദർസിംഗ് നരുള (1917-), ജസ്വന്ത്സിംഗ് കൺവൾ (1920-), നരിന്ദർ പാൽസിംഗ് (1922-), മൊഹിന്ദർസിംഗ് സർണ, (1925-) അമൃതപ്രീതം (1919). കൺവളും അമൃതയും ഒഴികെ, ഈ നോവലിസ്റ്റുകളൊക്കെ ഉന്നതവിദ്യാഭ്യാസം നേടിയവരായിരുന്നു. അമൃതയും കൺവളും ധാരാളം വായിച്ചിട്ടുള്ളവരും ആധുനികനോവലിൻെറ വിവിധ പ്രവണതകളെക്കുറിച്ച് അറിവുള്ളവരും ആയിരുന്നു. ഇവരിൽ കൺവൾ ഒഴികെ മറ്റെല്ലാവരുംതന്നെ ഇടത്തരം പഞ്ചാബി കുടുംബങ്ങളിൽനിന്നുള്ളവരായിരുന്നു. അതിനാൽ പത്തൊമ്പതാം നൂറ്റാണ്ടിലെ പഞ്ചാബി ജൻമിത്ത സമൂഹം അവലംബിച്ചിരുന്ന "ദൈവം തരുംപോലെ സ്വീകരിയ്ക്കുക" എന്ന സമീപനം അവർ അംഗീകരിച്ചിരുന്നില്ല. ജൻമിത്ത ചിന്താഗതി അനുസരിച്ചാകട്ടെ ജീവിതത്തിലെ തൊഴിലും ബന്ധങ്ങളും, വ്യക്തിയുടെ വിദ്യാഭ്യാസവും, ജനങ്ങളുടെ പ്രതീക്ഷകളും പ്രത്യാശകളും, പ്രേമരീതികളും വിവാഹവും, എന്നല്ല ആത്മീയ ചിന്തപോലും വിധികല്പിതമായിരുന്നു. ഈ എഴുത്തുകാരാകട്ടെ ഒഴുക്കിൽപെട്ട ഒരു സമൂഹത്തിലെ ഘടകങ്ങളായിരുന്നു. അതുകാരണം അതിവേഗം മാറിക്കൊണ്ടിരുന്ന സമൂഹത്തിനനുസരണമായി അവർക്ക് സ്വയം പൊരുത്തപ്പെടുത്തൽ നടത്തേണ്ടിവന്നു. ഈ സ്വയം ക്രമീകരണത്തിനിടയ്ക്ക് അവർക്ക് പുതിയ സരണികൾ ആവിഷ്കരിയ്ക്കേണ്ടിവന്നു. 'മല്ലാഹ്' (വള്ളക്കാരൻ), 'സേനാപതി', 'ബാമുലാസാഹോഷിയാർ' എന്നീ കൃതികളുടെ കർത്താവായ നരീന്ദർപാൽസിംഗിൻെറ വസ്തുനിഷ്ഠമായ യാഥാർത്ഥ്യവാദം ഇതിന് ഉദാഹരണമാണ്. നരീന്ദർ പാൽസിംഗ് വിവേകശാലിയും പ്രബുദ്ധനുമായ നോവലിസ്റ്റായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ നീതിബോധം സ്വയം പ്രഭാവം ചെലുത്തുന്നവയും, എച്ച്.ജി. വെൽസ്, ഗാൾസ്വർത്തി, അർനോൾഡ് ബെന്നറ്റ് തുടങ്ങിയവരിൽ കാണുന്ന വിക്ടോറിയൻ കാലഘട്ടത്തിലെ അനുരഞ്ജനരീതികളെ അനുസ്മരിപ്പിയ്ക്കുന്നവയും ആയിരുന്നു. അടുത്തകാലത്തായി അദ്ദേഹത്തിൻെറ വസ്തുനിഷ്കർഷതയ്ക്ക് ഇടിവ് നേരിട്ടിട്ടുണ്ട്. ഒരുതരം ആധുനിക പ്രവാചകൻെറ സ്ഥാനം ഏറ്റെടുത്തിരിയ്ക്കുകയാണ് അദ്ദേഹം. രാഷ്ട്രീയവും സാമൂഹികവും ആയ പരിഷ്കാരങ്ങൾക്ക് അർത്ഥമില്ലെന്നാണ് അദ്ദേഹത്തിൻെറ വാദം. ഉള്ളിലെ മാഹാത്മ്യം കണ്ടെത്താനാണ് അദ്ദേഹത്തിൻെറ ശ്രമം. പക്ഷേ ജീവിതരംഗത്തെ കർമ്മശൂന്യത പലപ്പോഴും ഒരുവനെ ശക്തിഹീനനാക്കിത്തീർക്കുമെന്ന കാര്യം അദ്ദേഹം മറക്കുന്നു. അദ്ദേഹത്തിൻെറ ആദ്യകാലനോവലുകളിലെ യാഥാർത്ഥ്യവാദം പ്രസ്താവ്യമാകുംവിധം വസ്തുനിഷ്ഠമായിരുന്നു. പിന്നീട് അദ്ദേഹം അതിൽനിന്നും വ്യതിചലിച്ച് ഭാവനയിലെ നാളെകളിലോ അതല്ലെങ്കിൽ പ്രപിതാമഹൻമാരുടെ (പിദ്രം സുൽത്താൻബോദ്) ഇന്നലെകളിലോ മുങ്ങിത്തപ്പുകയാണ്. മൊഹിന്ദർ സിംഗ് സർണയും സുർജിത്സിംഗ് സേഠിയും (1928-) നോവലിൻെറ

സങ്കേതങ്ങളിൽ ധീരമായ പരീക്ഷണങ്ങൾ നടത്തി. പക്ഷേ അവരുടെ നോവലുകൾക്ക് മാറിവരുന്ന സാമൂഹ്യ-സാമ്പത്തികനിലകളോട് ബന്ധപ്പെട്ട യാഥാർത്ഥ്യവുമായി യാതൊരു സാമ്യവുമുണ്ടായിരുന്നില്ല. അതിനാൽ അവർ വരച്ചുകാട്ടിയ ജീവിതം വൈവിധ്യമാർന്നതും ആകർഷകവും ആയിരുന്നെങ്കിലും അതൊരു മായാദർശനം മാത്രമായിരുന്നു. സർണയുടെ 'പീരൺ മല്ലെരാഹ്' (വേദന നിറഞ്ഞപാത) 'കങ്കൻതെ കാണ്ഡെ' (ഓളവും തീരവും) സേഠിയുടെ 'ഇക് ഷഹർ ദി ഗൽ' (ഒരു നഗരത്തിൻെറ കഥ) 'കണ്ഡി ഉഥെരുക്ട' (നദിക്കരയിലെ മരം) 'കൽബി സൂരജ് നഹിം ചടേഗ' (നാളേയും സൂര്യൻ ഉദിയ്ക്കില്ല) തുടങ്ങിയ ഏത് നോവൽ വായിച്ചാലും ഇക്കാര്യം വ്യക്തമാകും.

ഡോ. ദലീപ് കൗർ ടിവാണയും ഗുർദിയാൽസിംഗും ആണ് പഞ്ചാബിയിലെ പ്രാദേശിക നോവലുകളുടെ ഉപജ്ഞാതാക്കൾ. ഗുർദിയാൽസിംഗിൻെറ രീതിയെ വിമർശയാഥാർത്ഥ്യവാദമെന്ന് വിളിയ്ക്കാമെങ്കിലും അദ്ദേഹത്തിൻെറ യാഥാർത്ഥ്യവാദം ചൈതന്യവത്തല്ല. അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ ജീവിയ്ക്കുകയും പ്രവൃത്തിയെടുക്കുകയും ചെയ്യുന്ന അന്തരീക്ഷത്തിൽ നൈരാശ്യബോധത്തിൻെറ മേഘങ്ങൾ ഇരുണ്ടുകൂടിയിട്ടുണ്ട്. ജീവിതം അതേപടി പകർത്തുകയെന്ന ശാഠ്യം കാരണം തൻെറ കഥാപാത്രങ്ങൾ വ്യാപരിക്കുന്ന സമൂഹത്തക്കുറിച്ച് അദ്ദേഹം സ്വയം ഒരു അഭിപ്രായം പറയുകയോ, അതിനെതിരെ വിധി എഴുതുകയോ ചെയ്യുന്നില്ല. പഞ്ചാബിലെ മാൽവ മേഖലയിലെ ചെറുകിടകർഷകരുടെ ജീവിതം അതീവ ശുഷ്കാന്തിയോടെ അദ്ദേഹം വരച്ചുകാട്ടുന്നു. എന്നാൽ ഗ്രാമപ്രദേശങ്ങളിലെ വർദ്ധിച്ചു വരുന്ന നഗരവൽക്കരണം ഈ കഥാപാത്രങ്ങളെ ഞെരുക്കി ശ്വാസം മുട്ടിയ്ക്കുമ്പോൾ ആത്മരക്ഷാർത്ഥം ചെറുത്തുനിൽക്കാനുള്ള സമരശക്തി അവർക്ക് ഉണ്ടാകാനുള്ള സാദ്ധ്യത അദ്ദേഹം കണക്കിലെടുക്കുന്നില്ല. അദ്ദേഹത്തിൻെറ നോവലുകളിൽ ചിന്തയും ഭാഷയും പരുക്കനായികാണപ്പെടുന്നു. പരിഷ്കൃത അനുവാചകന് ഇത് അരോചകമായി തോന്നാം. ഗുൽദിയാൽസിംഗിൻെറ നോവലുകളിൽ കാണുന്ന കുറവുകളിൽ നിന്ന് താരതമ്യേന മുക്തമായവയാണ് ഡോ. ദലീപ്കൗർ ടി വാണയുടെ നോവലുകൾ. ഇതിനുള്ള കാരണം ഒരു പക്ഷേ ഇംഗ്ലീഷ് സാഹിത്യകാരിയായ ജെയിൻ ഓസ്റ്റിനെപ്പോലെ ശിൽപത്തിന് ആധാരമായ ദന്തത്തിൻെറ പരിമിതിയെക്കുറിച്ചുള്ള ബോധവും, ഉപബോധത്തിൻെറ സീമകൾക്കപ്പുറം കടന്നുചെല്ലാനുള്ള മോഹമില്ലായ്മയും ആയിരിക്കാം. 'യെ ഹമാരാ ജീവനാ' (ഇതാണ് നമ്മുടെ ജീവിതം), 'അഗ്നിപരീക്യ'(അഗ്നിപരീക്ഷ) എന്നിവയാണ് അവരുടെ രണ്ടു പ്രശസ്ത നോവലുകൾ. തീർത്തും തനതായ വ്യക്തിത്വം ഉള്ളവയാണ് ഇവരണ്ടും. അമൃതപ്രീതവും പഞ്ചാബിനോവലുകളിൽ സ്ത്രീകളുടേതായ സംവേദനക്ഷമത പ്രകടമാക്കിയിട്ടുണ്ടെങ്കിലും സാധാരണ വായനക്കാരനെ കണ്ടുകൊണ്ടാണ് അവർ നോവൽ രചിച്ചിരുന്നത്. അവരുടെ മിക്ക നോവലുകളും ഫോർമുല നോവലുകളാണ്. ഇപ്പോഴാകട്ടെ അവരുടെ ആദ്യകാലനോവലുകളിൽ

ഉണ്ടായിരുന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യവാദം നഷ്ടപ്പെട്ടിരിയ്ക്കുകയുമാണ് (ഡോ. ദേവും പിൻജറും). ടിവാണയും ചിലപ്പോഴൊക്കെ വികാരാവേശംകൊള്ളാറുണ്ട്. പക്ഷേ അത് അനുവാചകൻെറ സഹാനുഭൂതിക്കുവേണ്ടിയല്ല, മറിച്ച് അവരുടെ സ്വതഃസിദ്ധമായ, സ്ത്രീസഹജ സംവേദനക്ഷമത കാരണമാണ്. ഇതൊരു പോരായ്മ തന്നെ, സംശയമില്ല. അവരുടെ ആസ്വാദകരും വിമർശകരും ഈ പിരമിതി അംഗീകരിച്ചേ കഴിയൂ.

അവരുടെ നോവലുകളുടെ പരിമിതമായ വ്യാപ്തിയും മാൽവ, പോഡ്ഡി എന്നീ മൊഴികളുടെ വ്യാപകമായ പ്രയോഗവും ചിലപ്പോൾ അനുവാചകനെ മുഷിപ്പിച്ചേക്കാം. പക്ഷേ ഒരു നിരൂപകന്, അവർ ജനിച്ച ചുറ്റുപാടും അവരുടെ ആദ്യകാലജീവിതവും, പ്രത്യേകിച്ചും ബാല്യത്തിൽ നിന്നും കൗമാരത്തിലേക്ക് വളരുന്ന കാലത്തിലെ വിവേചനങ്ങളും മൂലമാണ് ഈ പരിമിതികളെന്ന വസ്തുത വിസ്മരിക്കാനാവില്ല. അവരുടെ നോവലുകൾക്ക് പ്രാദേശികതയുടെ പ്രത്യേകഭംഗിയുണ്ട്. അവരുടെ കർമ്മമണ്ഡലത്തിൻെറ വിദൂരത മാനവദുരിതങ്ങളുടെ ചെപ്പുകൾ തുറന്നുകാട്ടുന്നു. പാശ്ചാത്യനിരൂപകർ ജെയിൻ ഓസ്റ്റിനെ വിവരിക്കുന്നതുപോലെ ഒരു പലായനവാദിനോവലിസ്റ്റായി അവരെ വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞകാലത്തെ മരുമക്കത്തായ സമൂഹത്തെ, അതായത് കുടുംബകാര്യങ്ങളിൽ സ്ത്രീകൾക്ക് അധികാരങ്ങൾ ഉണ്ടായിരുന്ന ഒരു അവസ്ഥയെ ആണ് അവർ നമ്മെ ഓർമ്മിപ്പിക്കുന്നത്. ഈ ആധുനികകാലഘട്ടത്തിലാകട്ടെ അവളുടെ ജീവിതം ദുരിതപൂർണ്ണമായിത്തീർന്നിരിക്കുന്നു. മറ്റൊരുവിധത്തിലും ഭാനിയുടെ (യെ ഹമാരാ ജീവനയിലെ നായിക) മാനസികസങ്കീർണ്ണത വിവരിയ്ക്കാൻ ആവില്ല. അവളുടെ ലോകം തികച്ചും നിസ്സാരമായതാണ്. ഏകതാനമായ നിത്യകർമ്മങ്ങൾകൊണ്ട് വിരസവും (അവരുടെ നോവലുകളിൽ സാമൂഹ്യ-രാഷ്ടീയ പരാമർശങ്ങൾ ഒന്നും കാണാനില്ല). അതേ സമയം വ്യംഗ്യഹാസ്യങ്ങൾകൊണ്ട് തമാശ ഉളവാക്കുന്ന സാഹചര്യങ്ങൾ നിറഞ്ഞതുമാണ് ആ ലോകം.

യുവത്വത്തിൽതന്നെ വിധവയായ ഭാനിയെ മയക്കുമരുന്നിന് അടിമയായ നാരായണൻ വശത്താക്കുന്നു. ഭർത്താവ് ജീവിച്ചിരിയ്ക്കെത്തന്നെ സ്വന്തം ഇഷ്ടത്തിന് വിപരീതമായി അവൾക്ക് അയാളുടെ സഹോദരങ്ങളുമായി കിടക്ക പങ്കിടേണ്ടിവന്നിട്ടുണ്ട്. അവൾ തികച്ചും മതവിശ്വാസിയാണ്. ഭർത്താവിനോട് വിശ്വസ്തതയും അർപ്പണബോധവും ഉള്ളവളും ആണ്. പക്ഷേ അവൾ ജീവിക്കുന്ന ജൻമിത്തവ്യവസ്ഥിതിയിൽ അവളെ വെറും ഒരു കളിക്കോപ്പായി മാത്രമേ കരുതിയിരുന്നുള്ളു. അവൾക്കതിൽ അമർഷമുണ്ട്. അവളുടെ ഭർത്താവിന് അത് അറിയുകയും ചെയ്യാം. പക്ഷേ സാമൂഹ്യസമ്മർദ്ദങ്ങളുടെ നൂലാമാലകളിൽപെട്ട ആ പാപം നിസ്സഹായനാണ്. അവളുടെ ഭർത്താവ് മരിച്ചപ്പോൾ ഒരു കുടുംബസ്വത്തായാണ് അവളെ അയാളുടെ സഹോദരൻമാർ കരുതിയത്. മറ്റേതൊരു സ്വത്തുംപോലെ അവളേയും പങ്കിടാമെന്നവർ വിശ്വസിച്ചു.

ഈ ബഹുഭർത്തൃത്വജീവിതംകൊണ്ട് മടുത്ത ഭാനി സ്വമനസ്സാലെതന്നെ നാരായണൻെറ വെപ്പാട്ടി ആകാൻ തീരുമാനിച്ചു.

എങ്കിലും ഭർത്താവായ സർവ്വാനെ അവൾക്ക് മറക്കാനായില്ല-സ്വന്തം ഭാര്യയുടെ ദുരിതപൂർണ്ണമായ ജീവിതത്തിന് മൂകസാക്ഷിയായി നിന്നവ നായിട്ടു കൂടി. ഒന്നുണ്ട്, അവന് ദയവുണ്ടായിരുന്നു. വീട്ടുകാര്യങ്ങളിൽ അവളെ സഹായിക്കുമായിരുന്നു. അവൾക്കായി പുതിയൊരു ദുപ്പ ട്ടയോ കുപ്പിവളയോ മറ്റോ വാങ്ങിക്കൊടുക്കാൻ അയാൾ കിണഞ്ഞ് ശ്രമിച്ചിരുന്നു. അയാൾ മരിച്ചതോടെ അവൾ നാരായണന് വിധേയ യായി. പക്ഷേ അവൾക്ക് അവളുടെ കഴിഞ്ഞകാലം മറക്കാനായില്ല. എൻെറ അഭിപ്രായത്തിൽ സുവ്യക്തവും അനുവാചകൻെറ ശ്രദ്ധയിൽ ക്ഷണത്തിൽ പെടുന്നതുമായ വസ്തുതകളുടെ പരിമിതി, ഡോ. ടിവാണ മനഃപൂർവ്വം തിരഞ്ഞെടുത്തതാവണം. അതല്ലായിരുന്നെങ്കിൽ, അവരുടെ ചെറുകഥകളിൽ പ്രകടമാക്കിയ പോലെ, വളരെ വലിയ ഒരു ക്യാൻവാസ് വേണമെങ്കിൽ അവർക്ക് തിരഞ്ഞെടുക്കാമായിരുന്നു. ഒരു നിശ്ചിതവേള യിൽ, നിശ്ചിതമായ ഒരു സാമൂഹ്യചുറ്റുപാടിൽ സ്ത്രീയേയോ, പുരുഷ നേയോ വരച്ചുകാട്ടുകയായിരുന്നില്ല അവരുടെ ലക്ഷ്യം. ശക്തിമത്തായ വികാരഭാവങ്ങൾ അഭിവ്യഞ്ജിപ്പിക്കുകയാണവർ-ആത്മീയാഭിനിവേശം, (ഗുരുദ്വാരകളിൽ ഭാനിക്കുള്ള വിശ്വാസം) തീവ്രമായ പ്രേമം, (സർവനു മായുള്ള ജീവിതത്തെക്കുറിച്ചുള്ള അവളുടെ സ്മരണകൾ) കലുഷമായ വെറുപ്പ്, (തനിക്കു ചുറ്റും തൊലിക്കുതാഴെ മൃഗവുമായി നടക്കുന്നവരുടെ അത്യാഗ്രഹത്തോടുള്ള വെറുപ്പ്) തുടങ്ങിയവ. ഇന്നത്തെ പഞ്ചാബിലെ മാൽവാ പ്രദേശത്തെ ഗാർഹികജീവിതരംഗങ്ങളാണ് അവർ അവതരിപ്പി ക്കുന്നത്. അവരുടെ രണ്ടു നോവലുകളും, ചന്ദനത്തടിയിൽ ദന്തരേ ഖാങ്കിതങ്ങളായി, ദക്ഷിണേന്ത്യൻ ശിൽപികളുടെ ശിൽപചാരുതയോടെ വിരചിതമായ ചെറുവർണ്ണചിത്രങ്ങളാണ്. നേരത്തെ പറഞ്ഞതുപോലെ ഈ പരിമിതികൾ ഡോ. ടിവാണ സ്വയമേവ തിരഞ്ഞെടുത്തവയാണ്. തനിക്കു സുപരിചിതമായ കാര്യങ്ങൾ മാത്രം, മാൽവാഗ്രാമത്തിലെ ഗാർ ഹികജീവിതത്തേയും, സ്വന്തം ഗ്രാമീണ പശ്ചാത്തലത്തേയും കുറിച്ച് മാത്രം, എഴുതാൻ അവർ തീരുമാനിച്ചത് ഉചിതമായി. അത് തികച്ചും സ്വാഭാവികം തന്നെ. തൻെറ ആദ്യകാല ഗ്രാമീണജീവിതത്തിൽ, ജന ങ്ങളുടെ യാതനകൾ കണ്ടു മനസ്സിലാക്കിയതിൽ നിന്ന് അവഹേളന ങ്ങളോടും അധിക്ഷേപങ്ങളോടും ശക്തമായി പ്രതികരിക്കുന്ന കടുത്ത അനുഭവങ്ങൾക്കിരയായ ഒരു കുലീന വ്യക്തിയെയാണ് അവർ അവ തരിപ്പിക്കുന്നത്. 'യേ ഹമാരാ ജീവനാ' ദുഃഖപര്യവസായിയായ ഒരു നോവലാണ്. ദുരന്തപൂർണ്ണമായ ഭാനിയുടെ ജീവിതകഥയാണത്. നാരാ യണന് രണ്ടാം വിവാഹത്തിൽ ഭഗവതിയിൽ ഒരു പുത്രൻ ജനിക്കുന്നത് അവൻെറ ഭാവിയെ സംബന്ധിച്ച് ശുഭോദർക്കമാണെങ്കിലും ഭാനിയു മായി ആത്യന്തികമായി വേർപെടുന്നതിൽ നാരായണൻ സന്തുഷ്ടനല്ല. ഈ നോവലിലെ കേന്ദ്ര കഥാപാത്രം അവളാണല്ലോ. 'ചത്തതിനൊ ക്കുമേ ജീവിച്ചിരിക്കിലും' എന്ന രീതിയിൽ അത്യന്തം വേദനാപൂർണ്ണവും

ദുരിതം നിറഞ്ഞതുമാണ് ഭാനിയുടെ ജീവിതം. കോളെറിഡ്ജിൻെറ 'ഏൻഷ്യൻറ് മറൈനറി'നെപ്പോലെ. ഹാർഡിയുടെ ദുരന്തനോവലുകളെപ്പോലെ, ഡോ. ടിവാണയുടെ നോവലും മാനവയാതനയുടെയും മാനുഷികതിൻമയുടെയും നിഗൂഢത നമുക്കു അഭിമുഖമാക്കി വയ്ക്കുന്നു. ഒരു വ്യക്തിയുടെ സ്വന്തം ഭാഗധേയം, അവന് സ്വാധീനം ചെലുത്താനോ നിയന്ത്രിക്കാനോ കഴിയാത്ത അന്യസംഭവങ്ങളുടെയും ശക്തികളുടെയും കൃപയെയാണ് മുഖ്യമായും ആശ്രയിച്ചിരിക്കുന്നതെന്ന്, ഡോ. ടിവാണ ഈ നോവലിൽ ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നു. ചില നിസ്സാരതെറ്റുകൾ ഭാനിയുടെ ജീവിതത്തിൽ വരുത്തിവയ്ക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ അവർ വരച്ചുകാട്ടുന്നു. നോവലിലെ നിഷ്കളങ്കരും, ദോഷകഥാപാത്രങ്ങളും എല്ലാം ഇതുപോലെ ഈ ശക്തികളുടെ അഥവാ തെറ്റുകളുടെ പരിണിതഫലങ്ങൾക്ക് ഇരയാകുന്നുണ്ട്. വിധിയും സന്ദർഭങ്ങളും ഏൽപ്പിക്കുന്ന ആഘാതങ്ങളോട് അവർക്കുള്ള പ്രതികരണത്തിൽ മാത്രമേ ഏറ്റക്കുറച്ചിലുകൾ ഉള്ളൂ. ഭാനിയുടെ ഈ യാതനകൾക്ക്, ഡോ. ടിവാണ മതിയായ സാമൂഹ്യകാരണം നൽകുന്നില്ല. ഗംഗാനദിക്കരയിൽ വച്ച് ഭാനിയും നാരായണനും ആകസ്മികമായി കൂട്ടിമുട്ടുന്നതിനെ അധികരിച്ചാണ് ഈ നോവലിലെ കഥയാകെ രൂപംകൊണ്ടിരിക്കുന്നത്. സാമൂഹ്യമായ കാരണത്തിൻെറ അഭാവം തന്നയാവാം ഭാനിയുടെ വിധിവൈപരീത്യങ്ങൾക്ക് നിദാനം. പൊതുവായ മാനവീയ സാഹചര്യങ്ങളുടെ കാർക്കശ്യം, നോവൽ ഭംഗിയായി വരച്ചുകാട്ടുന്നു. സാഹചര്യങ്ങളുടെ ചുഴിക്കുത്തിൽ പെട്ടുഴലുന്ന വ്യക്തികളോട് ഡോ. ടിവാണയുടെ സമീപനം, മാനുഷികവും ദയാപൂർണ്ണവുമാണ്. ഭാനിയുടെ ജീവിതം വെറുപ്പുളവാക്കുന്നതും മലീമസവുമാണെങ്കിലും അത് സർവ്വസാധാരണതയ്ക്ക് നിദർശനമാണ്. അടിച്ചമർത്തപ്പെട്ട സ്ത്രീപുരുഷരുടെ ജീവിതങ്ങൾപോലെ മെരുക്കപ്പെട്ടതുമാണ്. ഡോ ടിവാണയുടെ നോവലിൽ പഞ്ചാബിനോവലുകളിൽ സാധാരണമല്ലാത്ത മാനവാഭിമാനത്തിൻെറ വ്യക്തമായ സൂചനയുണ്ട്. ഭാനി ജീവിതത്തിൽ പലപ്പോഴും പരാജിതയാക്കപ്പെട്ടു. എങ്കിലും അവർ ഒരിക്കലും ത്യാജ്യയല്ല. അവൾക്കുചുറ്റും നിർവികാരരായ വ്യക്തികളാണ്. വിധി അനിർവചനീയമായ ഏതോ ലക്ഷ്യം വച്ച്, ക്രൂരമായി അവൾക്കെതിരെ ചക്രവ്യൂഹം പണിയുന്നു. പക്ഷേ അവൾ സധൈര്യം അതിനെ അതിജീവിക്കുന്നു. നാരായണൻ രണ്ടാം വിവാഹത്തെ തുടർന്ന്, ചവച്ചുതുപ്പിയ ചണ്ടിയായി അവളെ പുറന്തള്ളുമ്പോൾ, ഭാനി അവളുടെ സർവവസ്തുക്കളും അവിടെത്തന്നെ ഉപേക്ഷിച്ചിട്ടാണ് വീടുവിട്ടു പോകുന്നത്. വിധി തന്നോട് ദയ കാട്ടില്ലെന്ന് അവൾക്കറിയാം. തനിക്കു താങ്ങായി ഒന്നുമില്ല. എങ്കിലും വരുമ്പോലെവരട്ടെ എന്ന നിശ്ചയദാർഢ്യത്തോടെയാണവൾ മുന്നോട്ട് പോകുന്നത്. ഏതാനും മുഖ്യകഥാപാത്രങ്ങൾ മാത്രമുള്ള ഗ്രീക്ക് ട്രാജഡിയെയാണ് ഈ നോവൽ അനുസ്മരിപ്പിക്കുന്നത്. ഈ കഥാപാത്രങ്ങൾക്കു ചുറ്റും വിധിയുടെ വൈപരീത്യങ്ങളെകുറിച്ച് അഭിപ്രായം പറയാനും, കഥാഗതി മുന്നോട്ട് നയിക്കാനുമായി കുറെ പാത്രങ്ങൾ 'കോറസി'നായി

കാണും. നാരായണനും ഭാനിയുമാണിതിലെ മുഖ്യകഥാപാത്രങ്ങൾ. ബാബെ ശാന്തി, ദിയാലോ, ജഗർ, ബന്താ തുടങ്ങിയ ഒട്ടേറെ അന്യ കഥാപാത്രങ്ങളുമുണ്ട്. ഇതിവൃത്തം സങ്കീർണ്ണമാണെങ്കിലും കഥാതന്തു ലളിതമാണെന്നതാണ് 'യേ ഹമാര ജീവനാ'യുടെ സൗകുമാര്യത്തിന്നാസ്പദം. മെലോഡ്രാമയുടെ സൂത്രപ്പണികളോ, പഞ്ചാബിനോവലുകളിൽ ഇന്ന് സർവസാധാരണശാപമായി മാറിയിട്ടുള്ള റൊമാൻറിസിസത്തിൻേറയും പ്രകൃതിവാദത്തിൻേറയും മിശ്രണമോ ഇതിലില്ല.

ഡോ. ടിവാണ അടുത്തകാലത്ത് അവരുടെ ആത്മകഥ പ്രസിദ്ധീകരിച്ചു. സാധാരണരീതിയിൽ അവരുടെ നോവലുകളുടെ പശ്ചാത്തലം വിലയിരുത്താൻ ഒരു നിരൂപകന് അത് സഹായകമാകേണ്ടതാണ്. എന്നാൽ ഈ ആത്മകഥയാകട്ടെ സംഭവബഹുലമാകയാൽ അവരുടെ ജീവിതത്തെ കുറിച്ച് സ്ഥായിയായ അഭിപ്രായം സ്വരൂപിക്കാനോ, ജീവിതത്തിലെ വാസ്തവികസംഭവങ്ങളും അവരുടെ ഭാവനാവിലാസങ്ങളും തമ്മിലുള്ള ബന്ധം വിലയിരുത്താനോ സഹായകമാകുന്നില്ല. എങ്കിലും ഗ്രാമത്തിലെ സ്വന്തം അനുഭവങ്ങൾ വിവരിക്കുന്ന ചില സംഭവങ്ങളിൽ നിന്ന് അവരുടെ നോവലിലെ പരിമിതികൾ അവർ മനഃപൂർവ്വം സ്വീകരിച്ചവയാണെന്നും, അങ്ങനെ, സ്വന്തം വിഹാരരംഗം ഗ്രാമീണ-ഗാർഹിക ജീവിതത്തിലേക്ക് ഒതുക്കിനിറുത്തിയിരിക്കുകയാണെന്നുംവ്യക്തമാകും. ഈ വിധത്തിൽ മാത്രമേ സ്വന്തം അനുഭവങ്ങൾ തനിക്കു തോന്നിയ രീതിയിൽ വിവരിക്കാനും, തൻെറ ദർശനത്തിൻെറ സത്ത് അനുവാചകരിലേക്ക് പകരാനും അവർക്ക് കഴിയൂ.

ഒരു മാൽവാഗ്രാമത്തിലെ സാമൂഹ്യജീവിതക്രമത്തിൽ സ്വയം വേരൂന്നിനിൽക്കുന്ന സാമൂഹ്യവ്യംഗ്യമാണ്, യേ ഹമാരാ ജീവനാ എന്ന അവരുടെ നോവൽ. ഒരുകൂട്ടം ആളുകളുടെ സാമൂഹ്യബന്ധമാണിതിലെ പ്രതിപാദ്യം. ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളും അത് വ്യക്തമാക്കുന്നു. കൂട്ടത്തിനുള്ളിൽ പ്രത്യേക വ്യക്തികൾ തമ്മിലുള്ള ബന്ധം മൂന്നാം അദ്ധ്യായം വിവരിക്കുന്നു. അവസാനത്തെ അദ്ധ്യായത്തിൽ വരികൾക്കിടയിലൂടെ വായിക്കുന്ന ഒരനുവാചകന്, ആത്മവഞ്ചനകളും, ഉദ്ദേശങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നതും സാധാരണ ഗ്രാമീണരുടെ ചാപല്യങ്ങളും വിദ്ധ്വഷിത്തവും, തുടർന്നുള്ള അനിർവാര്യമായ യാതനകളും എല്ലാം മനോമുകുരത്തിൽ പ്രതിബിംബിച്ച് കാണാൻ കഴിയും. സമൂഹത്തിന് ദോഷികളായ ചില കഥാപാത്രങ്ങൾ ഇതിലുണ്ട്. ജഗാറെപ്പോലുള്ള കൃത്രിമ സ്വഭാവഗുണക്കാർ മറ്റുള്ളവർക്ക് വിന വരുത്തുന്നതിൽ ആനന്ദം അനുഭവിക്കുന്നവരാണ്.

അനന്യസാധാരണമായ മനോവിജ്ഞാനീയം ഡോ. ടിവാണ സ്വായത്തമാക്കിയിട്ടുണ്ട്. ഫ്രോയിഡോ, യുങ്ങോ, അഡ്ലറോ വായിച്ചതിൽ നിന്ന് നേടിയതല്ല ഈ ശേഷി. കടുത്ത സ്വകീയാനുഭവങ്ങളിൽനിന്ന് വാർത്തെടുത്തവയാണത്. വിഭിന്ന വ്യക്തികളേയും സ്ഥാനങ്ങളേയും അവതരിപ്പിക്കുമ്പോൾ, ഈ മനോവിജ്ഞാനം അവർ പ്രകടിപ്പിക്കുന്നുണ്ട്. ഏതെങ്കിലും ഒരദ്ധ്യായം--പ്രത്യേകിച്ചും ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങ

ൾ--ശ്രദ്ധാപൂർവ്വം വായിച്ചാൽ, ഓരോ അദ്ധ്യാത്തിലേയും രംഗങ്ങൾ, പിന്നീടുള്ള അദ്ധ്യായങ്ങളിലെ വ്യക്തികളെ മനസ്സിലാക്കാൻ എത്ര മാത്രം ആവശ്യമാണെന്നും ഓരോ അദ്ധ്യായവും, കഥാഗതിയിലെ ഇണക്കുപാലങ്ങളായി വർത്തിക്കുന്നതെങ്ങനെയെന്നും, തികച്ചും വ്യത്യസ്തമായ ഒരു സാമൂഹ്യരംഗം വർണ്ണിക്കുന്ന മറ്റൊരദ്ധ്യായത്തെ അത് കൂട്ടിയിണക്കുന്നതെങ്ങനെയെന്നും മനസ്സിലാക്കാൻ കഴിയും.

വളരെയേറെ വായിച്ചിട്ടുള്ള വ്യക്തിയാണ് ഡോ. ടിവാണ. മുൻഗാമികളിൽനിന്ന് അവർ വളരെയേറെ പഠിച്ചിട്ടുണ്ട്. ഭാനിയുടെ ചഞ്ചലതയും ആത്മവഞ്ചനയും ഭായി ഹർസിംഗിൻെറ അർപ്പണബോധമുള്ള ചില നായികമാരെ അനുസ്മരിപ്പിക്കുന്നു. എന്നാൽ അവർ, ഗുരുബാണി പ്രചരിപ്പിക്കുകയോ, ഭായിവീർസിംഗിൻെറ മാനസികവിക്ഷോഭം പ്രദർശിപ്പിക്കുകയോ ചെയ്യുന്നില്ല. ഡോ. ടിവാണ ഗഹനമനഃശാസ്ത്രപടുവാണ്. അതുപോലെതന്നെ സൂക്ഷ്മദൃക്കായ കലാകാരിയും. നാനക്സിംഗിനെപ്പോലെ സാമൂഹ്യാവബോധം പുലർത്തുന്നുണ്ട്. പക്ഷേ ഹൃദയം കുപ്പായക്കീശയിലേന്തി നടക്കുകയല്ല. ആത്മാവിൻേറയും ശരീരത്തിൻേറയും നഗ്നതയ്ക്കാണവർ പ്രാമുഖ്യം നൽകുക. കർത്താർസിംഗ് ദുഗ്ഗലിൻെറ നോവലുകളിൽ സാധാരണ കാണുന്ന രീതിയിൽ, അവരുടെ നോവലുകളിൽ പ്രത്യേക രൂപമൊന്നുമില്ല. അവരുടെ നോവലുകളിലെ രതിവർണ്ണനാരംഗങ്ങൾ, ദുഗ്ഗലിൻെറ ചില നോവലുകളെ അനുസ്മരിപ്പിച്ചേക്കാം. എന്നാൽ അവർ സെക്സ് നോവലിസ്റ്റല്ല. അതീവ നിയന്ത്രണത്തോടും, കരുതലോടും, സ്വാഭാവികതയോടുമാണ് അവർ സെക്സ് കൈകാര്യം ചെയ്യുന്നത്. ദുഗ്ഗലിന് ഇത് കാണാൻ കഴിയില്ല.

സന്ത്സിംഗ് സെഖോൺ ആണ് നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും വിഖ്യാതനായ നിരൂപകൻ. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ടിവാണ, പുതിയൊരു സരണിയുടെ ഉടമയാണ്. പഞ്ചാബി നോവലിസ്റ്റുകളുടെ നാലാം തലമുറയിൽപെടുന്നവൾ. ഭായിവീർസിംഗിൽനിന്നാരംഭിച്ച്, ശൈശവത്തിൽ നാനക്സിംഗിൻെറ പരിലാളനയിൽ വളർന്ന നോവൽ സാഹിത്യം, നരുലാ, ദുഗ്ഗൽ തുടങ്ങിയവരുടെ കാലത്താണ് പ്രായപൂർത്തി പ്രാപിച്ചതെന്നാണ് സെഖോൺ പറയുന്നത്. അവർ നല്ല വിളവെടുപ്പാണ് നടത്തിയത്. ഭാവിയിലെ മികച്ച വിളവെടുപ്പിന് ഉതകുന്ന വിത്തുകൾ അവർ ലഭ്യമാക്കുകയും ചെയ്തു. ഡോ ടിവാണയുടെ നോവലുകളായ 'യേ ഹമാരാ ജീവന'യും, 'അഗ്നി പരീഖ'യും തീർച്ചയായും അവർക്ക് ദായക്രമത്തിൽ ലഭിച്ച മേനികൂടിയ വിത്ത് പഞ്ചാബിലെ ഫലഭൂയിഷ്ഠമായ മാൽവാപ്രദേശത്തെ മണ്ണിൽ അവർ നട്ടുവളർത്തി കൊയ്തെടുത്ത ഫലങ്ങളാണ്.

സുരീന്ദ്ർസിംഗ് നരുല

ലുധിയാന,
30-5-1981.

ഇതാണ് നമ്മുടെ ജീവിതം

ഒരു കൊച്ചുഗ്രാമം. വലുതും ചെറുതുമായി ഏതാനും വീടുകൾ. കുണ്ടും കുഴിയുമായി വളഞ്ഞുപുളഞ്ഞു കിടക്കുന്ന അവിടുത്തെ ഇടവഴി. അതിന്റെ അറ്റത്ത് ആദ്യം കാണുന്നത് (വലിയ മുറ്റമുള്ള) കുടിയൻ നാരായണന്റെ വീടാണ്.

ഭാനു വീട് തൂത്തുവാരുകയായിരുന്നു.

"സന്തിയമ്മേ, നിങ്ങൾ വല്ലതും കേട്ടോ? കുടിയൻ നാരായണൻ ഗംഗയിൽ കുളിക്കാൻ പോയിട്ട് തിരിച്ചെത്തിയത് ഒരു പെണ്ണിനെയും കൊണ്ടാണ്." ദയാലോ തലയിലെ ചാണകവറളിനിറച്ച കുട്ട സന്തി യുടെ വാതിൽക്കൽ ഇറക്കിയിട്ട് പറഞ്ഞു.

"ഉവ്വ് മകളെ, ഗംഗാമാതാവ് എല്ലാവരുടേയും ആഗ്രഹം സാധിച്ചു കൊടുക്കുന്നു". സന്തി ചെരുപ്പുകുത്തിയുടെ മകന് മോരു കൊടുത്തു കൊണ്ടു പറഞ്ഞു.

"നല്ല ഒത്ത പെണ്ണാണ് അവൾ. ആരുടേയോ കുടുംബം തകർത്തിട്ട് എത്തിയതാണ്." തന്റെ മകനെ സ്കൂളിലയക്കാൻ മുടി ചീകിക്കൊണ്ട് ബച്നി പറഞ്ഞു.

"ഞാൻ ചുവരിനിടയിൽ കൂടി ഒന്നെത്തിനോക്കി. അവൾ നല്ല ഉത്സാ ഹമായിട്ട് പണിയെടുക്കുന്നു. അച്ഛൻ വിവാഹം ചെയ്തയച്ച വീടാ ണെന്നു തോന്നും." ദയാലോ അർത്ഥം വച്ച് പറഞ്ഞു.

"പിന്നല്ലാതെന്താ? ഇവളുമാർക്കു എവിടാ നാണം? ദിവസവും ഭർ ത്താക്കൻമാരെ മാറുന്നവർക്ക്." ബച്നി മകന്റെ മുടി ചീകിക്കെട്ടിയിട്ട് പറഞ്ഞു.

"അമ്മാ മുടിയിട്ട് വലിക്കാതെ." കുട്ടിക്ക് കരച്ചിൽ വന്നു.

"ഇല്ലെടാ, ഒക്കെ മുകളിലിരിക്കുന്ന ആളിന്റെ തീരുമാനം. നിമിഷ നേരം കൊണ്ട് വീണ്ടും തലയിൽ മുടി പാറിക്കളിക്കും."

"എടീ ബച്നീ, ഇവൾ എന്തു മാരണമാ കാട്ടുന്നതെന്നു നമുക്കെ ങ്ങനെയറിയും! അല്ലെങ്കിൽ ആരെങ്കിലും സ്വന്തം വീടുവിട്ടിട്ട് വരുമോ? സന്തി ചോളമണികൾ കൈയിൽ വച്ചു പൊടിച്ചുകൊണ്ട് പക്ഷികൾക്കു തീറ്റ ഉണ്ടാക്കുകയായിരുന്നു.

"പോട്ടെ അമ്മേ ഇക്കാലത്ത് ബുദ്ധിഭ്രമം വരാൻ സമയം വല്ലതും വേണോ? ആ നെയ്ത്തുകാരൻ ഉത്തമന്റെ മകളുടെ കാര്യം തന്നെ

എടുക്കുക. അച്ഛനമ്മമാർക്ക് ഇനി വെളിയിൽ മുഖം കാണിക്കാനൊക്കുമോ?" ദയാലോ പറഞ്ഞു.

ഭാനു തവിയുമെടുത്തുകൊണ്ട് വരുന്നതുകണ്ട് എല്ലാവരും അവളെത്തന്നെ തുറിച്ചു നോക്കി.

"അമ്മാ, തീയുണ്ടോ." ഭാനു സന്തിയുടെ അടുക്കളവാതിൽക്കൽ നിന്ന് അടുപ്പിലേക്കുനോക്കിക്കൊണ്ട് ചോദിച്ചു.

"ഉണ്ട് ഇഷ്ടംപോലെ." എന്നുപറഞ്ഞിട്ട് സന്തി അവളെത്തന്നെ നോക്കി.

ദയാലോ കടക്കണ്ണുകൊണ്ട് നോക്കിയിട്ട് കുട്ട കൊണ്ടുവയ്ക്കാൻ പോയി.

ബച്നി കുട്ടിയെ ചീകി ഒരുക്കിയിട്ട് ചീപ്പിൽ പേൻതപ്പി.

ഭാനു തീയും കൊണ്ട് തിരിച്ചുപോയി.

"സന്തിയമ്മേ, നാരായണൻെറ ഭാര്യ പഴയവേഷമാണല്ലൊ ഇട്ടിരിക്കുന്നത്." ബച്നി ചീപ്പ് വൃത്തിയാക്കിക്കൊണ്ട് പറഞ്ഞു.

"മോളെ ബച്നി, സത്യം പറയണമല്ലൊ കാഴ്ചയ്ക്ക് ആള് വെറും പാവമാണെന്നു തോന്നുന്നു."

"അമ്മാ, നിങ്ങൾക്കു ഇക്കൂട്ടരെ അറിയില്ല. വലിയ സൂത്രക്കാരാണ്. ഇവർ പാവമായിരുന്നെങ്കിൽ ഭർത്താവിൻെറ കൂടെ പോകുമായിരുന്നു."

"അതൊക്കെ ബച്നി, ഈശ്വരന് അറിയാം. പക്ഷേ ഈ പ്രായത്തിൽ പെണ്ണുങ്ങൾ ഇങ്ങനെ ആരുടേയും കൂടെ ഇറങ്ങി തിരിക്കില്ല. ബുദ്ധികുറഞ്ഞവരുടെ കാര്യം വേറെ. ഇളംപ്രായത്തിൽ വഴിതെറ്റും. പക്ഷേ ഇവൾ നല്ല പ്രായപൂർത്തിയായവളാണല്ലൊ. എനിക്കു തോന്നുന്നത്, ഒരു മുപ്പതുവയസ്സ് പ്രായം ഉണ്ടാകുമെന്നാണ്."

"പോട്ടമ്മാ, എന്തായാലും കുടിയൻ നാരായണൻെറ ഭാഗ്യം. ഇനി രണ്ടുനേരം ശരിക്കു ആഹാരം കഴിക്കാമല്ലൊ. അഞ്ഞൂറു രൂപ കൊടുത്തിട്ട് ചെറുപ്പത്തിൽ ഇയാൾ വിവാഹം കഴിച്ചതാണെന്നു പറയുന്നു."

"ശരി, പക്ഷേ ഈ മണ്ടനെ അവൾ ചതിക്കുകയായിരുന്നു. അവൾ രണ്ടുമാസം പോലും ഇവൻെറ കൂടെ കഴിഞ്ഞില്ല. കൊള്ളരുതാത്തവളായിരുന്നുവെന്ന് അവൻ പറയുന്നു. പണം വാങ്ങിയിട്ട് അച്ഛനമ്മമാർ ആരുടെയെങ്കിലും കൂടെ അവളെ പറഞ്ഞയക്കും. പിന്നെ രണ്ടുമാസത്തിനകം അവൾ വീട്ടിൽ തിരിച്ചുചെല്ലും. പിന്നെ പണം വാങ്ങി വേറെയാരുടെയെങ്കിലും കൂടെ പറഞ്ഞയക്കും. ഇതായിരുന്നു അവളുടെ തൊഴിൽ."

"അമ്മാ കൊള്ളരുതാത്ത മാതാപിതാക്കൾ ശത്രുക്കളാണ്. ഞാൻ ഒരിക്കൽ എൻെറ വീട്ടിൽ പഞ്ഞി കടയുകയായിരുന്നു. ഗ്രാമത്തിലെ പുതിയ ക്ഷുരകൻ ആ വഴികടന്നുപോയി. വെള്ളം കുടിക്കാനായി അയാൾ അങ്ങോട്ടു വന്നു. ഏതോ ആലോചനയും കൊണ്ടായിരുന്നു കക്ഷിയുടെ വരവ്. എൻെറ നേരെ നോക്കി അയാൾ പറഞ്ഞു. 'ഇതുപോലത്തെ നല്ല പെൺകിടാങ്ങൾക്കു രണ്ടായിരം രൂപാ കൊടുക്കാൻ

പോലും ആളുകൾ തയ്യാറാവും. പക്ഷേ അവർ അഞ്ഞൂറുരൂപായിൽ ഒരു പൈസാ പോലും കൂടുതൽ തന്നിട്ടില്ല." എന്റെ അമ്മയ്ക്കു കാര്യം അറിയാമായിരുന്നു. അവർ ദേഷ്യപ്പെട്ട് പറഞ്ഞു, 'എന്റെ മകളുടെ കാര്യം നീ അന്വേഷിക്കേണ്ട. ഞങ്ങൾ കഷ്ടകാലത്തും പെൺകുട്ടികളെ നല്ലനിലയിൽ വിവാഹം കഴിച്ചിട്ടുണ്ട്. ഇപ്പോൾ ഈശ്വരൻ പ്രസാദിച്ച് ഞങ്ങൾക്കൊരു കുറവുമില്ല."

'അല്ല അമ്മച്ചീ, ഞാൻ അതല്ല ഉദ്ദേശിച്ചത്. ഞാൻ ഒരു പൊതുനിലവാരം പറഞ്ഞതാണ്.' അയാൾ പറഞ്ഞു.

"മോളെ ഇങ്ങനെയാണ് കുടുംബത്തിന്റെ വലിപ്പം അളക്കുന്നത്."

സന്തി കൊടുത്ത തീറ്റ തിന്നാനായി അനേകം പക്ഷികൾ പറന്നെത്തി.

ബച്നി വലിയ വീട്ടിലെ പെണ്ണിന്റെ ഗമയിൽ സാരികൊണ്ട് തല മൂടി കടന്നുപോയപ്പോൾ പക്ഷികൾ പേടിച്ചു പറന്നു പോയി. അവ പാരപ്പെറ്റിലും ഭിത്തിയിലും ചെന്നിരുന്നു.

അവൾ പോയി കഴിഞ്ഞപ്പോൾ പക്ഷികൾ വീണ്ടും തീറ്റതിന്നാനായി തിരിച്ചെത്തി. വീട്ടുജോലിഒക്കെ കഴിച്ചിട്ട് സന്തി ഭിത്തിയുടെ അങ്ങേവശത്തുകൂടി ഭാനുവിന്റെ വീട്ടിലേക്കു നോക്കി. പിന്നെ എന്തുകൊണ്ടെന്നറിയില്ല, മടിച്ചു മടിച്ച് അങ്ങോട്ട് ചെന്നു.

ഭാനു പാത്രം തേയ്ക്കുകയായിരുന്നു.

"അല്ല മോളെ, നീ വന്നയുടൻ തന്നെ ജോലി തുടങ്ങിയോ? ഒന്നു രണ്ടുദിവസം വിശ്രമിക്ക്."

"എന്തു പറയാനാ അമ്മാ, വീട് മുഴുവൻ വൃത്തികേടായികിടക്കുകയായിരുന്നു."

"മോളെ വീട് നന്നാവുന്നത് സ്ത്രീകളെക്കൊണ്ടാണ്. പാവം നാരായണന്റെ കാര്യം നോക്കാൻ ഇവിടെ ആരാ ഉണ്ടായിരുന്നത്! അവന്റെ അമ്മ അവന്റെ കുട്ടിക്കാലത്തു തന്നെ മരിച്ചു. ഒരു സഹോദരി ഉള്ളത് യു.പി യിലോ മറ്റൊ ആണ്. അച്ഛൻ മരിച്ചതിൽ പിന്നെ അവന്റെ കാര്യം നോക്കാൻ ആരുമില്ല. ചീത്തകൂട്ടുകെട്ടിൽപെട്ട് ദുശ്ശീലങ്ങൾ പഠിച്ചു. ഭൂമി പണയം വച്ചിട്ട് ഒടുവിൽ വില കൂടിയപ്പോൾ അതിൽ കുറച്ചുഭാഗം മാത്രമേ തിരിച്ചു കിട്ടിയുള്ളു. ചീത്തക്കാലമാണ് അയാൾക്ക്. ഇപ്പോൾ നീ ബുദ്ധിമതിയായതുകൊണ്ട് ഒക്കെ നോക്കി കണ്ട് ചെയ്യുന്നു. ആരും അങ്ങനെ അവനെ കറക്കിയടിക്കാൻ വരുന്നില്ല."

"ഇരിക്കൂ അമ്മാ," ഭാനു പലക കൊടുത്തിട്ട് പറഞ്ഞു.

"പോട്ടെ മോളെ, ഒരുപാടു ജോലിയുണ്ട്. പുറത്ത് ആഹാരം കൊണ്ടു കൊടുക്കുകയും വേണം. 'നാരായണന്റെ ഭാര്യ എന്തു ചെയ്യുകയാണ്' എന്നറിയാമെന്നു കരുതി ഇങ്ങോട്ടു കയറിയതാണ്. ഈശ്വരൻ നിനക്കു നൻമ വരുത്തട്ടെ. ആട്ടെ നിന്റെ വീടെവിടെയാണ്?"

"വീട്...... വീട് ഭസിയിലെ കോട്ലയിലാണ്." ഭാനു ചാരം പുരണ്ട കൈകഴുകിയിട്ട് പറഞ്ഞു.

"അപ്പോൾ നല്ല പട്ടണത്തിലെയാണല്ലൊ നീ. രാവിലെ നീ തീയ് വാങ്ങിക്കാൻ വന്നപ്പോൾ തന്നെ ഞാൻ തീരുമാനിച്ചതാണ്, നീ കണ്ട

കച്ചടാ ഗ്രാമത്തിലെയൊന്നുമല്ല എന്ന്."

"പട്ടണത്തിൽ സ്വന്തമായിട്ട് എന്തുണ്ട് അമ്മാ. ആകെക്കൂടി ഒരു സഹോദരനുണ്ടായിരുന്നു. അവനെ ഈശ്വരൻ തിരിച്ചു വിളിച്ചു." ഭാനുവിൻെറ കണ്ണു നിറഞ്ഞു.

"അങ്ങനെയോ! അതു അത്ഭുതം തന്നെ. എന്തുപറ്റി അവന്?"

"എന്തുപറ്റാനാണ് ദുർഭാഗ്യം. ഉത്സവക്കാലത്ത് കൂട്ടുകാരുമൊത്ത് അവൻ മദ്യം കഴിച്ചു. ഏതോ കട്ടികൂടിയ നാടൻ ചാരായമായിരുന്നു അത്. ഒറ്റവലിക്ക് അവൻ കുടിച്ചു തീർത്തു. നേരിയ പനി പിടിച്ചു. ഒരു വർഷം മുഴുവൻ പാവം കഷ്ടപ്പെട്ടു."

"നിങ്ങൾ ലുധിയാനായിൽ കൊണ്ടുപോയി കാണിച്ചില്ലേ, അവിടെ ഒരു വിദേശി ഡോക്ടർ ഉണ്ടല്ലോ. ഫീസ് നല്ലതുക വാങ്ങും, പക്ഷേ രോഗിയെ വേഗം സുഖപ്പെടുത്തും."

"കാണിച്ചു അമ്മേ, പക്ഷേ രോഗം മൂർച്ചരിച്ചുകഴിഞ്ഞാൽ എന്തു ചെയ്യാൻ കഴിയും! കൃഷിഭൂമി ഉപേക്ഷിക്കേണ്ടിവന്നു. അതിൽ നിന്നും കാര്യമായൊന്നും കിട്ടിയില്ല. ചികിത്സക്കായി വീടുമുഴുവൻ നഷ്ടപ്പെടുത്തേണ്ടി വന്നു. ഈ ഒരാപത്ത് ഈശ്വരൻ ശത്രുക്കൾക്കുപോലും വരുത്തരുതേ."

"അതെ മോളെ, എല്ലാവരും നമ്മുടെ സമ്പത്തുകാലത്ത് സുഹൃത്തുക്കളാവും. ആപത്തുകാലത്ത് ആരും കാണില്ല."

"കോടതി വ്യവഹാരവും സുഖക്കേടും ആർക്കും ഉണ്ടാവരുത് എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അവൻെറ ഒരുത്തൻെറ അസുഖംകൊണ്ട് ഞങ്ങൾ കാൽക്കാശിനു വകയില്ലാത്തവരായിത്തീർന്നു. ആദ്യം എരുമയെ വിറ്റു. പിന്നെ കാളയെ. കൃഷിയിറക്കുന്ന സമയം. ജോലി കഴിഞ്ഞിട്ട് പണിക്കാർ വന്നപ്പോൾ അച്ഛൻ യാതൊന്നും കഴിക്കാതെ മിണ്ടാതെ അകത്തുപോയി കിടന്നു."

"അതെ ഭാനു, മണ്ണാണ് ജാട്ടിൻെറ പ്രാണൻ."

"പയ്യനെ ദില്ലിയിൽ കൊണ്ടുപോയി കാണിക്കാൻ ആരോ പറഞ്ഞു. കൈയിലാണെങ്കിൽ ചില്ലിക്കാശുപോലും ഇല്ല. പരിചയക്കാരോട് നേരത്തെതന്നെ കടം വാങ്ങിയിട്ടുണ്ടായിരുന്നു. നിവൃത്തിയില്ലാതെ അച്ഛൻ എൻെറ വിവാഹം ഉറപ്പിച്ചു. പയ്യൻ എങ്ങനെയെങ്കിലും രക്ഷപ്പെടട്ടെ എന്നുവച്ച്. പക്ഷേ അവനെങ്ങനെ രക്ഷപ്പെടും. അവൻ അന്ത്യശ്വാസം വലിച്ചുകൊണ്ടിരുന്നു." ഭാനു ചിരമുറിച്ചു കൊണ്ട് ഇത്രയും പറഞ്ഞു.

"നാരായണൻ എന്തു തുക തന്നു?" സന്തി ചോദിച്ചു.

"എന്തിന്? ഞാൻ മോറാവുകാരുടെ കാര്യമാണ് പറഞ്ഞത്. മോറാവിലാണ് എന്നെ വിവാഹം കഴിച്ചയച്ചത്."

"ഓഹോ!"

"സർബൻ എന്നായിരുന്നു അയാളുടെ പേര്. എന്തു പറയാനാ അമ്മാ, അയാളെപ്പോലെ വേറൊരാൾ ഉണ്ടാകുകയില്ല." ഭാനു ദീർഘശ്വാസം വിട്ടു.

"പിന്നെ എന്തുപറ്റി മകളെ? ഞാൻ നേരത്തെതന്നെ പറഞ്ഞതാണ്

ഇവൾ സാധാരണ പെണ്ണല്ല. അങ്ങനെയുള്ളവരുടെ കെട്ടുംമട്ടും ഒന്നു വേറെയാണ്."

"അവർ അഞ്ചു സഹോദരൻമാരുണ്ടായിരുന്നു. അതിൽ വിവാഹിതനായ ഏക ആൾ അദ്ദേഹമായിരുന്നു. തൂണുപോലുള്ള അവരഞ്ചും അവസരത്തിലും അനവസരത്തിലും അങ്ങുമിങ്ങും നോക്കി നടക്കും."

"അതു പിന്നെ അങ്ങനെയല്ലേ. സ്ത്രീ ജാതി ചീത്തയാണ്. സീതയുടെ ശാപവും കൊണ്ടാണ് എല്ലാവരും ജനിക്കുന്നതു തന്നെ. പരഗൃഹം കാണാത്തവളാണു നല്ലവൾ." സന്തി ഒരു പെൺപട്ടിയെ വിളിച്ചുകൊണ്ടു പറഞ്ഞു.

"ഞാൻ സർബനോട് കാര്യം പറഞ്ഞു. അയാൾ പ്രത്യേകം വീടെടുത്തു എന്നെ താമസിപ്പിച്ചു. നിങ്ങളും അയാളെ പ്രശംസിക്കും. ഒരു വർഷം ഞങ്ങൾ ആ വീട്ടിൽ സുഖമായി താമസിച്ചു. പലപ്പോഴും അയാൾ ദേഷ്യപ്പെടാറുണ്ട്. പക്ഷേ ഞാൻ ചെരിപ്പെടുത്ത് അടിക്കും." ഭാനു ചീര ഒരു മൂലയ്ക്ക് വച്ചിട്ട് പറഞ്ഞു .....'' പിന്നീട് ഒരു ദിവസം വെള്ളത്തിൻെറ കാര്യത്തിനു അയൽപക്കക്കാരുമായി അയാൾ വഴക്കുണ്ടാക്കി. അവർ പാവത്തിനെ ദേഹോപദ്രവമേൽപ്പിച്ചു. പെട്ടെന്നു കിടപ്പായി. അനേകം ഡോക്ടർമാരുടെയും വൈദ്യൻമാരുടെയും അടുത്തു പോയി നോക്കി. ഒരു ഫലവുമുണ്ടായില്ല. ഒടുവിൽ പത്താംദിവസം വൈകീട്ട് ബോധം കെട്ടു. അന്നുരാത്രിതന്നെ മരിക്കുകയും ചെയ്തു." പറഞ്ഞുതീർന്നപ്പോൾ ഭാനുവിൻെറ കണ്ണിൽനിന്നും കണ്ണുനീർ പ്രവഹിച്ചു.

"കരയാതെ, ഈശ്വരൻെറ മുമ്പിൽ ആരുടെ ശക്തിയും നടപ്പില്ല. നിനക്കറിയാമോ നല്ല ഒത്ത ഒരു മകനെ നഷ്ടപ്പെട്ടവളാണ് ഞാൻ. ബെഗ്ഗുക്ക് പത്തൊൻപതു വയസ്സേ ഉണ്ടായിരുന്നുള്ളു. എന്ത് ഐശ്വര്യമുള്ള മുഖം. പെട്ടെന്നു പനി പിടിച്ചു. നാലു ദിവസം കഴിഞ്ഞു മരിച്ചു. വളരെനേരം കരഞ്ഞു. വീട്ടുപടിക്കൽ എത്തിച്ചേർന്ന ഐശ്വര്യം മടങ്ങിപ്പോകുന്നതു നിസ്സാരകാര്യമൊന്നുമല്ല. അന്നുതൊട്ട് പല തൊഴിലുകളും ചെയ്തുനോക്കി. ജീവിച്ചിരിക്കുമ്പോൾ ഒന്നും നമ്മെ വിട്ടുപോവില്ല, മരിക്കുന്നവർ മാത്രം നമ്മിൽ നിന്നു അകന്നു പോകും." സന്തി കണ്ണുതുടച്ചുകൊണ്ട് പറഞ്ഞു.

"അയാൾക്കു വേറെയും സഹോദരൻമാരുണ്ട്. അതിൽ ആരെയെങ്കിലും സ്വീകരിച്ചാൽ മതിയെന്നു പലരും പറഞ്ഞു. എൻെറ കൺമുമ്പിലാണെങ്കിൽ എന്നും ചിത ആളിക്കത്തുകയാണ്. അമ്മാ, നിങ്ങളോടു പറയാമല്ലൊ, സർബനെ അങ്ങനെ മറന്നു കളയാൻ പറ്റില്ല. അയാളെ ഓർത്ത് ഞാൻ അസ്വസ്ഥയാകാറുണ്ട്. പലപ്പോഴും തോന്നുകയുണ്ടായി, ഞാൻ കാരണമാണ് അദ്ദേഹത്തിൻെറ ജീവൻ നഷ്ടപ്പെട്ടത്, ഞാൻ ഇല്ലായിരുന്നെങ്കിൽ അവർ സഹോദരൻമാർ തമ്മിൽ വഴക്കിടില്ലായിരുന്നു. അയാൾ മരിക്കുകയുമില്ലായിരുന്നു എന്നൊക്കെ." ഭാനുവിൻെറ വിരൽ ചീര അരിഞ്ഞു കൊണ്ടിരുന്നതിനിടയിൽ അൽപം മുറിഞ്ഞു. അവൾ മറ്റെ കൈകൊണ്ട് വിരൽ അമർത്തി. "കണ്ടില്ലേ, കൈ മുറിഞ്ഞു. നല്ല മൂർച്ച കാണും." സന്തി ചോദിച്ചു.

“മൂർച്ച കൊണ്ടല്ല. എങ്ങനെയോ കൊണ്ടുപോയതാവും.”

“നീ മനസ്സു വിഷമിക്കാതെ ഭാനു. ഏതു കാര്യവും നടക്കേണ്ടതു പോലെ നടക്കും. തലയിലെഴുത്ത് ആർക്കു തടുക്കാൻ കഴിയും? നാം ഈശ്വരനെ കുറ്റം പറഞ്ഞിട്ടുകാര്യമില്ല. തെറ്റ് നമ്മുടേതാവും.”

“അമ്മാ പിന്നീട് എനിക്ക് ആ സ്ഥലവുമായി എന്തുബന്ധം? അയാളും മരിച്ചു. സഹോദരൻമാർ പറഞ്ഞു, ‘ഞങ്ങളുടെ വീട്ടുമര്യാദ അനുസരിച്ച് നിങ്ങൾ പുറത്തുപോകാൻ പാടില്ല.”

“നാരായണൻ വരുന്നെന്നു തോന്നുന്നു. ആട്ടെ ഞാൻ പോകട്ടെ. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാനിവിടെ അടുത്തുണ്ട്. ഇവിടെ നിന്നും വിളിച്ചു പറഞ്ഞാൽ മതി.” സന്തി വാതിൽ കടന്നു. അപ്പോൾ അവൾ നാരായണനെ കണ്ടു. “സന്തിചേച്ചി വരൂ, ഇങ്ങനെയങ്ങു പോയാലോ?”

“നിനക്കു ഈശ്വരൻ നൻമവരുത്തട്ടെ. നിന്റെ ഭാര്യയെ ഒന്നു കാണാൻ ഇത്രടം വന്നതാണ്.”

“ആട്ടെ, ഇഷ്ടപ്പെട്ടോ?”

“പാവം, നല്ലവൾ.”

“നല്ലതായാലും ചീത്തയായാലും ഗംഗാമാതാവ് തന്നതാണ്.”

“നീ ആർക്കും പണം കൊടുത്തിട്ടല്ലേ, സത്യം പറയൂ.”

“പശുവാണേ ചേച്ചി, ഗംഗാമാതാവ് തന്നതാണ്.”

“എങ്കിൽ അതുകൊള്ളാം. ഇനി നീ കരുതി ജീവിക്കണം. മുമ്പത്തെപ്പോലെ പോരാ. വീടും കുടിയും തുടങ്ങിയില്ലേ?”

“അവളെ എനിക്കുതന്നെ വളരെയൊന്നും ഇഷ്ടപ്പെട്ടതല്ലായിരുന്നു.”

“അതാണ് അതിനെപ്പറ്റിയൊന്നും കേൾക്കാത്തത്. അല്ലായിരുന്നെങ്കിൽ എവിടാ പോയതെന്നു അറിഞ്ഞേനേ.”

“ചേച്ചിക്കറിയാമല്ലൊ. പശുക്കളെ എപ്പോഴെങ്കിലും കുറ്റിയിൽ കെട്ടിയിടാറുണ്ടോ?”

“കൂടുതലെന്തു പറയാനാ! നിന്റെ ഭാര്യ നല്ലവളാണ്.”

“അതുകൊണ്ടാണു കൊണ്ടുവന്നത്. അന്യഥാ എനിക്കു പ്രായമായില്ലേ.”

“ഈശ്വരൻ നിങ്ങൾക്കു ഐശ്വര്യം വരുത്തട്ടെ. പ്രായവും ഒന്നും സാരമില്ല.”

“ഇന്നു കുളത്തിലെ വെള്ളം എങ്ങനെയുണ്ട്?” നാരായണൻ വിഷയംമാറ്റിക്കൊണ്ടു ചോദിച്ചു.

“കുളം കുഴിപ്പിക്കണം, എങ്കിലേ വെള്ളം കിട്ടൂ.”

ക്രമേണ വിളക്കു മന്ദംമന്ദം അണഞ്ഞു. കറുത്തിരുണ്ട തണുപ്പുള്ള രാത്രി. ഭയപ്പെടുത്തുന്ന അന്തരീക്ഷം. ഇരുട്ടത്തു എലികൾ പാത്രം തട്ടിയിടുന്ന ശബ്ദം ഇടയ്ക്കിടെ കേൾക്കാം. ഒരിടത്തു കെട്ടിയിട്ട എരുമയുടെ രണ്ടുകണ്ണുകളും തിളങ്ങുന്നതു കാണാം. മേൽക്കൂര തന്റെമേൽ വീഴുന്നപോലെ ഭാനുവിനു തോന്നി. അവൾ അടുത്തു കട്ടിലിൽ കിടന്ന നാരായണനെ പിടിച്ചു കുലുക്കി "നിങ്ങൾ ഉറങ്ങിയോ?"

“ഇല്ല. എന്താ കാര്യം?”

"കാര്യമൊന്നുമില്ല. ഇരുട്ടത്ത് എനിക്കു പേടിയാവുന്നു."

"വീട്ടിൽ ആളുള്ളപ്പോൾ എന്തിനാ പേടിക്കുന്നേ, ഉറങ്ങൂ."

"ആദ്യം എനിക്കു പേടിയില്ലായിരുന്നു. പക്ഷേ......" അവൾ പൂർത്തിയാക്കിയില്ല.

"ഭാൻ, ഒരു കാര്യം ചോദിക്കട്ടെ?" നാരായണൻ തന്റെ മുഖത്തു നിന്നും പുതപ്പ് മാറ്റികൊണ്ട് ചോദിച്ചു.

"നിങ്ങളെന്നെ ഭാനു എന്നു വിളിച്ചാൽ മതി."

"അതെന്താ ?"

"വെറുതെ- അങ്ങനെ മതി." ഭാനു രജായി മൂടിക്കൊണ്ട് പറഞ്ഞു.

"സർബൻ നിന്നെ ഭാൻ എന്നാണോ വിളിച്ചിരുന്നത്?"

"അതെ"

"ഞാൻ അങ്ങനെ വിളിച്ചില്ലെങ്കിലോ?"

"മരിച്ചുപോയവരുടെ കാര്യങ്ങൾ അവരുടെകൂടെതന്നെ തീരണം."

"പലപ്പോഴും എനിക്കു നീ ഒരു ഭൂതമോ പിശാചോ ആണെന്നു തോന്നാറുണ്ട്. എന്റെ നിയന്ത്രണത്തിലുള്ള ഭൂതത്തെപ്പോലെ നീ എന്റെ എല്ലാകാര്യവും ചെയ്യുന്നു. പക്ഷേ കെട്ടിപ്പിടിക്കുമ്പോൾ എന്റെ കൈകൾ ശൂന്യമാണെന്നു തോന്നും. നീ എവിടെയോ പോയപോലെ തോന്നും.".

ഭാനു അതിനു മറുപടി പറഞ്ഞില്ല.

"ഭാനൂ, നീ പുതിയ വസ്ത്രങ്ങൾ എടുത്തു ധരിക്കൂ. എന്തിനാ വെറുതെ പെട്ടിയിൽ വച്ചിരിക്കുന്നത്?"

"ഞാൻ ഇപ്പോൾ ഉടുത്തിരിക്കുന്നതും എങ്ങും കീറിയിട്ടില്ലല്ലൊ."

"ഭാനൂ!"

"എന്തുവേണം?"

"നിനക്കു സന്തോഷമാണോ, അല്ലയോ?"

"എനിക്കു ഇവിടെ വിശേഷിച്ച് ദുഃഖത്തിനു കാരണമൊന്നുമില്ല."

"രാത്രി ഏറെനേരം നീ ഉറങ്ങാതെ കിടക്കുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. നീ എന്തെങ്കിലും ആലോചിക്കുകയാവും എന്ന് എനിക്കു തോന്നിയിട്ടുണ്ട്."

"എനിക്കു പൊതുവെ ഉറക്കം കുറവാണ്. മുമ്പ് ധാരാളം ഉറങ്ങിയിട്ടുണ്ട്. അയാൾ എന്നെ ഉണർത്താൻ വളരെ പാടുപെട്ടിട്ടുണ്ട്."

"ആര് സർബനോ?"

"അതെ. അയാൾ ഉണർത്തുമ്പോൾ 'ദാ എണീക്കാം' എന്നു പറഞ്ഞിട്ട് വീണ്ടും ഉറക്കമാവും. ഒടുവിൽ പാവം തോറ്റ് ചായ അടുപ്പത്ത് വയ്ക്കും."

"ഭാനൂ! ഇനി സർബൻ വീണ്ടും വന്നാൽ നീ എന്നെ വിട്ടിട്ടു പോകുമോ?"

"ഇതുകൊള്ളാം, മരിച്ചവർ തിരികെ വരുമോ? ഞാൻ അങ്ങേ ലോകത്തുചെന്ന് ഇതിനാണോ എന്നെ വിവാഹം കഴിച്ചതെന്നു ചോദിക്കും."

"അതിനു അയാൾ അവിടെ നിന്നെ കാത്തിരിക്കുമോ? അപ്പോഴേക്കും അയാൾ എവിടാവുമോ എന്തോ?"

അതുകേട്ടിട്ട് ഭാനുവിനു തോന്നി, രാത്രിയിലെ ഇരുട്ടു മുഴുവൻ തന്റെ മേൽ വന്നു പതിച്ചെന്ന്. അൽപനേരം മൗനമായി ഇരുന്നിട്ട് അവൾ നാരായണനോട് ചോദിച്ചു.

"ആട്ടെ ഞാൻ നിങ്ങളുടെ കട്ടിലിലേക്കു വരട്ടെ?"

"ഒരു വ്യവസ്ഥയിൽ- ഉടൻ ഉറങ്ങുകയില്ലെന്ന്. എന്റെ കട്ടിലിനു ഒരു മാജിക്ക് ശക്തിയുണ്ട്- ഇതിൽ കിടന്നാലുടൻ ഉറങ്ങും."

"നിങ്ങളുടെ അടുത്തുവരുമ്പോൾ വാസ്തവത്തിൽ എന്റെ പേടിയൊക്കെ ഇല്ലാതാവുന്നു."

"അതിനു നീ ഇപ്പോൾ കുട്ടിയാണോ?"

"അതുതന്നെയാണ് ഞാനും ആലോചിക്കുന്നത്- പേടിക്കാനെന്തിരിക്കുന്നു, ഞാൻ ഇപ്പോൾ കൊച്ചുകുട്ടിയൊന്നുമല്ലല്ലൊ"

"ഭാനൂ! നീ വൈകീട്ട് എങ്ങോട്ട് പോയിരുന്നു? എനിക്കു ചായ വേണമായിരുന്നു. ഏറെനേരം കാത്തിരുന്നു."

"ഞാൻ വെളിയിൽ പോയിരിക്കുകയായിരുന്നു."

"ഇത്രയും നേരമോ?"

"വഴിയിൽ ശ്യാമയെ കണ്ടു. അവളും മോറാമാലിക്കാരിയല്ലേ."

"മോറാമാലിയോട് ഇത്രയ്ക്കു സ്നേഹമാണെങ്കിൽ അവിടെപ്പോയി താമസിക്ക്." നാരായണൻ തിരിഞ്ഞു കിടന്നു.

അൽപം മുമ്പ് 'ഞാൻ നിങ്ങളുടെ കട്ടിലിൽ വരട്ടെ' എന്നു ചോദിച്ച ഭാനുവിന് നാരായണൻ ഇപ്പോൾ തികച്ചും വ്യത്യസ്തനായ ആളായി തോന്നി. ഇരുട്ടിൽ താൻ ഏതോ അപരിചിതന്റെ കൂടെ കഴിയുകയാണെന്ന് അവൾക്കു തോന്നി.

ഭാനു എണീറ്റ് എണ്ണയൊഴിച്ച് വിളക്കു കത്തിച്ചു.

വിളക്കിന്റെ പ്രകാശത്തിൽ അവൾ സ്റ്റാന്റിൽ പാത്രങ്ങൾ വച്ചിരിക്കുന്നതു കണ്ടു- വൈകുന്നേരം അവൾ കഴുകിവച്ചവ. മുമ്പിൽ പെട്ടിയുടെ അടുത്തായി ചർക്ക കിടപ്പുണ്ട്. അതിൻമേൽ അവൾ കഴിഞ്ഞ രാത്രി ഏറെനേരം നൂൽനൂറ്റതാണ്. തൊഴുത്തിൽ എരുമ നിൽപ്പുണ്ട്. വാതിൽക്കൽ അവളുടെ ചെരുപ്പ് കിടപ്പുണ്ടായിരുന്നു. വിളക്കിന്റെ പ്രകാശത്തിൽ വീട് അവൾക്ക് വളരെ വിചിത്രമായി തോന്നി.

അവൾ എരുമയുടെ തൊട്ടിയിൽ കച്ചി കൊണ്ടിട്ടു. അതിന്റെ ദേഹം തലോടി. ദേഹത്തെ പൊടി അവൾ തുടച്ചു മാറ്റി.

"വീണ്ടും വിളക്കുകത്തിച്ചോ?" നാരായണൻ ദേഷ്യം നിയന്ത്രിച്ചു കൊണ്ട് ചോദിച്ചു.

"ഞാൻ പറഞ്ഞില്ലേ, ചിലപ്പോഴൊക്കെ ഞാൻ വല്ലാതെ അസ്വസ്ഥയാകാറുണ്ട്." ഭാനു രാവിലത്തേക്കു അടുപ്പിൽ ചാണകവറളി അടുക്കി വച്ചിട്ട് പറഞ്ഞു.

"അതെ. ഞാൻ അരിവെള്ളത്തിലിടാനും മറന്നുപോയി." ഭാനു പാത്രത്തിൽ അരി ഇട്ടു.

"നിനക്കു എല്ലാകാര്യങ്ങളും ഓർമ്മനിൽക്കുമോ അതോ മറക്കുമോ?" നാരായണൻ കിടന്നുകൊണ്ടു ചോദിച്ചു.

"പോയിതുലയട്ടെ ആ ഓർമ്മ, എന്തുപറ്റിയോ എന്തോ?"

"മനസ്സ് ഇവിടാണെങ്കിലല്ലെ പറ്റൂ?"

"ഇവിടെയല്ലാതെ പിന്നെ എവിടെ പോകാനാണ്."

"നിന്നെ കണ്ടുതുടങ്ങിയിട്ട് രണ്ടുമാസമായി. നിൻെറ ഉള്ള് എനിക്കിതുവരെ പിടികിട്ടിയില്ല."

"എവിടെ നിന്നെങ്കിലും അച്ഛൻെറ മേൽവിലാസം വാങ്ങിച്ച് ഒന്നെഴുതാൻ ഞാൻ പറഞ്ഞില്ലേ?"

"കൊള്ളാം. നിനക്കിപ്പോഴും അച്ഛൻെറ വിചാരം വരുന്നുണ്ട് അല്ലേ?"

"അച്ഛൻെറ മനസ്സ് ചീത്തയല്ല. ഡോഗർനെ ഈശ്വരൻ വിളിച്ചതിൽ പിന്നെ അദ്ദേഹത്തിനു സ്വബോധം തന്നെ കുറവാണ്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതനുസരിക്കും."

"നിന്നെ രണ്ടാമതും വിൽക്കാൻ ഭാവിച്ചല്ലോ, എന്നിട്ട് നീ പറയുന്നത് മനസ്സു മോശമല്ലെന്നാണ്."

"നാളെ തൻെറ കണ്ണടഞ്ഞാൽ ഇവളുടെ സ്ഥിതിയെന്താകും. എന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. ബന്ധുക്കളെക്കൊണ്ട് ആർക്കാ പ്രയോജനം? ഭാനുവിനെ മര്യാദക്കു അയക്കണം അഥവാ ഞങ്ങൾ ബലമായി കൊണ്ടുപോകും എന്നു മോറാമാലിയിൽ നിന്നു പ്രത്യേകം വിവരം കിട്ടി."

"അതിനുമുമ്പു തന്നെ പണം സമ്പാദിക്കാമെന്നു നിൻെറ അച്ഛനു തോന്നിക്കാണും."

"ഇല്ല, നിങ്ങൾക്കെങ്ങനെ അറിയാം? ഞങ്ങൾ വലിയ ദുഃഖങ്ങൾ സഹിച്ചിട്ടുണ്ട്. ഞാൻ പേടിച്ച് രാവിലെയും വൈകീട്ടും പുറത്തിറങ്ങാറില്ലായിരുന്നു. വൃദ്ധനായ അച്ഛനെന്തു ചെയ്യാൻ കഴിയും? ആരെങ്കിലും പാവത്തിനു രണ്ടു കൊടുത്താലോ. ഉടയവനില്ലാത്തവരുടെ ജീവിതം എന്തു കഷ്ടമാണ്."

"നീ മണ്ടിയാണ്. പെണ്ണിനു സമ്മതമില്ലെങ്കിൽ ആർക്കും അവളെ ഒന്നും ചെയ്യാനാവില്ല."

"അല്ലല്ല, നിങ്ങൾക്കു ചീത്ത ആളുകളെ അറിയില്ല. അക്കൂട്ടർ സ്വന്തം സഹോദരനെപ്പോലും....."

"കളയൂ, ദിവസം മുഴുവൻ അവരെപ്പറ്റി ഓർത്ത് കരയാതിരിക്ക്."

"എന്താ ചെയ്യേണ്ടതെന്ന് അറിയില്ല. ഞാൻ മനസ്സിനെ വളരെ സമാധാനിപ്പിക്കാറുണ്ട്."

"നീ ഒരു കരക്കടുത്തത് ഏതായാലും ഈശ്വരകൃപകൊണ്ടാണ്. യാതൊന്നും ചോദിക്കാതെ വീട്ടുകാര്യം നിന്നെ ഏൽപ്പിച്ച അയാളെ സമ്മതിക്കണം. ആട്ടെ ഇനി ഉറങ്ങാം."

"ഞാൻ പറഞ്ഞല്ലൊ, നിങ്ങൾക്ക് ഇഷ്ടമില്ലാത്തകാര്യങ്ങൾ എന്താണെന്നു വച്ചാൽ പറയണമെന്ന്. എൻെറ ബുദ്ധി പലപ്പോഴും നേരെ

യല്ലെന്നു തോന്നുന്നു."

"ഭാനൂ!"

"എന്താ?"

"വല്ലപ്പോഴും ഞാൻ കുറേശ്ശെ കുടിക്കുന്നതുകൊണ്ടാവും, തലമുടി വേഗം നരക്കുന്നു. എനിക്കു അതിനു തക്ക പ്രായമില്ല. നീ വിചാരിക്കുന്നുണ്ടാകും എന്താ ഇങ്ങനെ............."

"ഇല്ല, സഹോദരനാണേ, ഞാൻ സ്വപ്നത്തിൽ പോലും അങ്ങനെ വിചാരിച്ചിട്ടില്ല. കൂടാതെ ഇപ്പോൾ മുടി നരക്കുന്നത് സർവ്വസാധാരണമാണ്. കൊച്ചു പെൺകുട്ടികളുടെ മുടിപോലും നരക്കാറുണ്ട്."

"ഭാനൂ!"

"എന്താ?"

"വൈകീട്ട് ഒരു ജാലവിദ്യക്കാരി മൺകളിപ്പാട്ടങ്ങൾ വിൽക്കുന്നുണ്ടായിരുന്നു."

"ഉം."

"നീ വാങ്ങിച്ചോ?"

"കളിപ്പാട്ടം കൊണ്ടുകളിക്കാൻ എനിക്കാരാ ഉള്ളത്?"

"ഇല്ലെങ്കിൽ ഉണ്ടാകും."

അതിനു ഭാനു മറുപടി പറഞ്ഞില്ല.

"ഭാനൂ!"

"ഉം."

"നിനക്കും ഒരു കുഞ്ഞുണ്ടാകണമെന്നു മോഹമില്ലെ?"

"അയാൾ മരിച്ചപ്പോൾ........ അയാളുടെ ഓർമ്മയ്ക്കായി എന്തെങ്കിലും ഒന്നു കൂടെ ഉണ്ടായിരുന്നെങ്കിൽ സമയം കഴിച്ചുകൂട്ടാമായിരുന്നു എന്നെനിക്കു തോന്നി. പിന്നെ........ പിന്നീട്......."

"ഭാനൂ, ഞാൻ അന്നത്തെ കാര്യമല്ല, ഇപ്പോഴത്തെ കാര്യമാണു ചോദിച്ചത്."

"നിങ്ങൾക്കു അങ്ങനെ ആഗ്രഹമുണ്ടെങ്കിൽ ഈശ്വരൻ നമുക്കു അതിനിടവരുത്തട്ടെ. അയാൾ മരിച്ച അന്നുതൊട്ട് എന്റെ ഹൃദയം ശൂന്യമായ പോലെ ഒരു തോന്നൽ. ഇനി അവിടെ എന്തു ഉണ്ടാകാനാണ്."

"ഒക്കെ ഈശ്വരൻ നേരെയാക്കും, നീ അതോർത്ത് മനസ്സ് പുണ്ണാക്കണ്ട."

"മനസ്സ് പുണ്ണാക്കിയിട്ട് ഞാനെന്തു ചെയ്യാനാണ്. അങ്ങോട്ടും ഇങ്ങോട്ടും വയ്യാത്ത സ്ഥിതി."

"പെണ്ണുങ്ങളുടെ കാര്യം എന്തുപറയാനാ? അങ്ങോട്ടോ ഇങ്ങോട്ടോ വേണമെന്നു വച്ചാൽ ഞൊടിയിടകൊണ്ട് സാധിക്കും. രണ്ടുമാസം മുമ്പ് നിനക്ക് എന്നെ അറിയാൻ പോലും പാടില്ലായിരുന്നു."

'അതൊക്കെ വേറെ പെണ്ണുങ്ങൾ' എന്നു പറയണമെന്നു ഭാനുവിനു തോന്നി. പക്ഷേ മറ്റുള്ളവരും തന്നെപ്പോലെ തന്നെയാണ് എന്നവൾക്കു തോന്നിയതുകൊണ്ട് അവൾ മൗനം അവലംബിച്ചു.

"ഭാനൂ!"

"എന്താ?"

"പിണക്കമായോ?"

"ഇല്ല! ആരോട് പിണങ്ങാനാണ്?"

"എന്നോട്."

"ഇല്ല! ആ ചെരുപ്പുകുത്തിപ്പെണ്ണ് റെലി ഒരുതുടം നെയ്യ് വേണമെന്നു പറയുന്നു. അവളുടെ മകനു സുഖമില്ല. മരുന്നിൽ ചേർക്കാനാണ്."

"എങ്കിൽ നിനക്കു കൊടുക്കരുതോ."

"ചോദിച്ചിട്ട് കൊടുക്കാമെന്നു ഞാൻ പറഞ്ഞു."

"ഭാനൂ, ഈ വീട് നിൻേറതാണ്. നിനക്കിഷ്ടമുള്ളതെന്തും ചെയ്യാം."

"സർബൻ ഒരു കാര്യത്തിനും എന്നോട് തടസ്സം പറയാറില്ലായിരുന്നു, പക്ഷേ നിങ്ങളുടെ കാര്യം എനിക്കു ശരിക്ക് അറിയില്ല. ഞാൻ പറഞ്ഞത് നിങ്ങൾ വല്ല.............."

"ഭാനൂ!" നാരായണൻ അലറി.

ഭാനു ഞെട്ടി, അവൾ വിനീതയായി പറഞ്ഞു."എന്താ?"

"എൻെറ മുമ്പിൽ ഇനി സർബൻെറ കാര്യം പറയരുത്."

"ശരി," എന്നു പറഞ്ഞിട്ട് ഭാനു വിളക്കൂതിക്കെടുത്തി. തപ്പിത്തപ്പി അവൾ തൻെറ കട്ടിലിൽ ചെന്നു കിടന്നു.

കുട്ടിക്കാലത്ത് അമ്മ പറയാറുണ്ടായിരുന്ന കാര്യം അവളോർത്തു. "വിളക്ക് ഊതി കെടുത്തുന്നത് പാപമാണ്."

കട പോലെ തോന്നിക്കുന്ന വീട്. അകം വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. നിലത്തു വച്ചുപോലും ആഹാരം കഴിക്കാം. ഏതോ സുന്ദരി സ്വന്തം കൈകൊണ്ട് ഉണ്ടാക്കിയ ഭംഗിയുള്ള പീഠം. അതിൽ തിളങ്ങുന്ന പാത്രങ്ങൾ അടുക്കി വച്ചിരുന്നു.

അടുപ്പിൽ പച്ചക്കറി വേവുന്നു. അതിൽ നിന്നും വെളുത്ത പുക ഉയരുന്നു.

ഭാനു അടുത്തിരുന്നു വെളുത്തുള്ളി അരിയുകയായിരുന്നു.

"എടാ നാരായണാ, നിൻെറ ഭാര്യ നല്ല കലാബോധമുള്ളവളാണ്." കാലിൽ കൊണ്ട മുള്ള് എടുപ്പിക്കാനായി വന്ന സന്തിയമ്മ ഹുക്ക വലിച്ചുകൊണ്ടിരുന്ന നാരായണനോട് പറഞ്ഞു. അയാൾ വൃത്തിയായി അലക്കിയ വസ്ത്രം ധരിച്ചിരുന്നു.

"വല്ലാതെ പ്രശംസിച്ച് നിങ്ങൾ അവളെ ചീത്തയാക്കരുത്, ചേച്ചി."

"ഒന്നുപോടാ. ചീത്ത നീയാണ്. എപ്പോഴും എന്തെങ്കിലും ലഹരിയിലാവും. നോക്കൂ ശരീരം മെലിഞ്ഞ് എന്തോപോലായി. എടാ, മനുഷ്യൻ പാലും നെയ്യും കഴിക്കണം. അതാണ് മാർഗ്ഗം."

"ദാ ഇവരും ശകാരിക്കുക തന്നെ ചെയ്യുന്നു. ഞാൻ ആരോട് ആവലാതി പറയാനാണ്. എനിക്കു അച്ഛനില്ല, സഹോദരനുമില്ല. നിങ്ങളും ഇങ്ങനെ തുടങ്ങിയാലോ?"

"ശകാരിച്ചെങ്കിൽ നന്നായിപ്പോയി. അതുതന്നെ കിട്ടണം. രക്തം ചൂടാക്കുന്ന ഈ ലഹരിപദാർത്ഥങ്ങളിൽ എന്താ ഇത്ര ഗുണം? ഭാംഗും,

മദ്യവും, ചരസ്സും മാറിമാറി നീ എന്തിനു കഴിക്കുന്നു.?"

"എന്തു പറയാനാ അമ്മേ. ഏകാദശി ദിവസം എന്റെ കൂടെ ഗുരുദ്വാരയിൽ വന്നു സത്യം ചെയ്തതാണ്, മേലിൽ മദ്യം കഴിക്കില്ലെന്ന്, പക്ഷേ രണ്ടുദിവസം തികച്ച് പറ്റിയില്ല. എന്നുമാത്രമല്ല ഈശ്വരന്റെ മുമ്പിൽ കള്ളനായി." ഭാനു സന്തിയമ്മയോട് പരാതിപ്പെട്ടു.

"ഈശ്വരോ, അങ്ങ് കഴിക്കാത്ത ലഹരി എന്തുണ്ട്? എനിക്കു തോന്നുന്നത്, ചേച്ചി, അയാൾ പകലും നല്ല ലഹരിയിലാവും. അതു കൊണ്ടാണ് ലോകത്ത് ഇത്ര ഇരുട്ട് പരന്നിരിക്കുന്നത്." നാരായണൻ ഹുക്ക ശരിയാക്കി നീണ്ട പുകവിട്ടുകൊണ്ട് പറഞ്ഞു.

"മിണ്ടാതെ. അധികം ചിലക്കാതെ. ഈശ്വരനെ എപ്പോഴും ഭയപ്പെടണം, അദ്ദേഹത്തിന്റെ മട്ടുമാറുന്നത് എപ്പോഴാണെന്നു എങ്ങനെ അറിയും?"

"അമ്മേ, ഇതാ മുള്ള് എടുത്തു." ഭാനു സൂചി തിരിച്ചുകൊടുത്തു കൊണ്ട് പറഞ്ഞു.

"ദീർഘായുസ്സായിരിക്കട്ടെ. നിനക്കു കുട്ടികളുണ്ടാവട്ടെ. ഈശ്വരൻ നിനക്ക് നൻമ വരുത്തും. ഈ വീട്ടിൽ നിന്റെ വേരുറയ്ക്കട്ടെ. പിന്നെ ഇവൻ എവിടെ വേണമെങ്കിലും അലഞ്ഞു നടക്കട്ടെ."

"നിങ്ങൾക്കറിയില്ല ചേച്ചി, ഇവൾ എന്നെയാണു കുട്ടിയായി കരുതുന്നത്. ഇവൾ വാശിപിടിക്കുന്നതു നിങ്ങൾ കണ്ടിട്ടില്ല. ചിലപ്പോൾ പറയും, അലക്കിയ വസ്ത്രം ധരിക്കണം; ചിലപ്പോൾ പറയും ചെരുപ്പ് പുറത്തിടണം. ചിലപ്പോൾ കടയിൽ നിന്നു സാധനം വാങ്ങികൊണ്ടുവരാൻ പറയും. ഇതു നോക്കു ഈ എള്ള് പൊടിക്കാൻ വച്ചിരിക്കുകയാണ്. പലഹാരമുണ്ടാക്കാനാണ്." നാരായണൻ ഹുക്ക താഴെ വച്ചിട്ട് എള്ള് പൊടിച്ചുകൊണ്ട് പറഞ്ഞു.

"പോടാ, ഇവൾ വന്നപ്പോൾ തൊട്ട് നിന്നെ മനുഷ്യനാക്കി."

"അപ്പോൾ മുമ്പ് ഞാൻ മനുഷ്യനല്ലായിരുന്നോ?"

"ചേടത്തിയമ്മയാണ്, തമാശ പറഞ്ഞതാണ്. അതിനു നിങ്ങൾക്ക് എന്താ അഭിപ്രായം?" ഭാനു അടുപ്പിൽ നിന്നും തീ എടുത്തു സന്തിയുടെ നേരെ കാട്ടി.

"പക്ഷേ ഞാൻ നിന്നോട് ഒരു കാര്യം പറയാം, നാരായണാ. നിനക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, നീ കണ്ട അണ്ടനേയും അടകോടനേയും വീട്ടിൽ കൊണ്ടുവരുന്നതു ശരിയല്ല. ഈശ്വരകൃപകൊണ്ട് നിനക്കിപ്പോൾ കുടുംബമുണ്ട്. കണ്ട ഒറ്റയാൻമാരുടെ താവളമല്ലിത്. നീ ഇനി കുടുംബക്കാരനെപ്പോലെ ജീവിക്കണം."

"അതിനു ഞാൻ വല്ല ചെറ്റയേയും വിളിക്കാൻ പോകുന്നുണ്ടോ ചേച്ചീ? ഇവറ്റകൾ നേരിട്ട് ഇങ്ങോട്ടു വരികയാണ്."

"അല്ലല്ല, നീ പറയണം, ഒരു കവിൾ അകത്താക്കണമെന്നു നിർബന്ധമാണെങ്കിൽ ഗുരുദ്വാരയിലോ ബാബാജിയുടെ ക്യാമ്പിലോ പോയി കഴിക്കാൻ. പെണ്ണുങ്ങൾ താമസിക്കുന്ന വീട്ടിൽ നടപ്പില്ല."

"ഞാൻ അനേകം പ്രാവശ്യം പറഞ്ഞു, പക്ഷേ കേൾക്കണ്ടേ? ഇദ്ദേഹം

ഒന്നുരണ്ടു കവിൾ അകത്താക്കിയിട്ട് കിടപ്പാവും. മറ്റുള്ളവർ കണ്ണുതുറിച്ച് വീട്ടിലേക്കു നോട്ടമാവും." ഭാനു നാരായണൻെറ കൈയിൽ നിന്നും എളള് വാങ്ങി വേഗം പൊടിച്ചുകൊണ്ട് പറഞ്ഞു.

"അവർ ഈ സൗന്ദര്യറാണിയെ വെറുതെ ഒന്നു നോക്കും പോലും, ഇങ്ങനെ ചിലക്കാതെയിരിക്ക്."

"എടാ, കുടിച്ചു കഴിഞ്ഞാൽ ആർക്കെങ്കിലും ബോധം ഉണ്ടാകുമോ നാരായണാ!"

"കൊളളാം, ബോധം എങ്ങനെ ഇല്ലാതെ വരും ചേച്ചി."

"പക്ഷേ എടാ നീ സ്വന്തം വീടിൻെറ മാനം കളയുന്നതെന്തിനാണ്?"

"ശരി മേലിൽ അവരോട് പറഞ്ഞുകൊളളാം. പക്ഷേ ചേച്ചി, നിങ്ങൾ ഇവളോടുകൂടി പറയണം. എവിടെങ്കിലും ഏതെങ്കിലും വീട്ടിൽ വല്ല ഭജനയോ വായനയോ ഉണ്ടെങ്കിൽ ദിവസം മുഴുവൻ അവിടെ പോയി ഇരിക്കും. ആളുകളുടെ എച്ചിൽപാത്രം കഴുകും, ചെരിപ്പു തുടയ്ക്കും. എന്നിട്ട് പറയുന്നത് സേവനം ആണെന്നാണ്. വീട്ടിൽ ഞാൻ പട്ടിണി ആയാലും വേണ്ടില്ല."

"എടാ നാരായണാ, അക്കാര്യം ചീത്തയൊന്നും അല്ലല്ലൊ. ഭാവി ക്കുവേണ്ടിക്കൂടി വല്ലതുമൊക്കെ ചെയ്യണം. കഴിഞ്ഞ ജൻമം സത്കർമ്മം ചെയ്തിട്ടുണ്ടെങ്കിൽ........... ഇവളെപ്പോലെ കലാബോധമുള്ള, ലജ്ജാവതി യായ ഭാര്യാ-പുത്രിമാരുടെ കാലുകഴുകി ആളുകൾ കുടിക്കും."

"എനിക്കറിയാം നിങ്ങൾ ഇവളുടെ പക്ഷം പിടിച്ചേ സംസാരിക്കൂ."

"അല്ല, ഞാൻ ഈശ്വരനെ മുൻനിർത്തിയാണ് പറയുന്നത്. ഞാൻ ഈ പാവത്തിൻെറ അടുത്തുനിന്നോ നിൻെറ അടുത്തുനിന്നോ ഒന്നും വാങ്ങി കഴിച്ചിട്ടില്ല."

"എന്താ അമ്മേ, നോക്കിയേ ഇതു ശരിയായോ എന്ന്. ഒരു ലഡ്ഡു സന്തിയമ്മയുടെ കൈയിൽ കൊടുത്തിട്ട് ഭാനു ചോദിച്ചു."

"മോളെ! ഞാൻ എന്താ കൊച്ചു കുട്ടിയാണോ?" ലഡ്ഡു വാങ്ങി പൊടിച്ച് വായിലിട്ടുകൊണ്ട് സന്തി പറഞ്ഞു.

"സന്തീ! സന്തിയമ്മോ"

"ദയാലോ ആണ് വിളിക്കുന്നതെന്നു തോന്നുന്നു..... വരുന്നു മോളെ." സന്തി ബാക്കി ലഡ്ഡു വായിലിട്ടിട്ട് കൈകൊണ്ട് വായ് തുടച്ചു. അവൾ നടന്നു.

"നടന്നു ക്ഷീണിച്ചു, അമ്മേ. എവിടെപ്പോയിരുന്നു.? ഞാൻ വളരെ നേരമായി അമ്മേ അന്വേഷിച്ചുനടക്കുകയായിരുന്നു."

"നീ നന്നായിരിക്കട്ടെ. ഈശ്വരൻ നിനക്കു ഐശ്വര്യം നൽകട്ടെ. ഞാൻ ഭാനുവിൻെറ അടുക്കൽ മുളള് എടുപ്പിക്കാൻ പോയതാണ്. പിന്നെ നാരായണനോട് പറയണമെന്നുതോന്നി- ഇത് കുടുംബക്കാർ താമ സിക്കുന്ന സ്ഥലമാണ്, കണ്ട പോക്കിരികളേയും തെമ്മാടികളേയും കൂട്ടിക്കൊണ്ട് ഇങ്ങോട്ട് വരരുത്, എല്ലാം അമ്മപെങ്ങൻമാരായി താമസി ക്കുന്നവരാണ്."

"അമ്മേ അമ്മ എന്തു പാവമാണ്. നാരായണൻ മുഖാന്തരം ആരാ

അവിടെ വരുന്നത്. നിങ്ങൾക്കു പ്രായമായില്ലേ. ആരുകാരണമാണ് വരേണ്ടത്, അവരുകാരണം തന്നെയാണ് വരുന്നത്."

"മോളെ ദയാലോ സത്യം പറയണമല്ലോ, ഭാനു അത്തരക്കാരിയാണെന്നു തോന്നുന്നില്ല."

"തോന്നാനെന്താ അവൾക്കു ചിറകുമുളക്കുമോ. അമ്മവീടും ഭർതൃഗൃഹവും ഉപേക്ഷിച്ച് അലഞ്ഞു നടക്കുന്നവൾ. നിങ്ങൾക്കു നല്ലവളായി തോന്നുന്നുവോ?"

"മോളെ ആര് എന്തുകാരണംകൊണ്ടാണ് കഷ്ടപ്പാടുകൾ സഹിക്കുന്നതെന്നു എങ്ങനെ അറിയും."

"അല്ലമ്മാ, നിങ്ങൾ ലോകത്തെ മുഴുവൻ തന്നെപ്പോലെ തന്നെ കരുതുന്നു. എനിക്ക് അവളുടെ ലക്ഷണങ്ങൾ ശരിയായി തോന്നുന്നില്ല. എവിടെങ്കിലും വായനയോ പൂജയോ ഉണ്ടെങ്കിൽ എല്ലാവരുടേയും മുമ്പിൽ ഓട്ടമാണ്. വലിയൊരു ഭക്ത. ചെകുത്താൻ വേദമോതുന്നതുപോലെ."

'എടീ ദയാലോ! ഈശ്വരനിശ്ചയം- അതു അദ്ദേഹത്തിനേ അറിയൂ, നാം എന്തിന് അതാലോചിച്ച് പാപത്തിനു കൂട്ടു നിൽക്കുന്നു..... എടീ, നിന്റെ ഈ വേഷം വളരെ നന്നായിരിക്കുന്നു. പുതുതായി തയ്പിച്ചതാണോ?"

"അല്ലമ്മാ, മോനുണ്ടായപ്പോൾ എന്റെ വീട്ടുകാർ തന്നതാണ്. ഈ വീട്ടിൽ വന്നതിൽ പിന്നെ ഒരു മൂക്കുത്തിപോലും എനിക്കു കിട്ടിയിട്ടില്ല."

"മോളെ ഇപ്പോൾ കുടുംബജീവിതം എല്ലായിടത്തും ഇങ്ങനെ ഒക്കെ തന്നെയാണ്."

"എന്റെ കാര്യത്തിലേ ഉള്ളൂ ഈ കുടുംബജീവിതം. സ്വന്തം സഹോദരി വന്നാൽ ആ നിമിഷം തുണിക്കടയിൽ പോയി തുണി വാങ്ങി കൊടുക്കും."

"അങ്ങനെ കൊടുത്തേ പറ്റൂ. ഇല്ലെങ്കിൽ പരാതി കേൾക്കേണ്ടി വരും- വീട്ടിൽ വന്നിട്ട് ഒരു ജോഡി ഡ്രസ്സ് പോലും കിട്ടിയില്ല എന്ന്."

"ആട്ടെ നിങ്ങളുടെ ഭാനുവിനു എന്തുണ്ട് വിശേഷം"

ദയാലോ വെയിലത്തു വച്ചിരിക്കുന്ന ചോളം എടുത്തു വൃത്തിയാക്കി കൊണ്ട് ചോദിച്ചു.

"സുഖമാണ്, പാവത്തിന്."

"പാവവും മറ്റും അല്ല അവൾ. ഞങ്ങളുടെ ഗ്രാമത്തിലും ഇവളെപ്പോലെ ഒരു കേമി ഉണ്ടായിരുന്നു. എന്നും രാവിലെ ഗുരുദ്വാരയിൽ പ്രവചനം കേൾക്കാൻ പോകും. ഒരു ദിവസം കേട്ടു, അവൾ സ്വന്തം വീട്ടുകാർക്കും, ഭർത്താവിന്റെ വീട്ടുകാർക്കും അപമാനം വരുത്തികൊണ്ട് പൂജാരിയുടെ കൂടെ ഒളിച്ചോടിപ്പോയെന്ന്. പക്ഷേ വീട്ടുകാർ വിട്ടില്ല. അവർ പിൻതുടർന്ന് സ്റ്റേഷനിൽ വച്ച് പിടിച്ചു. പൂജാരിയുടെ മുഖത്ത് കരിതേച്ച് കഴുത്തിൽ ചെരുപ്പ്മാലയുമണിയിച്ച് കഴുതപ്പുറത്തിരുത്തി ഗ്രാമം മുഴുവൻ കൊണ്ടു നടന്നു. പെണ്ണിന്റെ തന്തയെ വിളിച്ച് അവളെ ഏൽപ്പിച്ചിട്ട് പറഞ്ഞു, 'നിങ്ങളുടെ മകളെ എവിടെകൊണ്ട് കളഞ്ഞാലും വേണ്ടില്ല, ഇവിടെ ഇനി അവളെ താമസിപ്പിക്കേണ്ട."

"നീ ഇരിക്ക്, ചായ ഉണ്ടാക്കട്ടെ?"

"വേണ്ടമ്മേ, ഞാൻ ഒരു കാര്യത്തിനു വേണ്ടി വന്നതാണ്"

"പറയൂ വീട്ടിൽവച്ച് എന്തും പറയാം. മടിക്കേണ്ട".

"അല്പം മദ്യം വേണം. മോൻെറ കാലു മുറിഞ്ഞു. ബാൻഡേജു കെട്ടണം".

"ഇവിടെ എവിടാ മദ്യം! ഇവിടാരും വരാറില്ല. ങ്ഹാ നാരായണൻെറ വീട്ടിൽ കാണും".

"കഴിഞ്ഞ ദിവസം നിങ്ങളുടെ സീതയുടെ മരുമകൻ വന്നിരുന്നല്ലോ കുപ്പിയിൽ അല്പം ബാക്കി കാണുമായിരിക്കും".

"മരുമകൻ വന്നപ്പോൾ മദ്യംകൊണ്ടുവന്നു. പക്ഷേ അതു മുഴുവൻതന്നെ തീർത്തു. കാലിക്കുപ്പി ചെരുപ്പുകുത്തിയുടെ മകൾ വാങ്ങിച്ചു കൊണ്ടുപോയി. അവളോട് ഒന്നും ചോദിക്കാനുംപറ്റില്ല. കട യിൽനിന്നും മണ്ണെണ്ണ വാങ്ങാനാണ് എന്നു പറഞ്ഞു. വീട്ടിൽ കുപ്പിക്കു എന്തെങ്കിലും ആവശ്യം വരുമെന്നു ഞാൻ പറഞ്ഞുനോക്കി. അല്ലെങ്കിൽ ത്തന്നെ വെള്ളക്കുപ്പിക്കു മൂന്നണ വിലകിട്ടും. ഏതായാലും നീ ഭാനു വിനോട് ചോദിക്ക്". "അവളോടു ചോദിക്കാൻ എനിക്കുവയ്യ. ഇന്നലെ ഞാൻ ഞങ്ങളുടെ ജാഗറുമായി വഴക്കുണ്ടാക്കി. ഞാൻ അവനോടു ചോദി ച്ചു--നീ അവളുടെ വീട്ടിൽ കറങ്ങിനടക്കുന്നത് എന്തിനാണ്."

"എടീ ദയാലോ! ജാഗറിനെ വേഗം വിവാഹം കഴിപ്പിക്ക്. എത്രനാ ളാന്നുവച്ചാ നീ അവനു വച്ചുവിളമ്പികൊടുക്കുന്നത്"?

"അമ്മേ കൊള്ളാവുന്ന ഏതെങ്കിലും ആലോചന വന്നിട്ടുവേണ്ടേ! ഏതെങ്കിലും ചെറിയ വീട്ടിൽനിന്നു പെണ്ണുവേണ്ട. വേഗം പിണങ്ങിപ്പോ യെന്നുവരും. ആളുകൾ പറഞ്ഞേക്കും, പണംമോഹിച്ചാണ് അനിയനെ വിവാഹം കഴിപ്പിക്കാത്തതെന്ന്. പക്ഷേ ഈശ്വരൻ സത്യമായി ഞാൻ അവനോട് എത്രതവണ പറഞ്ഞിരിക്കുന്നു. ആളുകൾ കുറ്റം ചുമത്തു ന്നതു എൻെറമേലാവും, നീ എവിടെനിന്നെങ്കിലും വിവാഹം കഴിക്ക് എന്ന്."

"ആരെങ്കിലും വീട്ടിൽ ഉണ്ടായാൽ നിനക്കു സഹായമാകും. തനിച്ചു ആകുമ്പോഴാണ് വിഷമം കൂടുക."

"എനിക്കെന്തു സഹായമാണ്, അവൻ സ്വന്തം കുടുംബം ഉണ്ടാ ക്കട്ടെ."

"ജാഗർ വരുന്നുണ്ടെന്നു തോന്നുന്നു." സന്തി ദൂരെനിന്നു നടന്നു വരുന്ന ജാഗറെ തിരിച്ചറിഞ്ഞു.

"അതെ. ആ കശ്മലൻതന്നെ. ഭാനുവിൻെറ വീട്ടിൽ പോകാനാവും. ചെകുത്താൻ. ഇന്നലെ അവൻ എന്നോട് മര്യാദകെട്ട് പെരുമാറാൻ തുടങ്ങി."

അപ്പോഴേക്കും ജാഗർ അടുത്തെത്തി.

"എടാ എവിടെനിന്നും കെട്ടിയെടുത്തു വരികയാണു നീ, ജാഗർ" ദയാലോ ദേഷ്യത്തോടെ ചോദിച്ചു.

"ഞാൻ നിങ്ങളെ വിളിക്കാൻ വന്നതാണു ചേടത്തി, പയ്യൻ എത്ര നേരമായി കിടന്നുകരയുന്നു. നിങ്ങൾ തിരിച്ചെത്താൻ എന്താ താമസം?"

"മദ്യത്തിന്റെ ഒരു തുള്ളിയെങ്കിലും കിട്ടിയിട്ടുവേണ്ടേ വരാൻ?"

"ഞാൻ കൊണ്ടുവരാം."

"നാരായണന്റെ വീട്ടിൽ നിന്നല്ലാതെ നിനക്കു അടുത്തുനിന്ന് വേറെങ്ങും മദ്യംകിട്ടില്ല!"

"നിങ്ങൾ നടക്കു. ഞാൻ ഇപ്പോൾ വരാം." ജാഗർ വേഗം ഭാനുവിന്റെ വീട്ടിലേക്കു നടന്നു.

"നോക്കു അമ്മേ ആ പെണ്ണിന്റെ ഒരു ആകർഷണം. ജാഗറിന് അവളെ കാണാതെ കഴിയാൻവയ്യ. അങ്ങു വരട്ടെ, വീട്ടിലേക്ക്. ഞാൻ അവനെ നേരെയാക്കും."

"എടീ ദയാലോ! നീ വെറുതെ അതുമിതും പറയാതെ. നാരായണനുമായി എത്രയോ വർഷത്തെ ചങ്ങാത്തം ഉള്ളവനാണ് ജാഗർ."

"അല്ലമ്മേ, നിങ്ങൾക്കു അവളെപ്പറ്റി എന്തറിയാം. നാരായണൻ വെറും മണക്കൂസാണ്. അവൾ കണ്ണുകൊണ്ട് ആളുകളെ വലയിട്ടു പിടിക്കും. എന്നോട് ആരോ പറഞ്ഞു അവൾ വെളിയിൽ നമ്മുടെ കുളത്തിനടുത്തുകൂടി പോകാറുണ്ടെന്ന്. ഞാൻ ആ അറാംപിറന്നവളെ അടിച്ചു ശരിയാക്കും."

""എടീ ദയാലോ! കണ്ണുകൊണ്ട് കാണാത്തതൊന്നും പറയരുത്. ഇക്കാലത്ത് പച്ചപ്പുല്ലിനു തീ പിടിപ്പിക്കുന്ന ആൾക്കാർ ധാരാളമുണ്ട്."

"നിങ്ങൾ വീട്ടിലേക്കു പോയില്ലേ, ചേടത്തി! ചെറുക്കൻ കിടന്നു കരയുന്നുണ്ടാവും. വരു ഞാൻ മദ്യം കൊണ്ടുവന്നിട്ടുണ്ട്." നടന്നുകൊണ്ട് ജാഗർ കൈയിൽ വച്ചിരുന്ന മദ്യക്കുപ്പി ദയാലുവിനെ കാണിച്ചു.

ദയാലുവും അയാളോടൊപ്പം പോയി.

"ജാഗർ എനിക്കു നിന്റെ ഈ പോക്കും വരവും ഇഷ്ടമല്ല." ഇടവഴിയിലേക്കു കടന്നുകൊണ്ട് ദയാലോ ജാഗറിനോട് പറഞ്ഞു.

അവൾ അയാളെ തുറിച്ചു നോക്കി.

"നിങ്ങൾ വെറുതെ വിഷമിക്കുന്നതെന്തിനാണു ചേടത്തി, അതിനു അവൾ നിങ്ങളെക്കാൾ സുന്ദരിയല്ലല്ലൊ." ജാഗർ ഒരു പൊടിക്കൈ പ്രയോഗിച്ചു.

"ഉവ്വ്. എനിക്കറിയാം. ചേടത്തി പഴയതായി എന്നാവും വിചാരം. അവരെ വേണ്ടെന്നു വയ്ക്കാം." ദയാലോ കുർത്തയുടെ തുറന്നിട്ട ബട്ടൺ ഇട്ടുകൊണ്ട് പറഞ്ഞു.

"അല്ല എനിക്കു നിങ്ങൾ പഴയതായി തോന്നുന്നില്ല. പിന്നെ ഒരു ദോഷമുള്ളത് നിങ്ങൾ എപ്പോഴും വഴക്കിനു വരും."

"വഴക്കിനു വരാതെ പിന്നെ നിന്നെ 'തെണ്ടാൻ' വിടണോ? നോക്ക്, പെണ്ണല്ല അവൾ വെറും വാലാണ്. ആരുടെയൊക്കെ എച്ചിൽ തൊട്ടിയാണെന്നു ആർക്കറിയാം. നീ എന്തിനാ അവളുടെ പുറകെ കൂടിയിരിക്കുന്നത്."

"അല്ല ചേടത്തി, ഭാനു അത്തരക്കാരിയല്ല."

"അതേടാ എനിക്കറിയാം. വന്നിരിക്കുന്നു ഭാനുവിൻെറ ഭാഗം പറയാൻ. അവളെപ്പോലുളളവർക്കു പല കൗശലങ്ങളും അറിയാം. ഇതിനോടകം എത്രപേരെ അവൾ ഉപേക്ഷിച്ചിട്ടുണ്ടോ എന്തോ! വീട്ടിലോട്ടു വാ. ഇന്നു നിൻെറ ചേട്ടനോട് പറയുന്നുണ്ട്."

"എന്തുപറയും ചേട്ടനോട്?" ജാഗർ പിണങ്ങി.

"നാരായണൻെറ വീട്ടിൽ നീ എപ്പോഴും പോകാറുണ്ടെന്ന്."

"ചേടത്തി എന്തിനാണ് പിണങ്ങുന്നതെന്നു ഞാൻ പറയും."

"പിണങ്ങുന്നത് നിൻെറ വീട്ടുകാർക്കുവേണ്ടി. നിനക്കു വിചാരമില്ലെങ്കിലും എനിക്കു വീടിൻെറ അഭിമാനം നോക്കണം. കൊച്ചായിരുന്നെങ്കിൽ അടിച്ച് ശരിയാക്കാമായിരുന്നു. പക്ഷേ ഇപ്പോൾ നീ വലുതായല്ലോ."

വൈകുന്നേരം എളിയിൽ കുപ്പിയും ഒളിച്ചു പിടിച്ചുകൊണ്ട് ജാഗർ നാരായണൻെറ വീട്ടിലേക്കു പതുക്കെ നടക്കുകയായിരുന്നു. അയാൾ ആലോചിച്ചു. "ചേടത്തി പറയുന്നത് ശരിതന്നെയല്ലേ.... അല്ല, അല്ല. നാരായണൻ എൻെറ ഉറ്റ ചങ്ങാതിയാണ്..... ഭാനു.... അതെ ഭാനു...... അല്ല അവൾ എൻെറ ചേടത്തിയാണ്."

ജാഗർ പതുക്കെ വാതിലിൽ മുട്ടി. ചപ്പാത്തി ഉണ്ടാക്കിക്കൊണ്ടിരുന്ന ഭാനു എഴുന്നേറ്റുവന്നു വാതിൽ തുറന്നു. ജാഗർ എന്തെങ്കിലും പറയുന്നതിനു മുമ്പുതന്നെ അവൾ പറഞ്ഞു. "നിങ്ങളുടെ സുഹൃത്ത് വീട്ടിലില്ല ജാഗർ."

"ശരി ഞാൻ മുകളിൽ തളത്തിൽ ഇരുന്നുകൊളളാം. വരുമ്പോൾ അങ്ങോട്ട് പറഞ്ഞയച്ചാൽമതി." ജാഗർ പടികൾ കയറി.

അല്പം കഴിഞ്ഞ് അയാൾ താഴെ ഇറങ്ങിവന്നു. "ചേടത്തി മൊന്തയിൽ വെളളവും ഗ്ലാസും വേണം."

"നിങ്ങൾ അദ്ദേഹം വന്നിട്ടേ ഇങ്ങോട്ട് വരാവു ജാഗർ!" എന്നുപറഞ്ഞിട്ട് ഭാനു വാതിലടക്കാൻ ഭാവിച്ചു. വേഗം വാതിൽ തുറന്നുകൊണ്ട് അയാൾ അവളുടെ പുറകെഎത്തി.

"ചേടത്തി നിങ്ങൾ ഒരു പക്ഷേ എന്നെ അന്യനായി കരുതുന്നുണ്ടാവും. പക്ഷേ നാരായണൻ യഥാർത്ഥത്തിൽ എൻെറ ചിറ്റപ്പനു തുല്യനാണ്. പക്ഷേ ഞങ്ങൾ കുട്ടിക്കാലം തൊട്ടേ ചങ്ങാതികളാണ്. അതുകൊണ്ട് ഞാൻ അയാളെ ചേട്ടാ എന്നു വിളിക്കുന്നു. അയാൾ എന്നെ കുട്ടിക്കാലത്തു മടിയിലിരുത്തി ലാളിച്ചിട്ടുണ്ട്."

"അതല്ല, ഞാൻ പറഞ്ഞത് നിങ്ങളുടെ ചേട്ടൻ വീട്ടിലില്ലാ......" എന്നു പറഞ്ഞിട്ട് ഭാനു അയാളെ പറഞ്ഞുവിടാനായി വെളളം നിറച്ച മൊന്തയും ഗ്ലാസും അടുത്തുകൊണ്ടു വച്ചു. ജാഗർ അൽപനേരം മിണ്ടാതിരുന്ന്, എന്തോ പറയാനുണ്ടെന്ന മട്ടിൽ ഭാനുവിനെ നോക്കി. ഭാനു തലകുനിച്ച് ചപ്പാത്തി ചുട്ടുകൊണ്ടിരുന്നു. പിന്നീട് മൊന്തയും ഗ്ലാസ്സും എടുത്ത് ജാഗർ മുകളിലേക്കു പോയി. തനിച്ചിരുന്നു അയാൾ മദ്യപിച്ചു. ഭാനു ചപ്പാത്തി ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ ജാഗർ വീണ്ടും താഴെ ഇറങ്ങി വന്നു. അവൾ ചപ്പാത്തി മുറത്തിൽ നിരത്തിവച്ചു. ജാഗർ മനഃപൂർവ്വം ഒന്നു ചുമച്ചു. ഭാനു തൻെറ നേരെ നോക്കട്ടെ എന്നു കരുതി. ഭാനു ശ്രദ്ധയോടെ

നെയ്യെടുത്തു ചപ്പാത്തിയിൽ പുരട്ടുകയായിരുന്നു.

"ചേടത്തി നിങ്ങൾക്കു എന്നോട് ദേഷ്യമാണോ?" ജാഗർ അടുക്കളയിൽ പീഠത്തിലിരുന്നുകൊണ്ട് ചോദിച്ചു.

മദ്യത്തിൻെറ ഗന്ധം ഭാനുവിൻെറ അടുത്തെത്തി. അവൾ ഒരു പ്രാവശ്യം ജാഗറെ നോക്കിയിട്ടു വീണ്ടും തലകുനിച്ച് തൻെറ ജോലി തുടർന്നു.

"ചേടത്തി! ഞാൻ പറയുന്നതു വല്ലപ്പോഴും ഇളയ അനുജനോട് ചിരിച്ചുകൊണ്ട് സംസാരിക്കണമെന്നാണ്. ചേടത്തിമാർ ,സാധാരണ അനുജൻമാർക്കുവേണ്ടി എന്തൊക്കെ ഒരുക്കാറുണ്ട്."

ഭാനു അയാളെ തുറിച്ചുനോക്കികൊണ്ട് പറഞ്ഞു. "ജാഗർ മുകളിൽ പോയി ഇരിക്കൂ."

"നിങ്ങൾ അനുസരിക്കുന്നതുവരെ ഞാൻ പോവില്ല." ജാഗർ ഉറച്ചിരുന്നിട്ട് പറഞ്ഞു.

"ജാഗർ ഇതു ഒട്ടും ശരിയല്ല." ഭാനു ക്രുദ്ധയായി.

"ചേടത്തി! എന്നെ എന്തുചെയ്താലും വേണ്ടില്ല. ഇങ്ങനെ തുറിച്ചു നോക്കരുത്."

ഭാനു മൗനമവലംബിച്ചു.

"പകൽ മുഴുവൻ ആലോചിച്ചാലോചിച്ച് എങ്ങനെയെങ്കിലും സമയം കഴിക്കും. നിങ്ങളെ ഒന്നു കാണാൻ കൊതിയാവും."

"എൻെറ മുഖത്തിനു എന്താ ഇത്ര വിശേഷം." ഭാനു ചപ്പാത്തി ഇലയിൽ പൊതിഞ്ഞ് പാത്രത്തിൽ വച്ചു.

"അതാണ് എനിക്കും മനസ്സിലാകാത്തത്. വീട്ടിലും ശകാരം കേൾക്കണം. ഇവിടെ നിങ്ങളും തള്ളിപ്പറയുന്നു. എന്നിട്ടും എൻെറ ഭ്രാന്തമായ മനസ്സ് എന്നെ ഇങ്ങോട്ടു തന്നെ നയിക്കുന്നു."

ഭാനു ഗോതമ്പുമാവിൻെറ പാത്രത്തിൽ വെള്ളം ഒഴിച്ച് അതുകഴുകി വൃത്തിയാക്കാൻ തുടങ്ങി.

"ചേടത്തി സർബനും എൻെറ സുഹൃത്തായിരുന്നു. ഒരിക്കൽ ഉത്സവസ്ഥലത്തുവച്ച് ഞങ്ങൾ ഒന്നിച്ച് ഗുസ്തിപിടിക്കുകയുണ്ടായി."

ഭാനുവിൻെറ ദേഷ്യം അകന്നു.

ഒരു നീണ്ട നിശ്വാസം ഉയർന്നു. അവൾ നിരുദ്ധകണ്ഠയായി ജാഗറിനെ നോക്കി.

ജാഗർ അവളുടെ കൈയ്ക്കു കടന്നു പിടിച്ചതു അപ്പോൾ മാത്രമാണ് അവൾ അറിഞ്ഞത്.

"പാടില്ല, ജാഗർ പാടില്ല," ഭാനു കയർത്തു.

"നിങ്ങൾ എൻെറ രക്തം കുടിച്ചു. എനിക്കു പകലുമില്ല സമാധാനം രാത്രിയിലുമില്ല. രണ്ടു മാസമായി ഞാൻ ഇവിടെ കറങ്ങുന്നു. എന്നോട് ഇങ്ങനെ പെരുമാറാൻ നിങ്ങൾക്കു തോന്നുന്നവല്ലൊ. നാരായണൻ അതിനുതക്ക യോഗ്യതയുള്ളവനാണോ?" ജാഗർ ഭാനുവിനെ കെട്ടിപ്പിടിച്ചു.

“വേണ്ട......വേണ്ട. ഞാൻ ബഹളംകൂട്ടും ജാഗർ. ഈശ്വരനെ ഓർത്ത് ഇവിടെ നിന്നും പോകൂ.”

“എവിടെ പോകും.”

എരുമ തലകുലുക്കി. ചങ്ങല കിലുങ്ങി. നാരായണൻ വരുന്നുണ്ടെന്നു ജാഗറിനു മനസ്സിലായി. അയാൾ ഭാനുവിനെ വിട്ടിട്ട് മാറി നിന്നു. ഭാനു ഓടി തീജ്വാലപോലെ വെളിയിൽ എത്തി. അതേ മട്ടിൽ വാതിൽ തുറന്നിട്ടിട്ട് അവൾ പേടിച്ച് പരിഭ്രമിച്ച് സന്തിയുടെ വീട്ടിൽ ചെന്നു.

“മോളെ ഭാനു നീയോ? എന്താ അങ്ങുമിങ്ങും നോക്കുന്നത്?” സന്തി വാതിക്കൽ ഇരുന്ന് പട്ടിക്ക് ആഹാരം കൊടുക്കുകയായിരുന്നു.

“ഞാൻ തന്നെയാണ് അമ്മേ.” എന്നു പറഞ്ഞുകൊണ്ട് ഭാനു അവളുടെ അടുത്തെത്തി പൊട്ടിക്കരഞ്ഞു.

“എന്തുപറ്റി? എന്താണെന്നു വച്ചാൽ പറയൂ. നാരായണൻ വല്ലതും പറഞ്ഞോ? സന്തി അവളുടെ തലയിൽ കൈ വച്ച് വാത്സല്യത്തോടെ ചോദിച്ചു.

“ഇല്ലമ്മേ, അദ്ദേഹം വീട്ടിലില്ല. ജാഗർ.........ജാഗർ........” ബാക്കിഭാഗം ഏങ്ങലടിയിൽ ലയിച്ചുപോയി.

“ആഹാ, അവന് ഇത്രയ്ക്കു അഹങ്കാരമോ? ഞാൻ ഇപ്പോൾ ആ ഹറാമിനെ മര്യാദ പഠിപ്പിക്കും.” എന്നു പറഞ്ഞിട്ട് സന്തി വാതിക്കൽ കിടന്ന വലിയ ഒരു കരിമ്പ് എടുത്തുകൊണ്ട് മുമ്പോട്ടു നടന്നു.

“അമ്മേ ബഹളം വയ്ക്കരുത് ആളുകളെന്തു പറയും?”

“ആളുകൾ എന്തു പറയാനാ? നാളെ ഇവൻ മറ്റേതെങ്കിലും പെണ്ണിൻെറ മാനം അപഹരിക്കാൻ ചെല്ലും. ഞാൻ ചോദിക്കുന്നത് ഇപ്പോൾ അവനു നമ്മുടെ തെരുവിൽ കടന്നിട്ടന്തുകാര്യം.” സന്തി ആവേശത്തോടെ സംസാരിച്ചു.

സന്തി വരുന്നതിനു മുമ്പു തന്നെ ജാഗർ സ്ഥലം വിട്ടിരുന്നു. പക്ഷേ സന്തി വിട്ടില്ല. കണ്ടവരോടൊക്കെ പറഞ്ഞു. ‘അറിഞ്ഞില്ലേ, ആ ദയാലുവിൻെറ കൊള്ളരുതാത്ത അനുജൻ ജാഗർ കള്ളും കുടിച്ച് നാരായണൻെറ വീട്ടിൽ ചെന്ന് ബഹളമുണ്ടാക്കി.’

“സന്തിയമ്മേ നിങ്ങൾക്കറിയില്ല. അവളെപ്പോലുള്ളവർ ആദ്യമൊക്കെ പ്രോത്സാഹിപ്പിക്കും. ആരെങ്കിലും പുറമേ നിന്നു കണ്ടാൽ കിടന്നു ബഹളം വയ്ക്കും. എന്നിട്ടു ശീലാവതി ചമയും.” ബച്നി സന്തിയോട് പറഞ്ഞു.

“അല്ല മോളെ, ഭാനു ഇവിടെ വന്നിട്ട് ഇത്രയും നാളായി. അവളെപ്പറ്റി ഇങ്ങനെ ഒന്നും കേട്ടിട്ടില്ല. അവൾ അത്തരക്കാരിയല്ല.”

“അമ്മേ ജാഗർ പട്ടണത്തിൽ നിന്നും സൂട്ട് തുന്നിക്കൊണ്ടു വന്നതായി ആളുകൾ പറയുന്നു. അങ്ങനെ വെറുതെ സൂട്ട് കിട്ടുമോ?”

“അല്ല മോളെ. അപ്പോൾ ഞാനുണ്ടായിരുന്നു. നാരായണൻ തന്നെ അവൻെറ കൈയിൽ കൊടുത്തതാണ്. വീട്ടിൽ കൊണ്ടുകൊടുക്കാൻ. അയാൾ എന്തോ കാര്യത്തിനുവേണ്ടി എവിടെയോ പോകുകയായിരുന്നു.”

"അതെ അമ്മേ നിങ്ങളുടെ മുമ്പിൽ വച്ച് അവൾ എന്തു പറയാനാണ്? നാരായണൻ കൊടുത്തയച്ചതാണെന്നു തന്നെ."

"സത്യം ഈശ്വരന് അറിയാം." എന്നു പറഞ്ഞുകൊണ്ട് സന്തി വാതിൽക്കൽ നിന്ന പട്ടിയെ കരിമ്പുകൊണ്ടു ശക്തിയായി അടിച്ചു. പട്ടി മോങ്ങിക്കൊണ്ട് മുടന്തി മുടന്തി അവിടെനിന്നും ഓടി.

"ഇന്ന് വയലിനടുത്തുള്ള കിണറിന്റെ അരികിൽകൂടി പോകാം." നാരായണൻ കുപ്പി പുതപ്പിനുള്ളിൽ ഒളിച്ചുകൊണ്ട് രണ്ടു കൂട്ടുകാരോടും പറഞ്ഞു.

"എന്താ ഇന്നു വീട്ടിലേക്കു പോകണ്ടേ?" ബന്ത ചോദിച്ചു.

"എന്തിനാ കുടിക്കുന്നത് എന്നു ചോദിച്ച് വീട്ടിൽ ഭാനു വഴക്കിടും."

"നിങ്ങൾ ഈ കടും പിടുത്തക്കാരിയെ എവിടെനിന്നുകൊണ്ടുവന്നു.? തിന്നാനും കുടിക്കാനും പോലും സമ്മതിക്കാത്തവൾ." ബന്ത ചോദിച്ചു.

"ഭാനു അറിവുള്ളവളാണു ബന്താ ലാഭയുടെ മകൻ ഇന്ദർ നാരായണനെ നോക്കിപ്പറഞ്ഞു.

"തിന്നാനും കുടിക്കാനും തടസ്സം വന്നാൽ പിന്നെ ഇയാൾ കൂട്ടുകാരുടെ ഉറ്റമിത്രമായി എങ്ങനെ കഴിയും? കൂട്ടുകാരില്ലാതൊരു ജീവിതം ഉണ്ടോ? ആകെകൂടി കുറച്ചു ദിവസമേ ഈ ലോകത്തു താമസമുള്ളൂ. പിന്നെ കുടിക്കുകയും തിന്നുകയും ചെയ്യാതെ എന്തുകൊണ്ടുപോകാനാണ്. " ബന്ത തന്റെ വാദമുഖം അവതരിപ്പിച്ചു.

"വരൂ, നിങ്ങളുടെ തളത്തിൽ പോയി ഇരിക്കാം. അൽപ സമയം മതിയല്ലൊ." നാരായണൻ പറഞ്ഞു.

"അതെ എന്നെവീട്ടിൽ നിന്നും പുറത്താക്കണം. ഞങ്ങളുടെ മൂപ്പിൽസിന്റെ വടി കണ്ടില്ലേ?"

"ഈ പറഞ്ഞതു കൊള്ളാം. നാരായണൻ ഇപ്പോഴും കൂട്ടുകാരുടെ ഉറ്റ സുഹൃത്തുതന്നെ." ഇന്ദറുടെ വക.

"ചങ്ങാതി, നിങ്ങൾ ഇപ്പോഴേ ഭാനുവിനെ പേടിച്ചുതുടങ്ങിയോ?" ബന്ത വീണ്ടും നാരായണന്റെ കാര്യം എടുത്തിട്ടു.

"അവൾ പറയുന്നത് ഒരു കണക്കിനു ശരിതന്നെയാണ്. ഒന്നാമതു ധനനഷ്ടം, പുറമെ ശരീരത്തിനു ബലക്ഷയം." നാരായണൻ ആലോചനയിൽ മുഴുകിക്കൊണ്ട് പറഞ്ഞു.

"കളയൂ, ചങ്ങാതി, അർത്ഥശൂന്യമായ കാര്യങ്ങൾ. നാം ആർക്കു വേണ്ടിയാ പണം സമ്പാദിക്കേണ്ടത്? എന്താ, നമ്മുടെ കുട്ടികൾ നമ്മുടെ കാലശേഷം കിടന്നു കരയുമോ? പിന്നെ ദേഹം എന്തു ക്ഷയിക്കാനാണ്. ക്ഷയിക്കേണ്ടതു ക്ഷയിച്ചു കഴിഞ്ഞു. ഇനി ഏതാനും നാളുകൾകൂടിയല്ലേ ഈ സുഖവും ആനന്ദവും ഉള്ളൂ? " ഇന്ദർ നാരായണനോട് പറഞ്ഞു.

"പക്ഷേ ഭാനു........ഭാനു അതിനു വൃദ്ധയല്ലല്ലൊ." നാരായണൻ ആരോടെന്നില്ലാതെ പറഞ്ഞു.

അപ്പോഴേക്കും അവർ കിണറ്റിനടുത്തെത്തി. അവർ കിണറ്റിൽ നിന്നും വെള്ളമെടുത്തു. എന്നിട്ട് അവിടെയിരുന്ന് മദ്യപിക്കാൻ ആരംഭിച്ചു. മദ്യപാനത്തിനിടയിൽ നുറുങ്ങു കഥകൾ പറഞ്ഞു രസിച്ചു.

"ഒരിടത്തു ഒരു കുടിയൻ ഉണ്ടായിരുന്നു." നാരായണൻ കഥ ആരംഭിച്ചു. "അയാൾ നമ്മളെപ്പോലെ കിണറിനടുക്കൽ ഇരിക്കുകയായിരുന്നു. കുറെക്കഴിഞ്ഞപ്പോൾ വെയിലായി. കുടിയൻ കൂട്ടുകാരോട് പറഞ്ഞു. എടേ വെയിലായി.

'ഈ കിണർ നമ്മൾക്കു തണലത്തേക്കു കൊണ്ടുപോകാം.' കുടിയൻമാരിലൊരാൾ അഭിപ്രായപ്പെട്ടു.

'ശരി അങ്ങനെയാകാം.' കൂട്ടുകാരെല്ലാം സമ്മതിച്ചു.

കയറിട്ട് കിണർ വലിച്ചുകൊണ്ടുപോകാൻ ശ്രമം ആരംഭിച്ചു. ഏറെ നേരം അവർ ജോലിതുടർന്നു. ഒടുവിൽ സന്ധ്യയായി. സൂര്യനസ്തമിച്ച് തണൽ കിട്ടി.

'നിർത്ത്, നിർത്ത് കിണർ തണലത്തെത്തി.' ഒരാൾ പറഞ്ഞു. കിണർ തണലിൽ കണ്ടപ്പോൾ എല്ലാ കുടിയൻമാർക്കും സന്തോഷമായി.

നാരായണൻ കഥ പറഞ്ഞു അവസാനിപ്പിച്ചു. എന്നിട്ട് മൂന്നുപേരും കൂടി കുപ്പിയിൽ ബാക്കിയുണ്ടായിരുന്ന മദ്യം കുടിച്ചുതീർത്തു.

ആരോ നേരെ കിണറിനടുത്തേക്കു വരുന്നതുകണ്ടു. മൂന്നുപേരും അയാളെ നോക്കി. "ആരാ അത്." അടുത്തെത്തിയപ്പോൾ നാരായണൻ ചോദിച്ചു.

"ഞാനാണ്, ജാഗർ. നിങ്ങൾ ഇവിടെ ഇരിക്കുന്നു. ഞാൻ വീട്ടിലന്വേഷിച്ചു നടക്കുകയും."

"നീ താമസിച്ചുപോയി. ഞങ്ങൾ കുപ്പികാലിയാക്കിക്കഴിഞ്ഞു. നാരായണൻ പറഞ്ഞു.

"കാലിയായത് പോയി തുലയട്ടെ, ഞാൻ നിങ്ങളോട് ഒരു പ്രത്യേക കാര്യം പറയാൻ വന്നതാണ്."

"എങ്കിൽ പറയൂ,"

"നിങ്ങളോടു മാത്രം പറയാനുള്ളതാണ്."

"ആരെങ്കിലും ഭാനുവിനേയും കൊണ്ട് കടന്നുകളഞ്ഞോ? അല്ലാതെ ഒറ്റയ്ക്കു പറയാൻ എന്തിരിക്കുന്നു." ബന്ത പരിഹാസമട്ടിൽ പറഞ്ഞു.

"ഞങ്ങൾ വരുന്നു" എന്നു പറഞ്ഞിട്ട് നാരായണൻ ജാഗറെയും കൊണ്ട് ഗ്രാമത്തിലേക്കു നടന്നു.

കുറെ ദൂരം ഇരുവരും മൗനമായി നടന്നു.

"എന്താ കാര്യം ജാഗർ ?" നാരായണൻ ചോദിച്ചു.

"എന്തു പറയാനാ നാരായണൻ ചേട്ടാ, നിങ്ങളുടെ ഭാര്യ നല്ലവളല്ല."

നാരായണനു ഷോക്കേറ്റപോലെ തോന്നി.

"എന്താ സംഭവിച്ചത്?" അയാൾ പരിഭ്രമത്തോടെ ചോദിച്ചു.

"എന്തു സംഭവിക്കാനാ, ഞാൻ വിചാരിച്ചു നിങ്ങൾ വീട്ടിൽ കാണും. ഒരുമിച്ചിരുന്നു അൽപം മദ്യപിക്കാം. ഇന്നു കൊണ്ടുവന്നതാണ് നല്ലതരം സാധനം."

"ജാഗർ, വീട്ടിൽ ആരെയെങ്കിലും കൊണ്ടുവരുന്നത് ഭാനുവിന് ഇഷ്ടമല്ല. ഞാൻ ഇന്നു കിണറ്റിൻ കരയിലേക്കു പോകയാണെന്നു പറഞ്ഞു."

"നിങ്ങളോട് എന്തുപറയാനായ ചേട്ടാ? ഞാൻ ചെന്നപ്പോൾ നിങ്ങൾ വീട്ടിൽ ഇല്ലായിരുന്നു. എന്നോട് അവർ പറഞ്ഞു, ജാഗർ ആഹാരം കഴിച്ചിട്ടുപോകാം. ഞാൻ പറഞ്ഞു ചേട്ടൻ വന്നിട്ടു കഴിക്കാം."

"ജാഗർ അവളുടെ സ്വഭാവം അല്ലെങ്കിൽ തന്നെ നല്ലതാണ്."

"എവിടാ നല്ലത്? നിങ്ങൾ വെറും പാവമാണ്. ഞാൻ പറയണമെന്നു വിചാരിച്ചതല്ല. പക്ഷേ പിന്നെ തോന്നി ആ കള്ളി എന്തൊക്കെയാവും നിങ്ങളോട് പറയുന്നതെന്ന്. നമ്മൾ സഹോദരൻമാർ തമ്മിൽ വഴക്കുണ്ടാക്കിയാലോ? ഈ പെണ്ണുങ്ങളെ ഒരിക്കലും വിശ്വസിക്കാൻ വയ്യ." ഗ്രാമത്തിലേക്കു വേഗം വേഗം നടന്നു നീങ്ങുന്ന നാരായണനോട് ജാഗർ പറഞ്ഞു.

പക്ഷേ നാരായണനു ഒന്നും കേൾക്കാനുള്ള ക്ഷമ ഇല്ല. "നിന്റെ കൈയിൽ മദ്യം ഉണ്ടോ?" അയാൾ ജാഗറോട് ചോദിച്ചു. ജാഗർ മദ്യം എടുത്തു നാരായണന്റെ കൈയിൽ കൊടുത്തു. "വൈകിട്ടു ചേടത്തിയുടെ പെരുമാറ്റം സർവ്വലഹരിയും ഇറക്കി. അതുകൊണ്ടു ഒരാളുടെ കൈയിൽ നിന്നും ഇതുവാങ്ങി."

നാരായണൻ ഒറ്റ വലിക്ക് അതു മുഴുവൻ അകത്താക്കി. കാലിക്കുപ്പി വലിച്ചറിഞ്ഞു പൊട്ടിച്ചു.

"ആരോടും പറയരുത്, പറഞ്ഞാൽ നിങ്ങൾക്കാവും ചീത്തപ്പേര്," ജാഗർ തന്റെ വീട്ടിലേക്കു തിരിഞ്ഞുകൊണ്ട് നാരായണനോട് പറഞ്ഞു.

നാരായണൻ അതീവക്രുദ്ധനായി വീട്ടിലെത്തി. അകത്തുകയറി ഉടൻ അയാൾ കതകടച്ചു സാക്ഷയിട്ടു.

ഭാനു പാല് ചൂടാക്കുകകയായിരുന്നു. നാരായണൻ മൂലയ്ക്ക് നിന്നും ഇരുമ്പുചുറ്റിയ വടിയെടുത്തു. ഇടവും വലവും നോക്കാതെ വടികൊണ്ട് അവളെ തെരുതെരെ അടിച്ചു.

പേടിച്ചു വിറച്ച ഭാനുവിന്റെ കൈകളിലും ദേഹത്തും അടികൊണ്ടു. അന്യഥാ ശുഷ്കിച്ചു മെലിഞ്ഞ നാരായണന് ഇന്ന് ഇത്ര ശക്തി എവിടുന്നാ കിട്ടിയത്. വടികൊണ്ടുള്ള അടിയേറ്റ് ഭാനുവിന്റെ ശരീരത്തിൽ പാടുകൾ വീണു.

നാരായണൻ അടിക്കുന്നതോടൊപ്പം വൃത്തികെട്ട അസഭ്യവാക്കുകൾ വിളിച്ചുകൊണ്ടിരുന്നു. ഒടുവിൽ സഹിക്കവയ്യാതെ ഭാനു വടിപിടിച്ചുവാങ്ങി. നാരായണൻ താഴെ വീഴാത്തതു ഭാഗ്യം. അയാൾ മറ്റേതെങ്കിലും വടി ഉണ്ടോ എന്നു ചുറ്റും നോക്കി.

ഭാനു ഓടിച്ചെന്ന് കതകിന്റെ സാക്ഷ നീക്കി. പുറത്തെ ഇരുട്ട് അവളെ കുറെക്കൂടി ഭയപ്പെടുത്തി. അവൾ പുറത്തു വന്നു നിന്നു.

"എവിടെയെങ്കിലും പൊയ്ക്കൊ ഇവിടെ നിന്ന്." നാരായണൻ വടി വാങ്ങി രണ്ടുമൂന്നു അടികൂടി കൊടുത്തു.

"അല്ലാ നാരായണാ , നീ തന്നെയോ" ബച്നി ഓടി അങ്ങോട്ടു വന്നു. നാരായണന് അടിനിർത്തേണ്ടിവന്നു.

"അപ്പോൾ നീ കുറെനേരമായി ഭാനുവിനെ അടിക്കുകയായിരുന്നു അല്ലേ? എന്താ ശബ്ദം കേൾക്കുന്നതെന്ന് എനിക്കു മനസ്സിലായില്ല.

പാല് കിട്ടാത്തതിന് എരുമയെ അടിക്കുകയാവും എന്നു ഞാൻ വിചാരിച്ചു."

"വിടൂ, ബച്നി, ഈ നാശത്തിനെ നിങ്ങൾക്കറിയില്ല." നാരായണൻ പല്ലു കടിച്ചുകൊണ്ട് വീണ്ടു അടിക്കാൻ തയ്യാറെടുത്തു.

ബച്നി തന്റെ ഭർത്താവിനെ വിളിച്ചു. "ദാ ഇവിടംവരെ ഒന്നു വരണേ. ഇയാൾക്കു ഇന്നു എന്തുപറ്റിയോ എന്തോ. ഭദ്രകാളിയുടെ ആവേശമാണെന്നു തോന്നുന്നു. പാവം പെണ്ണിനെ ഇട്ടുചതച്ചു."

"എടീ എന്താ, എന്തുപറ്റി." സന്തിയും ബഹളം കേട്ട് ഓടിയെത്തി.

"നോക്കിയേ ഈ നാരായണൻ എന്താ ചെയ്യുന്നതെന്ന്. എടോ നിങ്ങൾ കൊച്ചുകുഞ്ഞൊന്നുമല്ല. തലനരച്ചുതുടങ്ങിയല്ലൊ."ബച്നി ഉമ്മറപ്പടിയിൽ നിർന്നിമേഷയായി ഇരുന്ന ഭാനുവിനെ ചൂണ്ടികാട്ടിക്കൊണ്ട് പറഞ്ഞു.

"നിങ്ങൾക്കു ഭ്രാന്ത് പിടിച്ചോ നാരായണൻ." ഭഗ്തു അയാളുടെ കൈയിൽ നിന്നും വടി പിടിച്ചു വാങ്ങി.

"നിങ്ങൾക്കെന്തറിയാം, ഇവളെപ്പറ്റി? ഇവളെ വീട്ടിൽ കൊണ്ടു വന്ന ആ നിമിഷത്തെ ഓർത്തു പശ്ചാത്തപിക്കുകയാണ് ഞാൻ. " നാരായണൻ ചെരിപ്പെടുത്ത് എറിഞ്ഞുകൊണ്ട് പറഞ്ഞു.

"എടാ നാരായണാ സ്ത്രീയേയും ഭൂമിയേയും ആരെങ്കിലും അടിക്കുമോ? സന്തി ഭാനുവിന്റെ അടുത്തുചെന്നിട്ട് പറഞ്ഞു.

ഭഗതു നാരായണനെ കാര്യം പറഞ്ഞു മനസ്സിലാക്കി ശാന്തമാക്കി. സന്തി ഭാനുവിനെ സമാധാനിപ്പിച്ചു.

ആളുകൾ പോയിക്കഴിഞ്ഞിട്ട് നാരായണൻ തന്നെ ചപ്പാത്തിയെടുത്ത് വലിയകഷണമാക്കി തിന്നു.

ഭാനു അടുപ്പിനു മുമ്പിലിരുന്ന് പഞ്ഞിചൂടാക്കി തന്റെ മുറിവുകളിൽ വച്ചു കൊണ്ടിരുന്നു. അവൾ കരയുകയായിരുന്നു.

ആഹാരം കഴിച്ച് നാരായണൻ തന്റെ കട്ടിലിൽ പോയി കിടന്നു.

പിന്നെ എന്തുകൊണ്ടോ അയാൾ എണീറ്റിരുന്നു. അയാൾ ഭാനുവിനെ നോക്കി. എന്നിട്ട് എണിറ്റ് അവളുടെ അടുത്ത് അടുപ്പിന്റെ മുമ്പിൽ പോയി ഇരുന്നു.

"ഭാനു അയാളെ നോക്കിയതേയില്ല. പിന്നീട് അയാൾ ഭാനുവിന്റെ കൈയിൽ നിന്നും പഞ്ഞിവാങ്ങി ചൂടാക്കി കൊടുത്തു,

"ഭാനു, എനിക്കു വല്ലാത്ത ദേഷ്യമായിരുന്നു." ഭാനുവിന്റെ കണ്ണിൽ നിന്നും കണ്ണിനീർ ധാരധാരയായി പ്രവഹിച്ചു. പക്ഷേ അവൾ വാതുറന്ന് ഒന്നും പറഞ്ഞില്ല.

"നീ കട്ടിലിൽ പോയി കിടക്ക്. ഞാൻ പഞ്ഞി ചൂടാക്കി തരാം."

ഭാനു ദുഃഖത്തോടെ എണീറ്റ് വേദനിക്കുന്ന കൈകാലുകൾ തലോടിക്കൊണ്ട് കട്ടിലിൽ പോയി കിടന്നു.

നാരായണൻ പഞ്ഞി ചൂടാക്കികൊടുത്തുകൊണ്ടിരുന്നു. ഒന്നുരണ്ടു പ്രാവശ്യം അയാൾ അവളുടെ മുടിയിൽ തലോടി.

എന്നിട്ടും ഭാനു അയാളെ നോക്കിയില്ല.

"ഭാനു നീ പിണങ്ങരുത്. വീടുകളിൽ ഇങ്ങനെയൊക്കെ സംഭവിക്കാറുണ്ട്......... ഒരു കാലൻ സമാധാനം പറയുന്നു." നാരായണൻ പകുതി ഭാനുവിനോടും പകുതി തന്നോടുമായി പറഞ്ഞു.

"നിങ്ങൾ ഉറങ്ങിക്കൊള്ളൂ." ഭാനു അയാളുടെ കൈ മാറ്റിക്കൊണ്ട് പറഞ്ഞു.

നാരായണൻ എഴുന്നേറ്റ് തന്റെ കട്ടിലിൽ പോയികിടന്നു. രാത്രി ഏറെ നേരം അയാൾക്കുറക്കം വന്നില്ല.

ഭാനു തിരിഞ്ഞു കിടക്കുമ്പോഴൊക്കെ വേദനകൊണ്ട് ഞരങ്ങി.

നാരായണൻ നിവൃത്തിയില്ലാതെ എണീറ്റിരുന്നു. അയാൾ അടുപ്പു കത്തിച്ച് പാല് ചൂടാക്കി. അൽപം നെയ്യ് അതിലൊഴിച്ചിട്ട് ഭാനുവിനോട് കുടിക്കാൻ പറഞ്ഞു. "എനിക്കു കുടിക്കാൻ തോന്നുന്നില്ല." അയാളുടെ നേരെ നോക്കാതെ ഭാനു പറഞ്ഞു.

"തോന്നുന്നില്ലെങ്കിൽ എന്നെ ഓർത്ത് കുടിക്കൂ." നാരായണൻ ഗ്ലാസ് മുമ്പോട്ടു നീട്ടിക്കൊണ്ട് പറഞ്ഞു.

ഭാനു ഗ്ലാസ് വാങ്ങുകയോ മറുപടി പറയുകയോ ചെയ്തില്ല.

"ഭാനു ഞാൻ നിന്റെ കാലുപിടിക്കാം, നീ പാലുകുടിക്ക്." നാരായണൻ തന്റെ കൈയ് അവളുടെ പാദത്തിൽ തൊടാൻ ഭാവിച്ചു.

ഭാനു എഴുന്നേറ്റ് ഗ്ലാസ് വാങ്ങി. രണ്ടു കവിൾ കുടിച്ചു. "ഇന്ന് പാല് തൊണ്ടക്കു നിന്നു താഴോട്ട് ഇറങ്ങുന്നില്ല."

അവൾ വീണ്ടും കരഞ്ഞു.

നാരായണൻ അവളുടെ തോളിൽ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു. "അരുത് അരുത്, എന്റെ പൊന്നേ."

കുറെ ദിവസത്തേക്കു ഭാനു വീടിനു പുറത്തിറങ്ങിയില്ല. ആരെയെങ്കിലും കാണാൻ അവൾക്കു നാണമായിരുന്നു.

ബച്നി ഒന്നുരണ്ടു പ്രാവശ്യം അവളുടെ അടുത്തു ചെന്നു.

"എന്റെ ഭർത്താവും ഒരിക്കൽ എന്നോട് ഇതുപോലെ പെരുമാറി. അന്നു വല്യമ്മ ജീവിച്ചിരുപ്പുണ്ടായിരുന്നു. അവർ എല്ലാം ശ്രദ്ധയോടെ കേൾക്കുമായിരുന്നു. മൂമ്മൂന്നു ദിവസം കൂടുമ്പോൾ പിള്ളേരുടെ അച്ഛൻ എന്റെ പുറകെ വടിയുമായി എത്തും. നിവൃത്തിയില്ലാതെ വന്നപ്പോൾ ഞാൻ എന്റെ സഹോദരൻമാരോട് കാര്യം പറഞ്ഞു. അവർ മൂന്നും അന്നുതന്നെ വീട്ടിലെത്തി. അവർ ചോദിച്ചു. ഞങ്ങളുടെ സഹോദരിയുടെ തെറ്റെന്താണ്? അപ്പോൾ അവരുടെ മുമ്പിൽ പരുങ്ങിനിന്നതേയുള്ളു കക്ഷി. അതിൽ പിന്നെ ഇന്നു വരെ എന്റെ നേരെ കൈ ഓങ്ങിയിട്ടില്ല."

ബച്നി പറഞ്ഞത് ഭാനു മിണ്ടാതെ കേട്ടുകൊണ്ട് നിന്നു.

സന്തി വീട്ടുജോലിയൊക്കെ കഴിഞ്ഞ് എന്നും അവളുടെ അടുത്തു വരുമായിരുന്നു.

"ഭാനു, ഞങ്ങളുടെ സീതയുടെ വീട്ടുകാരനും ആദ്യമൊക്കെ ഇങ്ങനെ ഇടംകേട് കാട്ടുമായിരുന്നു. ഞാൻ പിന്നീട് കോട്ട്ലായിലെ ദിവ്യന്റെ അടുത്തുനിന്ന് 'രക്ഷ' എഴുതിക്കൊണ്ടു വന്നു. ഇപ്പോൾ

അൽപം ഭേദമുണ്ട്. നീ പൂജാരിയോട് ഒന്നു ചോദിച്ചുനോക്കു. വല്ലഗ്ര ഹത്തിന്റെ കുഴപ്പമോ മറ്റോ ആണെങ്കിൽ" സന്തി ഭാനുവിനോട് പറഞ്ഞു.

ഭാനു ഇടയ്ക്കിടെ മൂളുകയല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല.

ഒരു ദിവസം വഴിയിൽ വച്ച് ബച്നി ദയാലുവിനെ കണ്ടു. "എന്റെ എടീ, നിന്നോട് എങ്ങനെ പറയും? അന്നു നാരായണന് എന്തൊരു ഭൂതാവേശമായിരുന്നു. ഭാനുവിനെ വല്ലാതെ മർദ്ദിച്ചു." ബച്നി അവ ളോടു പറഞ്ഞു.

"എടീ അവളെപ്പോലുള്ളവരോട് അങ്ങനെതന്നെ പെരുമാറണം."

"പക്ഷേ ആ സിംഹക്കുട്ടി എതിർത്തൊരക്ഷരം ഉരിയാടിയില്ല."

"ആരെങ്കിലും സ്വന്തം കുറ്റം ഏറ്റുപറയുമോ."

"അത് ഈശ്വരനേ അറിയൂ. നമ്മളെന്തിനാ അതിൽ ഇടപെടുന്നത്."

"ഈശ്വരനെ ഇപ്പോൾ അത്തരക്കാർ പോക്കറ്റിലാക്കിയിരിക്കുക യാണ്. ഞാൻ നിന്നോട് നേരത്തെ പറഞ്ഞിട്ടില്ലേ. അവളുടെ സ്വഭാവം അത്ര നന്നല്ലെന്ന്. വെറുതെ ഭർത്താവ് കേറി അടിക്കാൻ ഒരുങ്ങുമോ."

"പക്ഷേ സന്തി പറഞ്ഞത് നിങ്ങളുടെ ജാഗർ അങ്ങോട്ടു കയറിച്ചെന്നു എന്നാണ്."

"കൊള്ളാം. നീ ആ സന്തിയമ്മയുടെ വാക്ക് വിശ്വസിച്ചല്ലോ. ഇനി കയറിചെന്നെങ്കിൽ തന്നെ വിളിക്കാതെ ചെന്നതാവില്ല. വേറെ ആരു ടേയും വീട്ടിൽ പോയില്ലല്ലോ. ഇങ്ങനെ പലവേലകളും അവൾക്കറിയാം. എന്നിട്ടിപ്പോൾ സ്വയം ശീലാവതി ചമയുന്നു. നാണം കെട്ടവൾ."

"സഹോദരി, നമുക്ക് ഇതിന്റെ അണിയറ രഹസ്യങ്ങൾ എന്ത റിയാം?"

"എന്റെ രണ്ട് സഹോദരൻമാർ സാക്ഷിയായി ഞാൻ പറയാം. ഞങ്ങളുടെ ജാഗർ അത്തരക്കാരനല്ല."

"കളയൂ ദയാലൂ, ഇക്കാലത്ത് ആരുടേയും മനസ്സിനെ വിശ്വസിക്കാ നാവില്ല. ആരെ ആണയിട്ടായാലും ശരി."

"ബച്നീ, ഞാൻ ജാഗറിനെ നന്നായി അറിയും. എന്റെ വിവാഹം കഴിഞ്ഞിട്ട് അഞ്ചു വർഷമായി. പാവം, സത്യസന്ധൻ ഇതുവരെ എന്റെ നേരെ ഒന്നു നോക്കുകപോലും ചെയ്തിട്ടില്ല."

"ഇനി നോക്കിയാൽ തന്നെ, എന്താ വല്ല അപകടവും ഉണ്ടാകുമോ? ബച്നി ചിരിച്ചുകൊണ്ട് ദയാലുവിന്റെ പുറത്തു ഒന്നു തട്ടി.

കാര്യം മനസ്സിലാക്കാതെ ദയാലുവും ചിരിച്ചു.

വാതിൽക്കൽ പുരുഷൻമാർ ഇരിക്കുന്നതു കണ്ടിട്ട് രണ്ടു പേരും സാരികൊണ്ട് തലമൂടിയിട്ട് പതുക്കെ മിണ്ടാതെ നടന്നു.

"സോഹൻസിംഗ് ഇത്തവണ തണുപ്പുകാലം വെറുതെയങ്ങു കട ന്നുപോയി. മഴ പെയ്തതേയില്ല." വാതിൽക്കലിരുന്ന് കയറുപിരിച്ചുകൊ ണ്ടിരുന്ന ഒരു വൃദ്ധൻ ശൂന്യമായ ആകാശത്തേക്കു നോക്കികൊണ്ട് സോഹൻസിംഗിനോട് പറഞ്ഞു. സോഹൻ സിംഗ് ഹുക്കാവലിക്കുകയാ യിരുന്നു.

"ഭഗവാൻ എങ്ങനെ മഴ പെയ്യിക്കും. ഈ ലോകത്ത് പാപികൾ കൂടിവരികയാണ്."

"കലിയുഗമാണ് സോഹൻസിംഗ്, കലിയുഗം. പഴമക്കാർ പറഞ്ഞ കാര്യങ്ങൾ വെറുതെയാവില്ല. കണ്ടില്ലേ ധാന്യങ്ങൾക്കു സേറിന് ഒരു രൂപ വിലയായി."

"രൂപയും ഇക്കാലത്ത് വെറും കടലാസുമാത്രം."

"കടലാസുതന്നെ വെള്ളക്കാർ അങ്ങു ശീമയിൽ നിന്നും കൊണ്ടു വന്നതാണെന്നു പറയുന്നു. ഇവിടെ നോട്ട് ഉണ്ടാക്കാറില്ലായിരുന്നു: ഇവിടത്തുകാർ കണ്ടു പഠിച്ചാലോ."

"ഈ സായിപ്പൻമാരുടെ ബുദ്ധി സമ്മതിക്കണം. വിദ്യുച്ഛക്തിയും അവർ കണ്ടു പിടിച്ചതാണെന്നു പറയുന്നു."

"മഹാഭാരതത്തിൽ അർജ്ജുനനും മറ്റും അഗ്നിബാണം നിർമ്മിക്കാൻ മേഘങ്ങളിൽ നിന്നു വൈദ്യുതി താഴെ കൊണ്ടുവന്നതായി പറയപ്പെടുന്നു. പിന്നീട് ശക്തൻമാർ ഇല്ലാതെ വന്നതുകൊണ്ട് വൈദ്യുതി മടങ്ങിപ്പോയി." ബിഷൻ അത്രയും പറഞ്ഞിട്ട് ഹുക്കായെടുത്തു നീണ്ട പുകവിട്ടിട്ട് അതു സോഹൻ സിംഗിനു കൊടുത്തു.

ഒരു സായാഹ്നം. വേഗംവേഗം അകന്നുപോകുന്ന വെയിൽ. വെയിലത്തിരുന്നു ഭാനു പെൺകുട്ടികളോടൊപ്പം കല്ലുകളിക്കുകയായിരുന്നു. അപ്പോൾ സന്തി ആ വഴി വന്നു.

"എടീ ഭാനൂ, നിനക്കു ഇത്രയ്ക്കു വിവരമില്ലേ! ഇങ്ങനെ കൊച്ചു കൊച്ചു പിള്ളേരുടെ കൂടെ കല്ലുകളിക്കുകയാണോ." സന്തി നൂലുകളും ചർക്കയും എടുത്തുകൊണ്ടുവന്നു.

"ദാ ഇവിടെ വെയിലത്തു ഇരിക്കൂ അമ്മേ. ദയവുചെയ്ത് പോകരുത്." ഭാനു വെയിലത്തേക്കു കട്ടിൽ നീക്കിയിട്ടുകൊണ്ട് പറഞ്ഞു.

"നീ ആരുടെ മോളാ കുഞ്ഞേ?" കല്ലുകളിച്ചുകൊണ്ടിരുന്ന കുട്ടികളിൽ ഇളയവളോട് സന്തി ചോദിച്ചു.

"അമ്മേ ഞാൻ ഇന്ദോയുടെ പേരക്കുട്ടി ജീത്തോ ആണ്. ഇവിടെ ചിറ്റയുടെ അടുത്ത് സ്വെററർ തുന്നുന്നത് പഠിക്കാൻ വന്നതാണ്." പെൺകുട്ടി സൂചിയും നൂലും കൈയിൽ എടുത്തുകൊണ്ട് പറഞ്ഞു.

സന്തി കട്ടിലിൽ ഇരുന്നു നൂൽനൂൽക്കാൻ തുടങ്ങി. ഭാനു ജീത്തോയുടെ സൂചിയിൽ നൂൽ കോർത്തിട്ട് അവളെ സ്വെറ്റർ തുന്നുന്ന രീതി കാണിച്ചു കൊടുത്തു. മറ്റു രണ്ടു പെൺകുട്ടികൾ സന്തിയുടെ നേരെ നോക്കികൊണ്ട് തങ്ങളുടെ വീടുകളിലേക്കു പോയി.

"എടീ, ഭാനു, നീ നിൻെറ അച്ഛനു ആരെങ്കിലുംവശം സുഖമാണെന്ന വിവരത്തിനു കത്തു കൊടുത്തയ്ക്കൂ. പാവം വിഷമിച്ചിരിക്കുകയാവും."

"വിഷമിച്ചിരിക്കുകയോ? എവിടെങ്കിലും പോയി തുലഞ്ഞുകാണുമെന്നു വിചാരിച്ചിരിക്കും." ഭാനു പുതിയ ചെരുപ്പിട്ടിട്ട് ഉണ്ടായ കുമിള പൊട്ടിച്ചുകൊണ്ട് പറഞ്ഞു.

"നീ അദ്ദേഹത്തോട് യാതൊന്നും പറഞ്ഞില്ലേ ഭാനു ?"

"എന്തു പറയാനാണ്? അച്ഛന്റെ ഉദ്ദേശം എനിക്കുനേരത്തെ മനസ്സിലായിരുന്നു. അദ്ദേഹം പലരോടും രഹസ്യമായി വീട്ടിൽ ഇരുന്ന് സംസാരിക്കുന്നതു കണ്ടപ്പോൾ എനിക്കെങ്ങുമില്ലാത്ത ദേഷ്യം വന്നു. ഇനി എത്രകാലം അദ്ദേഹം ജീവിച്ചിരിക്കാനാണ്. പിന്നെ എന്തിനു എനിക്കുവേണ്ടി ആലോചിച്ചു കഷ്ടപ്പെടുന്നു."

"നിന്റെ നൻമയ്ക്കുവേണ്ടിയാവും അദ്ദേഹം ആലോചിച്ചത്?"

"അക്കാര്യം ഇപ്പോൾ ഈശ്വരനേ അറിയൂ. പക്ഷേ എന്നെ മറ്റാരുടെയെങ്കിലും കൂടെ വിവാഹം ചെയ്തയക്കാൻ അദ്ദേഹം ഉറച്ചപ്പോഴേ എനിക്കു കാര്യം പിടികിട്ടി. എനിക്കു രാത്രിയും പകലും ഒരുപോലെ സമാധാനമില്ലായ്മ. എനിക്കതിനുകഴിയുമോ? ആയിടെ ഗംഗാസ്നാനം വന്നെത്തി. എല്ലാവരും ഗംഗയിൽ കുളിക്കാൻ പുറപ്പെട്ടപ്പോൾ ഞാൻ അച്ഛനോട് ചോദിച്ചു, അച്ഛാ ഞാനും പോയിട്ടു വരട്ടെ?

ആദ്യം അദ്ദേഹം, താനും കൂടെ വരാമെന്നു പറഞ്ഞു. പിന്നെ ബസ്സുകൂലി ഓർത്തിട്ടോ എന്തോ പറഞ്ഞു, 'ജീവനിയും മറ്റും പോകുന്നുണ്ട്. അവരുടെ കൂടെ പൊയ്ക്കൊള്ളൂ. മേളയിൽ അവരുടെ കൂടെ നടക്കണം. കാണാതെ പോകരുത്.' ഞാൻ നേരിട്ട് ഒന്നും പറഞ്ഞില്ല. പക്ഷേ യാത്രതിരിച്ചപ്പോൾ എന്റെ മനസ്സിൽ തോന്നി ഇനിയും ഈ ഗ്രാമം വീണ്ടും കാണാൻ ഇടവരുമോ എന്തോ? സന്തിയമ്മേ, ഗംഗയിൽ മുങ്ങിമരിക്കാമെന്നു ഞാൻ ആലോചിച്ചു. ഗംഗയിൽ മുങ്ങിമരിക്കുന്നവർക്ക് അടുത്ത ജൻമത്ത് സർവ്വ ആഗ്രഹങ്ങളും സാധിച്ചുകിട്ടുമെന്നു പറയപ്പെടുന്നു."

"ഗംഗാമാതാവിനോട് ഒടുവിൽ നീ എന്തു ചോദിച്ചു?" സന്തി നൂൽ നൂറ്റുകൊണ്ട് ചോദിച്ചു.

"ഞാൻ പ്രാർത്ഥിച്ചത് അവസാനമായി ഒരിക്കൽകൂടി സർബനെ കാണണമെന്നാണ്. "

"അവനെ നീ ഇത്രവളരെ എന്തിനോർമ്മിക്കുന്നു? മരിച്ചു പോയവർ ആരുടേയും മിത്രങ്ങളല്ല. എന്റെ വീടിനടുത്ത് ഒരു മുക്കുവസ്ത്രീ ഉണ്ടായിരുന്നു- കർമ്മോ. ചെറുപ്പത്തിൽ തന്നെ അവൾ വിധവയായി. വെളുപ്പാൻ കാലത്ത് തന്റെ ഭർത്താവിന്റെ ചിതയുടെ അടുത്തേക്കു അവൾ പോയി. പിന്നീട് ചിതയിൽ നിന്നും ചാരം എടുത്തുകൊണ്ട് വന്നു. ഒടുവിൽ വീട്ടിൽ പ്രേതബാധയായി. ആദ്യം കുറ്റിയിൽ കെട്ടിയിട്ടിരുന്ന എരുമ ചത്തുപോയി. പിന്നെ വയസ്സിത്തള്ളയുടെ കണ്ണിനു കാഴ്ച നഷ്ടപ്പെട്ടു. ഒടുവിൽ അവൾക്കും ഇരുട്ടത്ത് പ്രേതബാധ അനുഭവപ്പെട്ടു. മറ്റുപോംവഴി ഇല്ലാതെവന്നപ്പോൾ മന്ത്രവാദിയെ കൊണ്ടുവന്നു. വീട് ശുദ്ധമാക്കി. പഹോവയിൽ കൊണ്ടുപോയി പ്രേതത്തെ ഒഴിപ്പിച്ചു. അതിൽ പിന്നീടാണ് പ്രേതം അവളെ വിട്ടുമാറിയത്. അതുകൊണ്ട് എന്റെ ഭാനു! മരിച്ചുപോയവരോടുള്ള സ്നേഹം ചീത്തയാണ്. അവർക്കു എന്തുചെയ്യാൻ കഴിയും? ആത്മാവ് അലഞ്ഞുതിരിയുന്നുണ്ടാകും."

"പ്രേതമായിട്ടായാലും വേണ്ടില്ല സർബനെ ഒരു പ്രാവശ്യം കണ്ടെ

ങ്കിൽ മതിയായിരുന്നു."

"എന്നിട്ട് നീ ഗംഗയിൽ പോയോ? സന്തി വീണ്ടും പഴയകാര്യം എടുത്തിട്ടു."

"ഉവ്വ് ഗംഗയിൽ പോയിട്ട് ഞാൻ മനഃപൂർവ്വം ജീവനിയുടെ അടുക്കൽ നിന്നും അകന്നുമാറി. എന്നിട്ട് ആദ്യം ഞാൻ മതിയാവോളം ഹൽവയും പൂരിയും വാങ്ങികഴിച്ചു. മരണസമയത്ത് ആളുകൾ തങ്ങൾക്കു ഏറ്റവും ഇഷ്ടപ്പെട്ട ശീലം കാട്ടാറുണ്ടെന്നു പറയാറുണ്ട്. എന്റെ അമ്മ നല്ല പൂരിയും ഹൽവയും ഉണ്ടാക്കാറുണ്ടായിരുന്നു. അവർ മരിച്ചതിൽ പിന്നെ അതു തിന്നിട്ടില്ല...... പിന്നീട് ഞാൻ സോഡാ വാങ്ങികുടിച്ചു. ഒരിയ്ക്കൽ സർബന്റെ കൂടെ ഉത്സവത്തിനു പോയപ്പോൾ ഞാൻ സോഡാ കുടിക്കുകയുണ്ടായി.

അന്നു ഞാൻ പുതിയ വസ്ത്രങ്ങൾ ഉടുത്തു! സർബൻ മരിച്ചതിൽ പിന്നെ ആദ്യമായി. എന്നിട്ട് ഗംഗയുടെ തീരത്ത് വളരെദൂരം ഞാൻ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. വളരെ അകലെ ഏകാന്തമായ സ്ഥാനം നോക്കി ഗംഗയിൽ എടുത്തുചാടി. നിങ്ങളുടെ അനുജൻ എങ്ങനെയോ അതുകണ്ടു.

"ആര് നാരായണനോ?" സന്തി ചോദിച്ചു."

"അതെ അദ്ദേഹം തന്നെ. അദ്ദേഹം ബഹളം കൂട്ടി. രണ്ടു പയ്യൻമാർ ഗംഗയിൽ ചാടി എന്നെ രക്ഷപ്പെടുത്തി. അപ്പോൾ എവിടെ നിന്നോ ഒരു പോലീസുകാരൻ അവിടെ എത്തി. ഞാൻ ആകെ ഭയന്നിരുന്നു. എന്നോട് ചോദിച്ചു, 'നീ ഏതാണ്? എന്തിന് മരിക്കാൻ പോയി? നടക്ക് സ്റ്റേഷനിലേക്ക്.' വല്ലാത്ത പേടികൊണ്ട് എനിക്കു സംസാരിക്കാനേ കഴിഞ്ഞില്ല. ഞാൻ നിന്നു വിറച്ചു. പെട്ടെന്നു അദ്ദേഹത്തിനു ഒരുപായം എങ്ങനെയോ തോന്നി. രണ്ടുരൂപാ രഹസ്യമായി പോലീസുകാരനു കൊടുത്തു. എന്നിട്ട് പറഞ്ഞു. ഹവൽദാർജി ഇത് എന്റെ വീട്ടുകാരിയാണ്. കാൽവഴുതി വെള്ളത്തിൽ വീണതാണ്. പോലീസുകാരൻ രണ്ടു രൂപയുംകൊണ്ട് സ്ഥലം വിട്ടു. അപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു– 'എടീ മായീ, നീ എന്താ ഈ കാട്ടിയത്! മുങ്ങിമരിച്ചിരുന്നെങ്കിലോ?' ഇപ്പോൾ എനിക്കു തോന്നുന്നു അന്നു സത്യത്തിൽ മുങ്ങിമരിച്ചിരുന്നെങ്കിൽ എന്ന്. എനിക്കു ഒന്നും പറയാൻ തോന്നിയില്ല. ഞാൻ കരഞ്ഞുകൊണ്ട് നിന്നു."

"ആപത്തുകാലത്ത് മനുഷ്യന് കരയുകയേ നിവൃത്തിയുള്ളു. അല്ലാതെ എന്തു ചെയ്യും." സന്തി അഭിപ്രായപ്പെട്ടു.

'വീട്ടിൽ വിവരമറിഞ്ഞാൽ വീട്ടുകാർ എന്തു വിചാരിക്കും.' അദ്ദേഹം ചോദിച്ചു.

'വീട്ടിൽ എനിക്കാരാ ഉള്ളത്? ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഈ സ്ഥിതി വരില്ലായിരുന്നു.'

'ഓഹോ അപ്പോൾ നീയും എന്നെപ്പോലെ തന്നെയാണ്. ശരി എങ്കിൽ എന്റെ കൂടെ വാ. എന്റെ വീട്ടിൽ നിനക്കും ആഹാരം തരാം.'

ഞാൻ വിചാരിച്ചു, ഗംഗാമാതാവ് കൊണ്ടുതന്നയാളാണ്. കൂടുത

ലൊന്നും ആലോചിക്കാനില്ല. ഞാൻ ഒരേയൊരു ചോദ്യമേ ചോദിച്ചുള്ളു. 'നിങ്ങൾ ജാട്ട് വർഗ്ഗത്തിൽ പെട്ടയാളാണോ?'

'അതെ. പിന്നെ എന്താ ചെരുപ്പുകുത്തിയാണെന്നു തോന്നുന്നോ?' അദ്ദേഹം ചോദിച്ചു.

അങ്ങനെ സന്തിയമ്മേ, ഞാൻ നിങ്ങളുടെ നാട്ടിലെത്തി. പക്ഷേ ഇപ്പോൾ പലപ്പോഴും തോന്നാറുണ്ട്, ഇതിൽ ഭേദം അന്നു മുങ്ങിമരിക്കു കയായിരുന്നു എന്ന്." ഭാനു തുന്നലിനിടയിൽ തന്റെ കഥ പറഞ്ഞു.

"പാടില്ല മോളെ, എന്തിനാ മുങ്ങി മരിക്കുന്നത്? ഈശ്വരവിധി എന്താണെന്നു എങ്ങനെയറിയും? എല്ലാം അദ്ദേഹം നിശ്ചയിക്കു ന്നതുപോലെയേ വരൂ." സന്തി പുതപ്പെടുത്തു തല പുതച്ചുകൊണ്ടു പറഞ്ഞു.

"ഇനി ജീവിച്ചിരുന്നിട്ടെന്തുപ്രയോജനം അമ്മേ? എന്റെ ധർമ്മം ഞാൻ നഷ്ടപ്പെടുത്തി. എന്നിട്ട് എന്തു നേടി?"

"മനുഷ്യൻ നിസ്സഹായനാണ്. അവന്റെ തലയിൽ എഴുതിയതു പോലെ ഒക്കെ വരും. ഭാനു, ഇനി വരാനിരിക്കുന്ന ഒരു കുഞ്ഞിന്റെ ഭാഗ്യം കൊണ്ട് നീ രക്ഷപ്പെട്ടതാണെങ്കിലോ?"

"ഇനി എവിടുന്നാ അതൊക്കെ? നിങ്ങളുടെ നാരായണന് ഇരുന്നിട്ട് എണീക്കാൻ പോലും ശക്തിയില്ല."

"അതുശരി തന്നെ. പക്ഷേ ഈശ്വരന്റെ ലീലാവിലാസം ഒന്നു വേറെയാണ്. നിന്റെ പേര് ഈ ഗ്രാമത്തിൽ ഉറയ്ക്കണമെന്നാണ് എങ്കിലോ? നീ നാരായണനെ ഒന്നു പ്രത്യേകം ശ്രദ്ധിക്കണം."

"എന്താ അമ്മേ നിങ്ങൾക്കു ഭ്രാന്തുണ്ടോ? ഉണങ്ങിയ മരം വീണ്ടും പുഷ്പിക്കുകയോ? മദ്യം അദ്ദേഹത്തെ ആകെ തകർത്തു കളഞ്ഞു."

"നീ ഏതെങ്കിലും മഹാത്മാക്കളെ പ്രാർത്ഥിക്കൂ. നാം കഥകളിലും പുരാണങ്ങളിലും വായിച്ചിട്ടില്ലേ? മുമ്പൊക്കെ കുട്ടികളില്ലാത്തവർ മഹാ ത്മാക്കളിൽ നിന്നും കുട്ടികളെ സ്വീകരിക്കാറുണ്ടായിരുന്നുവെന്ന്."

"അമ്മേ ഒരു കാര്യം ചോദിക്കട്ടെ?"

"ഉം ചോദിക്ക്."

"യഥാർത്ഥത്തിൽ ആത്മാവ് എന്ന് ഒന്നുണ്ടോ?"

"ആരും കണ്ടിട്ടും മറ്റുമില്ല. പക്ഷേ പഴമക്കാർ പറയുന്നത് വെറു തെയാവില്ല."

"പലപ്പോഴും ഇരുട്ടത്ത് ഒരു ശബ്ദം ഞാൻ കേൾക്കാറുണ്ട്. നാരാ യണന്റെ തന്നെ ഏതെങ്കിലും പൂർവ്വികൻമാരുടെ ആത്മാവാകുമോ അത്?"

"നീ ഒരു കാര്യം ചെയ്യ്. ഈ പ്രാവശ്യം ശ്രാദ്ധം കഴിപ്പിക്കണം. ആ കൊള്ളരുതാത്തവൻ ഒന്നും ചെയ്യില്ല. എങ്കിലും പൂർവ്വികൻമാർ അതൊക്കെ പ്രതീക്ഷിക്കാറുണ്ട്." സന്തി ഉപദേശിച്ചു.

ഭാനു അതിനു മറുപടി പറഞ്ഞില്ല.

"ജയ് സീതാറാം..... ജയ് സീതാറാം." ഒരു സന്ന്യാസി ഭാനുവിന്റെ വാതിൽക്കലെത്തി. കാഷായവസ്ത്രവും, കമണ്ഡലുവും, ജടയും. നഗ്

നപാദനായ ആ സന്ന്യാസി ഈശ്വരനാമത്തിൽ ഭിക്ഷയാചിച്ചു.

"മോളെ, അൽപം ഭിക്ഷ കൊടുക്കൂ. കുടുംബത്തിൽ നിന്ന് സന്ന്യാസിമാരെ വെറും കൈയോടെ അയക്കാൻ പാടില്ല." സന്തി നൂൽനൂറ്റു കൊണ്ടു തന്നെ ഭാനുവിനോട് പറഞ്ഞു.

ഗോതമ്പ്മാവ് കൊടുത്തപ്പോൾ ഭാനു ഞെട്ടിപ്പോയി. ആ സന്ന്യാസി മുമ്പ് മോറാമാലിയിലും വരാറ് പതിവുണ്ടായിരുന്നു.

പക്ഷേ സന്ന്യാസി അവളെ ശ്രദ്ധിച്ച മട്ടു കണ്ടില്ല. ഗോതമ്പ് മാവ് സഞ്ചിയിൽ ഇട്ടിട്ട് അദ്ദേഹം 'ജയ് സീതാറാം...... ജയ് സീതാറാം' എന്നു പറഞ്ഞുകൊണ്ട് അടുത്തവീട്ടിലേക്കു നടന്നു.

"അമ്മേ, കട്ടിൽ കുറെക്കൂടി വെയിലത്തേക്കുനീക്കിയിടാം. ഇവിടെ തണലായി. കൈയിലെ ഗോതമ്പുപൊടി തട്ടിക്കൊണ്ട് ഭാനു പറഞ്ഞു.

"ഇനി ഞാൻ പോകട്ടെ, വീട്ടിൽ പോയി നോക്കട്ടെ. ചപ്പാത്തിക്കു കുഴച്ചിട്ടു പോന്നതാണ്. അടുപ്പത്തു പരിപ്പ് ഇട്ടിട്ടുണ്ട്. ചെന്നിട്ട് ഉപ്പും മുളകും ചേർക്കണം. അൽപം തുന്നാമെന്നു വിചാരിച്ചു പോന്നതാണ്. പക്ഷേ ഇതുവരെ തുന്നൽ ഒട്ടും നടന്നുമില്ല. ഒരു കഴിപോലും തീർന്നമട്ടില്ല. തുന്നലും നെയ്ത്തലും ശരിയാകാത്തതുകൊണ്ട് സർവ്വ വസ്ത്രങ്ങളും കീറിപ്പോകുന്നു."

"ടൗണിൽനിന്ന് നല്ല വസ്ത്രങ്ങൾ വാങ്ങിക്കൊണ്ടുവരണം."

"വിലയ്ക്കു വാങ്ങുന്ന വസ്ത്രം നാലുദിവസംപോലും നിൽക്കില്ല. അതിനോട് മോഹമുണ്ടെന്നു മാത്രം. സീതയുടെ വിവാഹത്തിനു നിന്റെ ജ്യേഷ്ഠൻ ഒരു കുർത്താ തയ്പിച്ചു തന്നു. അത് ഇരിപ്പുണ്ട്. വല്ലപ്പോഴും പുറത്തുപോകുമ്പോൾ അതുവേണ്ടിവരും."

"ദാ ഇവിടെ നോക്കിയേ. വല്ല പേനോ മറ്റോ ഉണ്ടോ എന്ന്. വല്ലാതെ ചൊറിയുന്നു." സന്തി ഭാനുവിന്റെ മുമ്പിൽ തല കാണിച്ചു.

ഭാനു അവരുടെ തലനോക്കികൊണ്ട് പതുക്കെ ഒരു പാട്ടുപാടി. അതിന്റെ അർത്ഥം ഏതാണ്ടിങ്ങനെയാണ്.

കാക്കേ, നീ പറന്നുപോയി എന്റെ അമ്മ വീട്ടിൽ അൽപനേരം തങ്ങുക. എന്റെ പ്രിയപ്പെട്ട അമ്മയോട് എന്റെ ദുഃഖം നീ പറയരുത്. പാവം അമ്മ എന്റെ പാവക്കുട്ടികളെ നോക്കിനോക്കി കരയും. എന്റെ അച്ഛനോട് നീ യാതൊന്നും പറയരുത്. പറഞ്ഞാൽ അദ്ദേഹം നിറഞ്ഞബസ്സാറിൽ വച്ച് പൊട്ടിക്കരയും. എന്റെ സഹോദരിയോടും ഒന്നും പറഞ്ഞേക്കരുത്. അവളും റംസാൻ ആഘോഷത്തിനിടക്കു കരഞ്ഞു പോകും. എന്റെ ചേട്ടത്തിയോടും യാതൊന്നും പറയരുത്. അവർ തന്റെ അമ്മവീട്ടിൽ പോയി ഇതൊക്കെ പറഞ്ഞു പൊട്ടിച്ചിരിക്കും. കാക്കേ, നീ എന്റെ സഹോദരൻമാരോട് മാത്രം തീർച്ചയായും പറയണം. അദ്ദേഹം അലങ്കരിച്ച നീലക്കുതിരയിൽ കയറി ഇവിടെ എത്തും. ഞാൻ അദ്ദേഹത്തിന്റെ കാൽക്കൽ വീഴും.

"മോളെ ഭാനു, നിന്റെ പാട്ട് വളരെ നന്നായിരിക്കുന്നു. നമ്മുടെ ഹൃദയത്തെ സ്പർശിക്കാത്ത കാര്യങ്ങളാണ് നന്ന്. ചിലപ്പോഴൊക്കെ ബെഗ്ഗാ എന്റെ ഓർമ്മയിൽ വരാറുണ്ട്. അവന്റെ മുറപ്പെണ്ണ് വേറൊരു

വൃദ്ധനെ വിവാഹം കഴിച്ചു. ആ തെരുവിൽ കൂടി എനിക്കു നടന്നു പോകാൻ വലിയ പ്രയാസമാണ്. കാണുമ്പോൾ മനസ്സ് വേദനിക്കും."

"ഒക്കെ ഈശ്വര നിശ്ചയമാണ് അമ്മേ, മനുഷ്യന് എന്തു ചെയ്യാൻ കഴിയും. ദാ ഒരു പേനിനെ കിട്ടി." ഭാനു പേൻ അവരുടെ കൈയിൽ വച്ചു കൊടുത്തു.

"ആരുടെയെങ്കിലും തലയിൽ നിന്നും കയറിപ്പറ്റിയതാവും. അതു കൊണ്ടാവും ഈ ചൊറിച്ചിൽ." സന്തി പേനിനെ കൊന്നുകൊണ്ട് പറഞ്ഞു.

"ഇനി പേൻ കാണുന്നില്ല." ഭാനു എഴുന്നേറ്റു കൈകഴുകി.

സന്തി മുടികെട്ടിയിട്ട് സാരികൊണ്ട് തലമൂടി.

"എടീ ഭാനു, നിൻെറ പീഠത്തിൻെറ വക്ക് പൊട്ടിപ്പോയോ? സന്തി അകത്തേക്കു എത്തിനോക്കികൊണ്ട് ചോദിച്ചു.

ഉവ്വ് അമ്മേ, എപ്പോഴാണ് പൊട്ടിയതെന്നു അറിയില്ല. അദ്ദേഹ ത്തിൻെറ കൈയിൽ നിന്നു പറ്റിയതാവും. എന്നെങ്കിലും ജോഹഡിൽ നിന്ന് മണ്ണുകൊണ്ടുവന്നു നന്നാക്കണം.

"മോളേ നിനക്കു വായിക്കാനറിയാമെന്നു കേട്ടല്ലോ. വല്ലപ്പോഴും എന്നെക്കൂടെ കേൾപ്പിക്കണം. വിശേഷദിവസങ്ങൾ ഞാൻ വെറുതെ കഴിച്ചുകൂട്ടുകയായിരുന്നു."

"എൻെറ അമ്മ മുറയ്ക്കു ഗുരുദ്വാരയിൽ പൊയ്ക്കൊണ്ടിരുന്നു. എന്നേയും കൂടെ കൊണ്ട് പോകുമായിരുന്നു. ഞങ്ങളുടെ ഗ്രാമത്തിലെ പൂജാരിയോട് എന്നെക്കൂടി 'വായന' പഠിപ്പിക്കണമെന്ന് അമ്മ പറഞ്ഞു. അദ്ദേഹം എന്നും പറഞ്ഞുതരും. ഞാൻ ഓർമ്മയിൽ നിന്നു ചൊല്ലികേൾ പ്പിക്കും. അന്നു പഠിച്ച ഭാഗങ്ങളാണ് ഞാൻ ഇപ്പോഴും ചിലപ്പോഴൊക്കെ ചൊല്ലുന്നത്. പക്ഷേ എന്തു പറയാനാ അമ്മേ, ഇപ്പോൾ വായനയിൽ മനസ്സ് ഒട്ടും നിൽക്കുന്നില്ല. പൂജയിലും വായനയിലും ഒക്കെ എന്തിരി ക്കുന്നു എന്ന തോന്നലാണ്. ഇനി ഭഗവാൻ നല്ലകാലം വരുത്തുമോ? സർബനു അസുഖമായിരുന്നപ്പോൾ ഞാൻ വളരെയേറെ പ്രാർത്ഥിച്ചു., പക്ഷേ ഒന്നും ഫലവത്തായില്ല. ഇപ്പോൾ ഭഗവാനിലും വിശ്വാസമില്ലാ തായിരിക്കുന്നു."

"അങ്ങനെ പറയരുത് മോളെ. ഈശ്വരനിശ്ചയം നമുക്കെങ്ങനെ അറിയാം? അദ്ദേഹം എപ്പോഴാണ് സന്തുഷ്ടനാകുന്നതെന്നറിയില്ല."

"അദ്ദേഹം എപ്പോൾ വേണമെങ്കിൽ സന്തോഷിക്കട്ടെ. എൻെറ വിധി ഞാൻ സഹിച്ചേ പറ്റൂ."

"അല്ല ഭാനു, അദ്ദേഹത്തെ എപ്പോഴും പേടിച്ചേ മതിയാവൂ. ആ സോധയുടെ അമ്മായിയമ്മ ഒരു വർഷമായി കിടപ്പായിട്ട്. ചാവുകയു മില്ല, കട്ടിലൊഴിയുകയുമില്ല എന്ന മട്ടിലാണ്. ഒരുവശം മുഴുവൻ തളർന്നു പോയി. ഞാൻ എപ്പോഴും പറയാറുണ്ട്. ഈശ്വരനാമം ജപിക്കണമെന്ന്."

ഭാനു എഴുന്നേറ്റ് അകത്തുപോയിട്ട് പാത്രത്തിൽ പരിപ്പ് എടുത്തു കൊണ്ടു വന്നു. അവൾ അതിലെ കല്ലു പെറുക്കാൻ തുടങ്ങി.

"നാരായണൻ ഉഴുന്നു പരിപ്പ് കഴിക്കുമോ? മുമ്പൊരുദിവസം അവൻ

പറഞ്ഞു ഉഴുന്നു വായുകോപം ഉണ്ടാക്കുമെന്ന്." സന്തി നൂലും ചർക്കയും എടുത്തുകൊണ്ട് കട്ടിലിൽ നിന്നും എണീറ്റു.

"അതെ, സത്യമാണല്ലൊ. അദ്ദേഹം ഉഴുന്നുകഴിക്കില്ല. ഞാൻ അക്കാര്യം ഓർത്തില്ല. വൈകീട്ട് വെറുതെ വഴക്കുണ്ടായേനെ. സർബന് ഇതു വളരെ ഇഷ്ടമായിരുന്നു. ഇടയ്ക്കിടെ ഉഴുന്നുകൊണ്ട് കൂട്ടാൻവയ്ക്കാൻ പറയുമായിരുന്നു."

"നീ ഇനി അവനെ ഇങ്ങനെ അധികം ഓർമ്മിക്കരുത്. അവൻ വിരക്തനായിരുന്നു. അവൻെറ വഴിക്കുപോയി." അത്രയും പറഞ്ഞിട്ട് സന്തി പോയി.

അവൻ വിരക്തനായിരുന്നു. അവൻെറ വഴിക്കുപോയി. ഭാനു ഉഴുന്നുപരിപ്പ് ഭരണിയിൽ ഇട്ടുകൊണ്ട് ആലോചിച്ചു. വേറൊരു ഭരണിയിൽ നിന്നും അവൾ ചെറുപയർ എടുത്ത് പാത്രത്തിൽ ഇട്ട് കല്ലുകളയാൻ ഇരുന്നു.

തണുപ്പുകാലം കഴിഞ്ഞു, ആളുകൾ രജായിയും വിരിപ്പും കെട്ടിമാറ്റിവച്ചു. തണുപ്പിൽ അകത്ത് വിറച്ചിരുന്ന കുട്ടികൾ ഇപ്പോൾ തെരുവുകളിൽ ഓടിനടന്നു കളിച്ചു തുടങ്ങി.

തെരുവിൻെറ നടുക്കു കിടന്ന ചെളി ഉണങ്ങിക്കഴിഞ്ഞു. ഗോതമ്പിനു മഞ്ഞനിറം കണ്ടു തുടങ്ങി. പകലിനു നീളം കൂടി.

"നമുക്ക് ഇത്തവണ അൽപം കൃഷി ചെയ്യണം." ഭാനു നാരായണന് ചായ കൊടുത്തുകൊണ്ട് പറഞ്ഞു.

"അച്ഛൻെറ കാലത്ത് നാലുകാളയെ ഉഴുമായിരുന്നു. ധാന്യം വയ്ക്കാൻ ഇടംഇല്ലായിരുന്നു. ഇപ്പോൾ നീയുണ്ട് വിവരമുള്ളവൾ."

"നാം കൂടെനിൽക്കതെ ഒന്നും കിട്ടാൻ പോകുന്നില്ല. നിനക്കറിയാമല്ലൊ. ഞാൻ ഇത്രയും നാളായി കൃഷി ചെയ്തിട്ടില്ല. ഇനി എന്തിനാണ്? തന്നെയുമല്ല നമുക്കു സന്താനങ്ങളുമില്ലല്ലൊ. രണ്ടുപേർക്ക് ആഹാരത്തിനുള്ള വക എങ്ങനെയും പാട്ടത്തിൽ നിന്നു നേടാം."

"പാട്ടക്കാർ ഇക്കാലത്ത് എന്തു തരാനാണ്. ലോകത്ത് വഞ്ചകരുടെ എണ്ണംകൂടി വരികയാണ്."

"നീ പറഞ്ഞതു ശരിയാണ്. പക്ഷേ ആദ്യം കാളയെ വാങ്ങണം. പിന്നെ കൃഷിസംബന്ധമായ മറ്റുബദ്ധപ്പാടുകൾ ഉണ്ടാകും. പിന്നെ എപ്പോഴും അലച്ചിൽ തന്നയാവും. ആർക്കു . വേണ്ടിയാണിതൊക്കെ. നമുക്കെന്താ പെൺകുട്ടികൾ വളർന്നുനിൽപുണ്ടോ, വിവാഹം കഴിച്ചയക്കാൻ? ഇത്ര കഷ്ടപ്പെടാൻ."

"പെൺകുട്ടികളില്ലെങ്കിലെന്താ? മനുഷ്യരുടെയിടയിൽ നാലു കാശുണ്ടെങ്കിലേ വിലയുള്ളൂ. അല്ലെങ്കിൽ ആരും വകവയ്ക്കില്ല. കഷ്ടപ്പെട്ട് കഷ്ടപ്പെട്ട് വാർധക്യത്തിലെത്തും."

"സൃഷ്ടിച്ചവരാണോ, അവർ തന്നെ അക്കാര്യം ആലോചിച്ചുകൊള്ളും. ഇതുവരെ തന്നവർ ഇനിയും തരാതിരിക്കുമോ? ഈശ്വരൻ പുഴുക്കൾക്കുപോലും വേണ്ടതു കൊടുക്കുന്നു."

"കൊടുക്കുന്നുണ്ട് ശരി. പക്ഷേ വായിൽ ഉരുളഉരുട്ടി ഇടേണ്ടതു

നാം തന്നെയാണ്."

"ഞാൻ അതും നിന്നെ ാണ്ടു ചെയ്യിക്കും. ആട്ടെ നീ ഇന്നു എന്തിനാ ആ മൺകലം പൊട്ടിക്കുന്നത്?"

"ഞാൻ വിചാരിച്ചു, പൂർവ്വികൻമാരുടെ ഒളിച്ചുവച്ച എന്തെങ്കിലും സാധനം കിട്ടുമെന്ന്." ഭാനു തമാശ പറഞ്ഞു.

"അച്ഛനുള്ള കാലത്ത് എന്റെ അമ്മൂമ്മ പുറകിലത്തെ മുറിയിൽ നിന്ന് ഒരിയ്ക്കൽ വെള്ളിരൂപ നിറച്ച ഒരു പാത്രം പുറത്തെടുത്തു. അമ്മൂമ്മ പറഞ്ഞു, ഇതു എന്റെ അമ്മായിയമ്മ മരിച്ചപ്പോൾ ഏൽപ്പിച്ചിട്ടു പോയതാണ്, ഇപ്പോൾ കടലാസു നോട്ടുകൾ ഇറങ്ങിയപ്പോൾ ഇതുപോലെ സൂക്ഷിച്ചുവെയ്ക്കാനാവില്ല. പക്ഷേ ഞാൻ ചോദിക്കുന്നത് നീ എന്തിനാണ് ഈ മൺകലം പൊട്ടിക്കുന്നത് ?"

"ഉപയോഗമില്ലാത്തതാണ്. പൊട്ടിച്ചിട്ട് വേറൊന്നുണ്ടാക്കാം. എപ്പോഴും മണ്ണ് തേച്ച്തേച്ച് ഈ കലം ഒന്നിനും കൊള്ളാതായി."

"നല്ല കലമായിരുന്നു. പക്ഷേ നീ അടങ്ങിയിരിക്കില്ലല്ലൊ. വല്ലപ്പോഴുമെങ്കിലും വിശ്രമിക്കണം. ഇവിടെനിന്നും അങ്ങേലോകത്തുപോകുമ്പോൾ എന്തു കൊണ്ടുപോകാനാണ്."

"വെറുതെയിരുന്നാൽ എനിക്കൊരു രസവും തോന്നുന്നില്ല. ജോലി ചെയ്താൽ അതാണെനിക്കിഷ്ടം."

"അതുശരിതന്നെ- ജോലിചെയ്യേണ്ടതു മനുഷ്യന്റെ കടമയാണ്. പക്ഷേ അൽപം വിശ്രമവും വേണം."

"ഇന്നു വസ്ത്രം മാറിയിട്ടു വേണം പോകാൻ. മുഷിഞ്ഞതു നനയ്ക്കാം."

"ഇതു മുഷിഞ്ഞിട്ടില്ല." നാരായണൻ താൻ ധരിച്ചിരുന്ന വസ്ത്രങ്ങളിലേക്കു നോക്കിപ്പറഞ്ഞു.

"ചെളി കട്ടികൂടിയാൽ പിന്നെ കളയാൻ പ്രയാസമാകും."

"എങ്ങും ചെളി കട്ടികൂടിയിട്ടില്ല."

"കഴിഞ്ഞപ്രാവശ്യം ബനിയനിൽ ചെളികൂടാതെ പേനും ഉണ്ടായിരുന്നു."

"അത് നിന്റെ തലയിൽ നിന്നും കയറിയതാവും."

"ഞാൻ എന്നും രാവിലെ പച്ചവെള്ളത്തിൽ കുളിക്കാറുണ്ട്. എന്റെ തലയിൽ പേനില്ല."

"ഒരു കാര്യം വളരെ ചീത്തയാണ്."

"എന്താ?"

"രാവിലെ എണീറ്റ് കുളിച്ചിട്ട് നീ വായിക്കാറുണ്ട്. അതുകൊണ്ട് നിന്നെ ഭഗവാൻ സ്വർഗ്ഗത്തേക്കു കൊണ്ടുപോകും. ഞാൻ തനിച്ച് നരകത്തിലെന്തു ചെയ്യും.?"

"വലിയ തമാശൊന്നും പറയേണ്ട" "വെള്ളരിക്കാവേണോ...... തണ്ണിമത്തൻ........" പച്ചക്കറിക്കാരി വിളിച്ചു ചോദിച്ചു.

"തണ്ണിമത്തങ്ങാ വാങ്ങിക്കൊള്ളൂ ഭാനൂ." നാരായണൻ പറഞ്ഞു.

"നിങ്ങൾ എന്താ കൊച്ചുകുഞ്ഞാണോ?"

"ഹായ് വളരെ നല്ല സാധനമാണ്. വാങ്ങിച്ചുകൊള്ളൂ."

ഭാനു ഒരു സേർ ധാന്യം വസ്ത്രത്തിൽ തൂക്കിപ്പിടിച്ചുകൊണ്ട് പുഞ്ചിരിയോടെ തണ്ണിമത്തങ്ങ വാങ്ങാൻ പോയി.

"അല്ല ഭാനുവോ?" ധാന്യം ത്രാസിൻെറ തട്ടിൽ വച്ചുകൊണ്ട് കച്ചവടക്കാരി ചോദിച്ചു.

"അതെ" ഭാനു കച്ചവടക്കാരിയുടെ നേരെ നോക്കാതെ പറഞ്ഞു.

"ആട്ടെ സുഖം തന്നെയാണോ ഇവിടെ? നിന്നെ കണ്ടനാളുമറന്നല്ലോ."

"നിങ്ങൾ ഇപ്പോഴും മോറാമാലിയിൽ മത്തൻ വിൽക്കാൻ പോകാറുണ്ടോ?" ഭാനു സങ്കോചത്തോടെ ചോദിച്ചു.

"ഉവ്വ്."

"അവിടെ വീട്ടിൽ എല്ലാവർക്കും സുഖമാണോ?"

ഭാനു ഏതു വീട്ടുകാരെപ്പറ്റിയാണു ചോദിക്കുന്നതെന്നു കച്ചവടക്കാരിക്കു മനസ്സിലായി.

"നിനക്കു ആ വീട്ടിൽ യാതൊരു സ്ഥനവുമില്ലാത്തസ്ഥിതിക്ക് നീ എന്തിനു അവരുടെ വിവരം അന്വേഷിക്കുന്നു." ധാന്യത്തിനു തുല്യമായി മത്തൻ തൂക്കികൊണ്ട് കച്ചവടക്കാരി ചോദിച്ചു.

"അതെ.....അതു.....അതെ........." ഭാനു എന്തോ പറയാനാഞ്ഞു.

അവൾ മത്തൻ എടുത്തുകൊണ്ടുപോകാൻ ഭാവിച്ചു. അപ്പോൾ ഒരു ചെറിയ മത്തൻ കൂടി കച്ചവടക്കാരി തൻെറ കുട്ടയിൽ നിന്നും എടുത്തു ഭാനുവിനു കൊടുത്തു.

ഭാനു അവളുടെ നേരെ നോക്കി മിണ്ടാതെ നിന്നു.

"ഈ കുട്ടയൊന്നു പൊക്കിത്തരാമോ?" കച്ചവടക്കാരി ഒരു വശത്തു പിടിച്ചുകൊണ്ട് ചോദിച്ചു.

"ശരി" ഭാനു കുട്ട പൊക്കാൻ സഹായിച്ചു.

ഒന്നുരണ്ടു നിമിഷം, കച്ചവടക്കാരി നടന്നുപോകുന്നത് അവൾ നോക്കി നിന്നു. എന്നിട്ട് മത്തനുംകൊണ്ട് തിരിച്ചെത്തി.

പ്ലെയിറ്റിൽ മത്തനും പിച്ചാത്തിയും വച്ച് നാരായണൻെറ അടുത്തുകൊണ്ടു വന്നു വച്ചിട്ട് അവൾ മണ്ണുകുഴയ്ക്കാൻ തുടങ്ങി.

"നീ തിന്നുന്നില്ലേ?" നാരായണൻ മത്തൻ മുറിച്ചുകൊണ്ട് ചോദിച്ചു.

"വേണ്ട നിങ്ങൾ കഴിച്ചുകൊളളു."

"എന്താ, നീ കൂടി കഴിക്ക്."

"വേണ്ട, എനിക്കിഷ്ടമല്ല."

"കൊള്ളാമല്ലൊ നിൻെറ മനസ്സ്. ഒന്നും തിന്നാൻ സമ്മതിക്കാത്ത മനസ്സ്."

"ഇത്തവണ നമുക്കു ഗംഗാസ്നാനത്തിനുപോകാം." ഭാനു ചോദിച്ചു.

"കഴിഞ്ഞ തവണ ഗംഗാമാതാവ് നിന്നെ എനിക്കു തന്നു. ഇത്തവണ തിരിച്ചെടുത്താൽ എന്തുചെയ്യും?"

"വേണമെന്നുണ്ടായിരുന്നെങ്കിൽ അന്നുതന്നെ ഗംഗാമാതാവ് എന്നെ സ്വീകരിച്ചേനേ..... എന്നെപ്പോലുള്ള പാപികളെ സ്വീകരിച്ചിട്ട് അവർക്കു

എന്തുകിട്ടാനാണ്."

"നീ എന്തു പാപം ചെയ്തു?"

"കഴിഞ്ഞ ജന്മത്ത് എന്തെങ്കിലും ചെയ്തുകാണും. അല്ലാത്ത പക്ഷം..............." ഭാനു വാചകം മുഴുവനാക്കിയില്ല.

നാരായണൻ നിമിഷനേരത്തേക്കു അവളുടെ മുഖത്തേക്കു നോക്കി. പിന്നെ മത്തങ്ങാ തിന്നുകൊണ്ടു പറഞ്ഞു. "ഭാനു, ഏതെങ്കിലും സാധനം ആവശ്യമുണ്ടെങ്കിൽ നീ ചോദിക്കണം. ഒന്നിനും ദാരിദ്ര്യം ഉണ്ടാവരുത്. ഞാൻ മറ്റാർക്കു കൊടുക്കാനാണ്."

"വല്ലപ്പോഴുമൊരിക്കൽ കർത്താരിയുടെ വീട്ടിൽ പോകരുതോ? എന്തൊരു സഹോദരനാണു തനിക്കുള്ളത് എന്നവർ വിചാരിക്കുന്നുണ്ടാവും."

"ചിലപ്പോഴൊക്കെ പോകണമെന്നു തോന്നാറുണ്ട്. പക്ഷേ ഇത്രയും ദൂരം എങ്ങനെ പോകും? അവൾ വളരെ ദൂരെയാണു താമസം. പോയിട്ടു വരാൻ ഇരുപത്തിയഞ്ചുരൂപാ യാത്രക്കൂലി തന്നെയാവും. നിനക്കു, യു.പി. വളരെ അടുത്താണ് എന്ന മട്ടാണ്."

"സഹോദരീസഹോദരൻമാരെക്കാൾ വലുതാണോ ഇരുപത്തിയഞ്ചു രൂപാ? പിന്നെ നിങ്ങളല്ലാതെ അവരുടെ കാര്യം അന്വേഷിക്കാൻ വേറെ സഹോദരൻമാരാരെങ്കിലുമുണ്ടോ?"

"നീ മറയിയാണ്. ഞാൻ നിന്നെ അമ്മയും സഹോദരിയും മകളും ഭാനുവും ഒക്കെയായി കരുതുന്നു. അതുപോലെ അവളും അവളുടെ വീട്ടിൽ സുഖമായി സന്തോഷമായി കഴിയുന്നുണ്ടാവും. ഒരിക്കലും പോകാത്ത ആളുകളെ കാത്തിരിക്കുന്ന പതിവ് ക്രമേണ ആളുകൾ നിർത്തും." നാരായണൻ എണീറ്റ് മത്തങ്ങയുടെ ഒരു കഷണം ഭാനുവിന്റെ അടുത്തുവച്ചു.

"പക്ഷേ പോകാതിരിക്കാൻ എന്താ കാരണം? ജീവിച്ചിരിക്കുമ്പോൾ എന്തിനു ബന്ധം ഇല്ലാതാക്കുന്നു?"

"ശരി നീ പറയുന്നതുകൊണ്ട് മൂന്നാം തീയതി അവളെപോയി കാണാം."

"നിങ്ങൾക്കറിയാമോ മകളോ സഹോദരിയോ ദുഃഖിക്കുമ്പോൾ വീടിന്റെ നാലുതൂണും ഇളകുമെന്നു പറയാറുണ്ട്."

"എങ്കിൽ നിന്റെ വീട്ടിൽ എപ്പോഴും ഭൂകമ്പം ഉണ്ടാകുമായിരിക്കും."

"എന്തിന്?"

"നീ ഒരു ദിവസംതന്നെ അനേകം പ്രാവശ്യം ദുഃഖിച്ചിരിക്കുന്നതു ഞാൻ കാണാറുണ്ട്."

"കൊള്ളാം ഞാൻ എന്തിനു ദുഃഖിക്കുന്നു?" ഭാനു മണ്ണുകുഴച്ച് ഭിത്തിയിൽ പൊളിഞ്ഞഭാഗത്തു തേച്ചു.

അപ്പോൾ ഒരു കിടാവുവന്ന് വെയിലത്തു ഉണക്കാൻ വച്ചിരുന്ന ഗോതമ്പു തിന്നാൻ തുടങ്ങി.

"ഈ നാശം രാവിലെ നശിപ്പിക്കാൻ എത്തിയിരിക്കുന്നു." ഭാനു കൈകൊണ്ട് അതിനെ ഓടിച്ചു.

കിടാവ് തെരുവിൽ പോയി നിന്നു. അത് അവിടെ നിന്നു തിരിഞ്ഞു നോക്കി. വീണ്ടും ഒന്നുകൂടി വരുവാനുള്ള ശ്രമമാവും.

ഭാനു അതിനെ ഓടിക്കാൻ പോയി. കുറേദൂരം അതിൻെറ പുറകെ ഓടി. കിടാവ് കളത്തട്ടിൽ പോയി ശങ്കിച്ചു നിന്നു. അപ്പോൾ തീറ്റയും കൊണ്ട് ധൻകൗർ ആ വഴി വന്നു.

“എടീ ഭാനു നീ എന്താ ഇന്ന് പാവാട കൂടാതെ ഇവിടെ കറങ്ങുന്നത്? ഈ ഗ്രാമത്തെ സ്വന്തം ഗ്രാമമാക്കാനുള്ള ഭാവമാണോ?”

പെട്ടെന്ന് ഭാനുവിനു കാര്യം മനസ്സിലായില്ല. അവൾ അവരെ വിനയപൂർവ്വം നമസ്കരിച്ചു.

“നിനക്കു ഈശ്വരൻ നൻമ വരുത്തട്ടെ.”

“അമ്മേ, കിടാവിനെ ഓടിച്ചുകൊണ്ടു വന്നതാണ്. അത് പൊടിക്കാൻ വച്ചിരുന്ന ഗോതമ്പ് തിന്നു. അതിൻെറ പുറകെ ഓടി ഇവിടെ കളത്തട്ടുവരെ എത്തിയകാര്യം ഞാൻ അറിഞ്ഞതേയില്ല.”

“സാരമില്ല, അഞ്ചാറുമാസത്തിനുള്ളിൽ ഈ മണ്ണ് നിന്നെ സ്വന്തമാക്കും. പിന്നെ നേരിട്ട് ഓരോ കാര്യവും മനസ്സിലായികൊള്ളും.” ധൻകൗർ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഭാനുവിനു അക്കാര്യവും പിടികിട്ടിയില്ല.

മറ്റെന്തെങ്കിലും വിഷയം ആക്കാനായി അവൾ പറഞ്ഞു. “അമ്മേ, ഇന്നലെ ബീബിയെ അയച്ചോ?”

“ഉവ്വ്, ഞാൻ പറഞ്ഞു. രണ്ടു എരുമകളെ കിട്ടിയിട്ടുണ്ട്. രണ്ടുമാസം ഇവിടെ താമസിക്ക്. ശരീരം അൽപം നന്നാകട്ടെ. പ്രസവം കഴിഞ്ഞതേയുള്ളൂ. പക്ഷേ അവിടെ വീട്ടുജോലി ചെയ്യണം. നാലു ദിവസമായി മരുമകൻ വന്നിട്ടുണ്ട്.”

“ശരിയാണ് പെൺമക്കൾക്കു സ്വന്തം വീട്ടിലാണു സുഖം.” ഭാനു പറഞ്ഞു. അതുപറഞ്ഞപ്പോൾ അവൾക്കു സ്വയം ലജ്ജ തോന്നി.

വഴിയിൽ വച്ച് പുല്ലുകൊണ്ടുവരാൻ അരിവാളുകൊണ്ടുപോകുന്ന ഇന്ദറിനെ അവൾ കണ്ടുമുട്ടി. ഇന്ദർ അവളെനോക്കി കണ്ണിറുക്കി.

‘നാശങ്ങൾ’ ഭാനു മനസ്സിൽ പറഞ്ഞു. അവൾ വേഗം അവിടെ നിന്നും നടന്നു.

“വേഗം നടന്നപ്പോൾ കാലുതട്ടി. തള്ളവിരലിലെ നഖം അടർന്നു. ചോര വന്നു.

അതു വകവെക്കാതെ ഭാനു വീട്ടിലെത്തി. ഇന്ദർ ഇന്ന് തന്നെ അർത്ഥം വച്ചു നോക്കി എന്നു നാരായണനോടു പറയാൻ അവൾക്കു ധൃതിയായി. നാരായണൻ എന്തു ചെയ്യാനാണ്- അവളുടെ ഉള്ളിൽ നിന്നാരോ പറഞ്ഞു.

വീട്ടിലെത്തിയിട്ട് അവൾ കലത്തിൽ മണ്ണുതേച്ചു. നാളെ മണ്ണുളങ്ങും എന്നു വിചാരിച്ച് അവൾ സൂര്യനസ്തമിക്കുന്നതുവരെ മണ്ണു തേച്ചു കൊണ്ടിരുന്നു.

മണ്ണുതേച്ച് കഴിഞ്ഞ് അവൾ കാലും മുഖവും കഴുകി. എന്നിട്ട് പരിപ്പ് ശരിയാക്കി. പിന്നീട് ഗോതമ്പുമാവ് കുഴച്ചു. പാൽ ചൂടാക്കി.

ചപ്പാത്തിയുണ്ടാക്കാൻ കല്ല് അടുപ്പത്തുവച്ചപ്പോൾ അവൾ ഒരു കാര്യം ഓർമ്മിച്ചു. ഉച്ചക്കു കുളത്തിൽ നനയ്ക്കാൻ പോയപ്പോൾ നാരായണന്റെ തലപ്പാവ് അവിടെ മറന്നിട്ടിട്ടു പോന്നു. വഴിയിൽ കളഞ്ഞു പോയതാണോ എന്നും അറിയില്ല. ഇനി ആരെങ്കിലും എടുത്തുകൊണ്ടു പോയിക്കാണുമോ? കൊണ്ടുപോയിട്ടില്ലെങ്കിൽ തന്നെ രാവിലത്തേക്കു ആരെങ്കിലും കൊണ്ടുപോകും. ഇപ്പോൾ തന്നെ പോകാം. കുറെ ക്കഴിഞ്ഞാൽ ഇരുട്ടാകും എന്നു വിചാരിച്ചുകൊണ്ട് ഭാനു അടുപ്പിലെ വിറകുകൊള്ളി പിരിച്ചുവച്ചു. മാവ് കുഴച്ചത് അടച്ചുവച്ചു. പാവാട ഇട്ടിട്ട് അവൾ വാതിലടച്ചിറങ്ങി, കുളത്തിലേക്കു പുറപ്പെട്ടു.

ഗ്രാമത്തിലെ ധർമ്മശാല കടന്ന് തടാകത്തിനടുത്തെത്തിയപ്പോൾ ആരോ തന്നെ പിൻതുടരുന്നപോലെ അവൾക്കു തോന്നി.

അവൾ തിരിഞ്ഞു നോക്കി. പക്ഷേ ഇരുട്ടത്ത് ആരേയും കണ്ടില്ല.

തടാകം കടന്ന് ശ്മശാനം വഴി അവൾ കുളത്തിലേക്കു നടന്നു. കുളത്തിലെ വേലിക്കടുത്തുനിന്ന് നാരായണന്റെ തലപ്പാവും കൊണ്ട് അവൾ തിരിഞ്ഞപ്പോൾ ഒരു ചുമകേട്ടു. ഭാനു അൽപം ഭയന്നുപോയി.

"മറ്റാരുമല്ല ചേടത്തി, ഞാനാണ്." ജാഗർ അവളുടെ അടുത്തേക്കു നീങ്ങിക്കൊണ്ട് പറഞ്ഞു.

ഭാനു ചുറ്റുപാടും ഒന്നു നോക്കി.

"പേടിക്കണ്ട ചേടത്തി. ഞാൻ നിങ്ങളെ ഒന്നും പറയില്ല. പശുവാണെ സത്യം."

ഭാനു മൗനം.

"ഇനിയും നിങ്ങളുടെ ദേഷ്യം മാറിയില്ലേ?"

എന്നിട്ടും ഭാനു ഒന്നും പറഞ്ഞില്ല.

"നിങ്ങളാണേ ചേടത്തി, നാരായണൻ നിങ്ങളെ അടിച്ചെന്നു അറിഞ്ഞപ്പോൾ അയാളെ ചവച്ചുതിന്നാനുള്ള ദേഷ്യം എനിക്കുണ്ടായി. ചേടത്തി എന്റെ ജീവൻ എടുത്താലും വേണ്ടില്ല, ഈശ്വരനെ ഓർത്ത് ഇങ്ങനെ ദേഷ്യപ്പെടരുത്." ജാഗർ തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു.

"ജാഗർ നിങ്ങൾ സർബന്റെ സുഹൃത്തായിരുന്നല്ലോ." ഭാനു പരിഹസിച്ചു.

"അതുകൊണ്ടാണ് നിങ്ങളുടെ കാര്യം ഞാൻ ഇത്ര ശ്രദ്ധിക്കുന്നത്. ഞാൻ സത്യം പറയാം നിങ്ങൾക്കു വേണ്ടി ജീവൻകളയാൻ പോലും ഞാൻ തയ്യാറാണ്."

"എന്താ പറഞ്ഞത്! പോട്ടെ ജാഗർ, ഈശ്വരൻ ആർക്കും ആപത്തുണ്ടാക്കാതിരിക്കട്ടെ."

"നിങ്ങൾ വാതുറന്നു ഒന്നു മിണ്ടിയാൽ മതി, ഞാൻ നിങ്ങൾക്കു വേണ്ടി എന്തും ചെയ്യാൻ ഒരുക്കമാണ്."

"അതെ, എനിക്കറിയാം, നിങ്ങളെ."

"നിങ്ങൾക്കു സത്യം അറിയില്ല. നിങ്ങളെ കണ്ട ആദ്യദിവസം തന്നെ എന്റെ ഹൃദയം പിടഞ്ഞു. ഞാൻ ആലോചിച്ചുപോയി- കുടിയൻ നാരായണൻ എവിടെ, നിങ്ങൾ എവിടെ? നിങ്ങൾക്കു ഒന്നും തോന്നരുത്.

ആട്ടെ നിങ്ങൾക്കിപ്പോൾ ജീവിതം ഉണ്ടോ?"

"നിങ്ങൾ മദ്യപിച്ചിട്ടുണ്ടോ?"

"നിങ്ങളെ കണ്ടപ്പോൾ ആ ലഹരി ഇറങ്ങി. ഒറ്റയ്ക്ക് ഒന്നുകണ്ടുസംസാരിക്കാൻ എത്രയോ നാളായി ഞാൻ അവസരം കാത്തുകഴിയുന്നു."

"ശരി സംസാരിക്കൂ." ഭാനു മുമ്പോട്ടു നടന്നുകൊണ്ട് രോഷത്തോടെ പറഞ്ഞു.

"ഇതു ശരിയല്ല ചേടത്തി, സംസാരിച്ചിട്ടുപോകൂ." ജാഗർ ഭാനുവിൻെറ മുമ്പിൽ ചെന്നു വഴിതടഞ്ഞു.

"എന്താകാര്യം, പറയൂ?" ഭാനു ദേഷ്യത്തോടെ പറഞ്ഞു.

"നമുക്കു എവിടെങ്കിലും ഒളിച്ചോടാം."

"നിങ്ങൾക്കു ഭ്രാന്തുപിടിച്ചോ ജാഗർ?"

(1)"മിർജായെപ്പോലെ എന്നെ അമ്പുകൾ കൊണ്ട് മുറിവേൽപ്പിക്കു. എന്നാൽപ്പോലും ഞാൻ ചതിക്കില്ല."

"ഇങ്ങനെ തമാശ പറയാതിരിക്കൂ." ഭാനു വർത്തമാനമകറ്റാൻ ശ്രമിച്ചു.

"ആരാ ചേടത്തി തമാശപറയുന്ന വിഡ്ഢി? എൻെറ അകന്ന ഒരു ബന്ധു ബോംബെയിൽ ട്രക്ക് ഡ്രൈവറാണ്. നമുക്ക് അങ്ങോട്ടുപോകാം. ആരും അറിയില്ല."

"വേണ്ട ജാഗർ, നിങ്ങൾ എന്നെ അത്തരക്കാരിയായി കരുതിയോ." ഭാനു ഉദാസീനയായി പറഞ്ഞു.

"വെറും അത്തരക്കാരിക്കുവേണ്ടി ആരാ സ്വന്തം വീടും കുടിയും ഉപേക്ഷിക്കാൻ തയ്യാറാവുക! എനിക്ക് നിന്നോട് യഥാർത്ഥത്തിൽ പ്രേമമാണ്."

"ഇതുവെറും കള്ളമാണ്. ഇനി ഈ ഗ്രാമത്തിൽ നിന്നും എൻെറ ശവമഞ്ചമേ പുറത്തേക്കുപോകൂ." ഭാനു ഉറപ്പിച്ചുപറഞ്ഞു.

"ശരി നിങ്ങളുടെ ഇഷ്ടം, പക്ഷേ ഇവിടെ താമസിക്കുമ്പോൾ എന്നോട് ദേഷ്യപ്പെടാതിരിക്കരുതോ?"

"എനിക്കാരോടാ, ജാഗർ ദേഷ്യം?"

"നിങ്ങൾ പറഞ്ഞാൽ ഞാൻ ഇപ്പോൾ കുളത്തിൽ എടുത്തുചാടും. അങ്ങനെ ചെയ്തില്ലെങ്കിൽ എന്നെ ജാട്ടിൻെറ മകനല്ല, തോട്ടിയുടെ മകൻ എന്നു വിളിച്ചുകൊള്ളൂ."

"പക്ഷേ എന്തിന്?"

"നിങ്ങൾക്കെന്നോട് ദേഷ്യമാണോ?"

ഭാനു മൗനം.

"ദേഷ്യമല്ലെങ്കിൽ ഞാനൊരു കാര്യം ചോദിക്കട്ടെ, ഇനി എപ്പോഴാണ് ഒറ്റയ്ക്കു കണ്ടുമുട്ടുക."

"ചോദിക്കു," ഭാനു അസ്വസ്ഥയായി പതുക്കെപ്പതുക്കെ നടന്നു.

"ഇങ്ങനെതന്നെ ഈ ലോകം വിടാനാണോ ഭാവം?"

---

(1) മിർജാ- പഞ്ചാബിലെ ഒരു നാടോടിക്കഥയിലെ നായകൻ. അയാളെ തൻെറ കാമുകിയുടെ സഹോദരൻമാർ കൊന്നു.

ഭാനു അതിനു മറുപടി പറഞ്ഞില്ല.

"കുട്ടികൾ വേണ്ടേ?" പതുക്കെ ഭാനുവിൻെറ കൈപിടിച്ചുകൊണ്ട് ജാഗർ ചോദിച്ചു.

പൊടുന്നനെ അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ച് കരയണമെന്ന് അവൾക്കു തോന്നി. അവൾ ജാഗറുടെ കൈയിൽ നിന്നും തൻെറ കൈ വലിച്ചില്ല.

"വേണ്ട ജാഗർ, വേണ്ട." ഭാനു തൻെറ കൈ വലിച്ചു.

"ശരി നിങ്ങളുടെ ഇഷ്ടം ചേട്ത്തി. പക്ഷേ വല്ലപ്പോഴുമൊക്കെ കാണണം. അല്ലാതെ ഈ ലോകത്തു നിന്നു എന്തുകൊണ്ടു പോകാനാണ്." ജാഗർ നിരാശനായി പറഞ്ഞു.

"ശരി" ഭാനുവിൻെറ തൊണ്ടയിടറി.

"നിങ്ങൾ സർബനെ ആണയിട്ടുപറയൂ. നാളെ ഇവിടെ വച്ചുതന്നെ കാണാമെന്ന്."

"സർബനെയോ?" നിമിഷനേരത്തേക്കു ഭാനുവിന് ആഘാതമേറ്റ പോലെ തോന്നി.

"എൻേറയും നിങ്ങളുടേയും ധർമ്മമനുസരിച്ച്, ചേടത്തി, നിങ്ങളുടെ സമ്മതം കൂടാതെ നിങ്ങളെ സ്പർശിക്കയില്ല. പക്ഷേ പരസ്പരം കാണരുതോ."

"ആട്ടെ" ഭാനു വേഗം പറഞ്ഞു.

"എങ്കിൽ ആണയിടൂ. ആണയിടാതെ ഞാൻ നിങ്ങളെ വിടില്ല."

"ശരി ആണയിടാം."

"സർബനെയല്ലെ."

"അതെ."

ഇരുട്ടത്തു ഒറ്റയ്ക്കു സൂക്ഷിച്ച് വീട്ടിലേക്കു മടങ്ങിക്കൊണ്ടിരുന്നപ്പോൾ ഭാനു ആലോചിച്ചു. ഞാൻ എന്തിനു വെറുതെ സർബനെ പിടിച്ച് കള്ളയാണയിട്ടു.

പകൽ എരിഞ്ഞടങ്ങുന്നു. മുകളിൽ കാർമേഘങ്ങൾ. എവിടെയോ മഴത്തുള്ളി വീണ് പച്ചമണ്ണിൻെറ ഗന്ധം ഉതിർന്നു. നനഞ്ഞ സന്ധ്യ. ഭാനു അടുപ്പിൽ ചപ്പാത്തി ഉണ്ടാക്കുകയായിരുന്നു.

തണുത്ത കാറ്റിൻെറ ശക്തികൊണ്ട് ചാണകവറളി നനഞ്ഞതുകാരണം അടുപ്പിൽ തീ ശരിക്കു കത്തിയില്ല.

ഗോതമ്പുമാവ് പരത്തി കഴിഞ്ഞിരുന്നു.

പെട്ടെന്ന് ഭാനുവിനു തോന്നി ആരെങ്കിലും അതിഥി വന്നാലോ!

പക്ഷേ ഈ വീട്ടിൽ ആരുവരാനാണ്? അവൾ സ്വയം ആലോചിച്ചു.

അപ്പോഴേക്കും കൈയിൽ ബാഗുമായി കർത്താരി അകത്തെത്തി.

കർത്താരിയുടെ മെലിഞ്ഞ ശരീരവും ഉയരക്കുറവും നാരായണനെ ഓർമ്മിപ്പിച്ചു. മുഖത്ത് നല്ല ഐശ്വര്യം, സമ്പന്നമായ വീട്ടിലെ അംഗമാണെന്നു വ്യക്തം. പ്രിൻറട് സൽവാറും വെള്ളകമ്മീസും പൂക്കളുള്ള വോയിൽ ദാവണിയും.

ഭാനുവിൻെറ നേരെ നോക്കി അവൾ ഒരു നിമിഷം സംശയിച്ചു നിന്നു.

ചെരുപ്പ് വാതിൽക്കൽ ഊരിവച്ചിട്ട് ബാഗ് പെട്ടിപ്പുറത്തുവച്ചു. എന്നിട്ട് അവൾ ചോദിച്ചു.

"നീ ഏതാണ്? എനിക്കു മനസ്സിലായില്ലല്ലോ."

"ഞാൻ.........ഭാര്യ, ഭാനുവാണ്." ഭാനു, നാരായണൻെറ ആകൃതിയുമായി രൂപസാമ്യം കണ്ട് അവളോട് പറഞ്ഞു.

"ഈശ്വരൻ നിനക്കു നൻമ വരുത്തട്ടെ. നീ ദീർഘായുസ്സായിരിക്കട്ടെ. നിനക്കു ഭാഗ്യമുണ്ടാകട്ടെ. നിൻെറ ദാമ്പത്യം ദൃഢമായിരിക്കട്ടെ. ഈശ്വരൻ നിനക്കു കുട്ടികളെ തരട്ടെ. നാരായണനു സുഖം തന്നെയല്ലേ?"

ഉവ്വ്, സുഖമാണ്. പലപ്പോഴും നിങ്ങളുടെ കാര്യം പറയാറുണ്ട്. ഭാനു ഉറിയിൽ നിന്നും പാല് എടുത്തിട്ട് പഞ്ചസാരയിട്ട് കർത്താരിക്കു കൊടുത്തു.

"മോളെ പാല് വേണമെന്നില്ലായിരുന്നു." എന്നു പറഞ്ഞുകൊണ്ട് കർത്താരി പാല് എടുത്തു പതുക്കെ കുടിച്ചു.

"ഞങ്ങൾ യു.പിയിൽ ആയതുകൊണ്ട് സഹോദരങ്ങളുമായി കാണാൻ തന്നെ പറ്റുന്നില്ല. നാരായണനാണെങ്കിൽ മഹാമടിയൻ. വല്ലപ്പോഴും ഒരു കാർഡുപോലും അയയ്ക്കില്ല. ഞാൻ ആണെങ്കിൽ എത്ര നാളായി ഇങ്ങോട്ടുവരാൻ ആലോചിക്കുന്നു. പക്ഷേ 'അലക്കൊഴിഞ്ഞിട്ട് കാശിക്കുപോകാൻ' വയ്യാത്ത സ്ഥിതിയാണ്."

"ഏതായാലും നിങ്ങൾ വന്നതു വളരെ നന്നായി ബീബി." ഭാനു സബ്ജിക്കുവേണ്ടി ഉരുളക്കിഴങ്ങ് തൊലികളഞ്ഞുകൊണ്ട് പറഞ്ഞു.

"എൻെറ മകളുടെ വിവാഹനിശ്ചയം കഴിഞ്ഞു. ഗുവാരയിൽ നിന്നാണ് വിവാഹം. അന്യനാട്ടിൽ കൊണ്ടുപോയി വിവാഹം നടത്തില്ല. ഞാൻ എൻെറ തറവാട്ടിൽ വച്ചു തന്നെ വിവാഹം നടത്തണമെന്ന് ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞത് ലാട്ടാമാജറായിൽ വച്ചു നടത്താമെന്നാണ്. ഞാൻ സമ്മതിച്ചില്ല. ഭംഗിയായാലും ഇല്ലെങ്കിലും എൻെറ സഹോദരൻെറ വീട്ടിൽ വച്ചുതന്നെ മതി എന്നു ഞാനും."

"വളരെ സന്തോഷമായി ബീബിജി. പിന്നെ എന്തിനാണ് സഹോദരങ്ങൾ ഉള്ളത്?" ഭാനു ഉരുളക്കിഴങ്ങ് നുറുക്കികൊണ്ട് പറഞ്ഞു.

"എടീ നാത്തൂനെ നിനക്കു നല്ല കലാബോധം ഉണ്ടെന്നു തോന്നുന്നല്ലോ." കർത്താരി വീടിൻെറ അകം മാറിയതുകണ്ട് പറഞ്ഞു.

ഭാനു മൗനം പാലിച്ചു.

"എവിടെയാണു നിൻെറ വീട്?"

"ഭഡീകോട്ലയിൽ" ഭാനു ഉദാസീനയായി പറഞ്ഞു.

"സാരമില്ല മനുഷ്യൻെറ കൈയിലെന്തിരിക്കുന്നു. തലയിലെഴുത്ത് അനുഭവിച്ചേ മതിയാകൂ." കർത്താരി അവളുടെ ഉള്ളു മനസ്സിലാക്കികൊണ്ട് പറഞ്ഞു.

സബ്ജിക്കു മസാല ചേർത്തിട്ട് ഭാനു പഞ്ചസാര അരിച്ചുതുടങ്ങി.

"കുഞ്ഞേ എനിക്കു സ്വീറ്റ്സ് പാടില്ല. നീ ഉണ്ടാക്കണമെന്നില്ല."

"സാരമില്ല ചേച്ചി നിങ്ങളുടെ പേരിൽ എനിക്കും കഴിക്കാമല്ലോ."

"ഞാൻ അറിഞ്ഞിരുന്നെങ്കിൽ നിനക്ക് എന്തെങ്കിലും പുതുവസ്ത്രവുമായി എത്തിയേനേ."

"ഇതുകൊള്ളാം. ഇളയവർക്കു കൊടുക്കുകയാണോ അതോ അവരിൽ നിന്നു വാങ്ങുകയാണോ വേണ്ടത്.?"

"പെൺകുട്ടികൾക്കു ജീവിതകാലം മുഴുവൻ കൊടുക്കാം. വാങ്ങാൻ ചില അവസരങ്ങളേ ഉള്ളൂ."

"സാരമില്ല, ധാരാളം അവസരങ്ങൾ ഇനിയും ഉണ്ടാകും." ഭാനു ഗോതമ്പുമാവു കുഴച്ചുതുടങ്ങി.

"എന്തുമാകട്ടെ, എൻെറ സഹോദരനു കുടുംബമായല്ലൊ." കർത്താരി മനസ്സിൽ പറഞ്ഞു.

ഭാനുവിനു കർത്താരി വന്നതിൻെറ സന്തോഷം പറയാൻ വയ്യ.

വൈകീട്ട് നാരായണൻ എത്തിയപ്പോൾ പറഞ്ഞു, "ഇന്ന് കർത്താരി വന്നല്ലോ."

"ചേച്ചിക്കു നമസ്കാരം."

"നിനക്കു ദീർഘായുസ്സുണ്ടാവട്ടെ. നിൻെറ ദാമ്പത്യം ശോഭനമായിരിക്കട്ടെ. നീ എത്രനാളായി അങ്ങോട്ട് വന്നിട്ട്. ഒടുവിൽ തോറ്റ് ഞാൻ തന്നെ വന്നു."

"നിങ്ങളുടെ അടുത്തെത്തുമ്പോഴേക്കും മനുഷ്യർ വൃദ്ധരായിത്തീരും. അടുത്തെങ്ങുമല്ല, അങ്ങ് വളരെ ദൂരെയാണല്ലൊ താമസം."

"സഹോദരങ്ങൾ പർവ്വതങ്ങൾ കടന്ന് എത്തും. യു.പി. അതിനു അത്ര ദൂരെയല്ലല്ലൊ."

"സാരമില്ല. ഇനി ഞങ്ങൾ വരാം." നാരായണനു മറുപടി ഇല്ലാതെ വന്നപ്പോൾ ഭാനു സഹായത്തിനെത്തി.

"എൻെറ ഭാഗ്യം. എനിക്കു അവിടെയുള്ളവരോടു പറയാമല്ലോ എനിക്കും സ്വന്തക്കാരുണ്ടെന്ന്."

"കർത്താരിക്ക് ചായയോ മറ്റോ കൊടുത്തോ?" നാരായണൻ ഭാനുവിൻെറ നേരെ തിരിഞ്ഞ് ചോദിച്ചു.

"ഇല്ല, ഞാൻ പറഞ്ഞില്ലെ നിങ്ങളുടെ സഹോദരൻ ഉണ്ടാക്കിത്തരുമെന്ന്." ഭാനു കർത്താരിയെ നോക്കി ചിരിച്ചു.

"വീട്ടിലെ ഭരണാധികാരി നീയാണ്. സഹോദരന് നിന്നെ ആശ്രയിക്കേണ്ട സ്ഥിതിയാണ്." നാരായണൻ കർത്താരിയുടെ അടുത്തു കട്ടിലിൽ ഇരുന്നുകൊണ്ട് പറഞ്ഞു.

"ആട്ടെ നിനക്കു സുഖമാണോ നാരായണൻ?"

"അതെ, ചേച്ചിയുടെ കുട്ടികൾക്കു സൗഖ്യമാണോ?"

"ഈശ്വരകൃപകൊണ്ട് സുഖം തന്നെ. ഞാൻ വന്നതുതന്നെ പെണ്ണിൻെറ കല്യാണം പറയാനാണ്. ഇവിടെവച്ചു വേണം. ഇനി ഒന്നേകാൽ മാസം ഉണ്ട്. ഗുവാരയിൽ നിന്നാണ് വരൻ. ആർമിയിൽ ജോലിയാണ്. കുടുംബവും കൊള്ളാം. നല്ല ബന്ധമാണെന്നു തോന്നുന്നു." കർത്താരി ഒറ്റശ്വാസത്തിൽ എല്ലാം പറഞ്ഞൊപ്പിച്ചു.

"കൊള്ളാം, നല്ലതുതന്നെ. അപ്പോൾ ഞങ്ങൾക്കും ലഡ്ഡു കിട്ടുമല്ലോ." നാരായണൻ പറഞ്ഞു.

"മോളുടെ അച്ഛൻ പത്തുദിവസം മുമ്പ് വരും. ഞാൻ വിചാരിച്ചു, ഞാൻ നേരത്തെ എത്തി ഒരുക്കങ്ങൾ തുടങ്ങാമെന്ന്. ഏറെ ദിവസം വീടും വിട്ടിട്ടു പോരാനാവില്ല."

ഒന്നേകാൽ മാസം ഭാനുവിനു ഞൊടിയിടയിൽ കഴിഞ്ഞു കിട്ടി. അവൾ ഇക്കാലമത്രയും വളരെയേറെ തിരക്കിലായിരുന്നു. പൊടിക്കുക, വറക്കുക, സാധനങ്ങൾ വാങ്ങുക, വീട് വൃത്തിയാക്കുക, ഇടയ്ക്കിടെ ടൗണിൽപോകുക, വധുവിനുള്ള പുതിയ വസ്ത്രം വാങ്ങുക, അടുപ്പ് കൂട്ടുക, മറ്റുപലയിടത്തും ജോലി ഏൽപിക്കുക- ചുരുക്കത്തിൽ അവൾക്കു ശ്വാസം വിടാൻ പോലും സാവകാശമില്ലായിരുന്നു.

ഇടയ്ക്കിടെ കർത്താരി പറയും. "നാത്തൂനെ നിങ്ങൾ ഇല്ലായിരുന്നെങ്കിൽ ഞാൻ കറങ്ങിപ്പോയേനെ. എന്നെക്കൊണ്ട് ഇത്രയും കാര്യം നടക്കുമോ?"

ഭാനുവിന് ഒട്ടും ക്ഷീണം അനുഭവപ്പെട്ടില്ല. ഏറ്റവും ഒടുവിൽ കിടക്കുക, എല്ലാവരിലും മുമ്പെ എണീക്കുക. ദിവസം മുഴുവൻ വിശ്രമമില്ലാതെ ജോലി ചെയ്യുക. എന്നിട്ടും ഒരിക്കൽപോലും ആ സാധ്വി മുഖം കറുപ്പിച്ചില്ല.

അതിഥികളൊക്കെ വന്നു. പിന്നെ വിവാഹപ്പാർട്ടി വന്നു. വിവാഹം നടന്നു. ഭാനു സർവവും മറന്ന് എല്ലായിടത്തും പുതിയ സൂട്ട് ധരിച്ച് ഓടി നടന്നു.

സന്തോഷമായി വധുവിനെ യാത്ര അയച്ചു. കർത്താരി ഭാനുവിനെ അഭിനന്ദിച്ചു. ആരോ ഭാനുവിനെ നിർബ്ബന്ധിച്ച് നൃത്തം ചെയ്യാൻ കൊണ്ടു നിർത്തി.

തളർന്നു ക്ഷീണിച്ച ഭാനുവിന് എവിടെനിന്നാണോ ഇത്ര ഉത്സാഹം കിട്ടിയത്. അവൾ നൃത്തം ചവിട്ടി അരങ്ങു തകർത്തു. അവളുടെ പാട്ട് വികാരനിർഭരമായിരുന്നു.

(എൻെറ പ്രിയപ്പെട്ട അച്ഛാ ഞാനും എൻെറ സഹോദരൻമാരെപ്പോലെ തന്നെ അച്ഛൻെറ വയലുകളിൽ പണിയെടുക്കാം. പക്ഷേ ഒന്നുണ്ട് അച്ഛൻ എന്നെ വിവാഹം ചെയ്തയക്കരുത്. എനിക്കുവേണ്ടി നിങ്ങൾ തിരഞ്ഞെടുത്ത വരൻ നല്ലതല്ല എന്നു ഞാൻ പറയില്ല. എൻെറ ശ്വശുരൻ ചീവീടുകളുടെ വ്യാപാരം നടത്തുന്നയാളാണ്. അദ്ദേഹം അവയുടെ ഒരു സംഘവുമായി എത്തിയിട്ടുണ്ട്. ഒരു ചീവീട് മരിച്ചുപോയി. അതുകൊണ്ട് തൊള്ളായിരം രൂപാ നഷ്ടംവന്നു. ഒരു ചീവീട് പ്രസവിച്ചു. അതുകൊണ്ട് കുടുംബം മുഴുവൻ പട്ടിണികിടക്കാതെ രക്ഷപ്പെട്ടു. ഞാൻ ചീവീടുകളുടെ പാൽ കറക്കുകയാണ്. ഇൻസ്പെക്ടർ മോരുകൊണ്ടുപോകാൻ വന്നിട്ടുണ്ട്. സബാഷ് (ചിരി)).

ഭാനുവിൻെറ ശബ്ദം വളരെ മധുരമായിരുന്നു.

"എൻെറ നാത്തൂനേ കണ്ണാടിക്കൂട്ടിലിട്ടു സൂക്ഷിക്കേണ്ടതാണ്." സന്തോഷം കൊണ്ട് കർത്താരി പറഞ്ഞു.

അടുത്തദിവസം അതിഥികളൊക്കെ മടങ്ങിപ്പോയി. നാലുദിവസം കഴിഞ്ഞ് കർത്താരിയും അവരുടെ കുടുംബവും പോകാനൊരുങ്ങി.

"നാത്തൂനെ തീർച്ചയായും ഞങ്ങളുടെ അടുത്തുവരണം. എന്നാണ്? പോകാൻ തുടങ്ങിയപ്പോൾ കർത്താരി ഭാനുവിനെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു.

"തീർച്ചയായും വരാം ചേച്ചീ. അല്ലാതെ ഞങ്ങൾക്കു വരാനും പോകാനും വേറെ ഇടമുണ്ടോ?." ഭാനു അവരുടെ കാൽതൊട്ട് വന്ദിച്ചു.

"നാരായണൻ നിന്നോട് വഴക്കുകൂടാറില്ലേ? മനസ്സു നല്ലതാണ്. പക്ഷേ അവൻെറ സ്വഭാവം പരുക്കനാണ്." നടന്നുകൊണ്ട് കർത്താരി പറഞ്ഞു.

"ഇവളുമായി വഴക്കുകൂട്ടി ഞാൻ മരിക്കണമെന്നാണോ?" നാരായണൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ശരി ചേച്ചി. ജീവിച്ചിരുന്നാൽ ഇത്തവണ ഞങ്ങളൊന്നിച്ചു വന്നുകൊള്ളാം."

"തീർച്ചയായും വരണം. എനിക്കും എൻെറ സ്വന്തക്കാരെ സ്നേഹത്തോടെ സ്വീകരിക്കാമല്ലോ."

"നിശ്ചയമായും. ഈശ്വരൻ അനുവദിച്ചാൽ തീർച്ചയായും വരാം." ഭാനു തോടിൻെറ അറ്റംവരെ ചെന്ന് ഒരിക്കൽകൂടി കർത്താരിയുടെ മുമ്പിൽ തലകുനിച്ച് തിരിച്ച് വന്നു.

ഭാനു ഏറെനേരം കർത്താരി പോകുന്നതുനോക്കി നിന്നു. നാരായണൻ അവരെ സ്റ്റേഷൻവരെ കൊണ്ടുവിട്ടു. ഭാനു വീട്ടിൽ തിരിച്ചെത്തി.

കർത്താരിയേയും കുടുംബത്തേയും യാത്രയാക്കിയിട്ട് വീട്ടിലേയ്ക്കു പോകാൻ ഭാനുവിനു മനസ്സുവന്നില്ല. ഏകാന്തമായ വീട് തന്നെ കാർന്നുതിന്നാൻ വരുന്നപോലെ തോന്നി.

അവൾ സന്തിയുടെ അടുത്തേയ്ക്കു പോയി.

"കർത്താരി പോയോ?" സന്തി ഭാനുവിനു ഇരിക്കാൻ പീഠംകൊടുത്തിട്ടു ചോദിച്ചു.

"ഉവ്വ്. പോകാതെ പറ്റുമോ."

"നിൻെറ അമ്മയെ സമ്മതിക്കണം. ഇത്ര വലിയ ആഘോഷത്തിൽ യാതൊരു കുഴപ്പവും വരുത്താതെ നീ നോക്കി. അന്യഥാ ഈ കുടിയൻമാരുടെ വീട്ടിൽ എങ്ങനെ ഇതു ഭംഗിയാകും?"

"എല്ലാം ചെയ്യുന്നത് ഈശ്വരനല്ലെ അമ്മേ, നമ്മളെന്താ ചെയ്യുന്നത്?"

"എടീ, ഭഗവാനും മനുഷ്യരിൽകൂടിയാണു ഒക്കെ ചെയ്യുന്നത്. അല്ലാതെ വേറെ മാർഗ്ഗമേതാ?"

"അമ്മേ പെൺകുട്ടികളുടെ കാര്യം ഒന്നും പറയാൻ വയ്യ. ഒരു നിമിഷം കൊണ്ട് അന്യൻേറതായിത്തീരുന്നു അവർ."

"അതു ലോകസ്വഭാവമാണ്. ആരു വിചാരിച്ചാലും നിവൃത്തിയുള്ള കാര്യമല്ല."

"വിവാഹംകഴിഞ്ഞ് ഞാൻ കരയാൻ തുടങ്ങിയപ്പോൾ സർബനും കരഞ്ഞെന്നു പറയുന്നു. അദ്ദേഹത്തിൻെറ വീട്ടുകാർ ഇപ്പോഴും പറഞ്ഞു

കളിയാക്കാറുണ്ട്."

"നീ എപ്പോഴും അവൻെറ കാര്യം എന്തിനാ ഓർക്കുന്നത്? മരിച്ചുപോയവരുമായി എങ്ങനെ സ്നേഹം കാട്ടും, അവർ തിരിച്ചുവന്നു സ്നേഹിക്കാൻ പോകുന്നില്ല."

"അമ്മ പറഞ്ഞത് ശരിയാണ്. പക്ഷേ എന്തുകൊണ്ടോ, അദ്ദേഹത്തെ മറക്കാൻ സാധിക്കുന്നില്ല.' '

"ഇത്തവണ പഞ്ചമിദിവസം മേളക്കു പാട്യാലയിൽ പോകാം. അവിടെ അഞ്ചു പഞ്ചമി കുളിച്ചാൽ സർവ്വാഭീഷ്ടവും സാധിക്കുമെന്ന് ആളുകൾ പറയുന്നു."

"എനിക്കെന്ത് അഭീഷ്ടമാണ് അമ്മേ."

"എന്താ മോളെ. നമുക്കു പോയി വഴിപാടു കഴിക്കാം. അടുത്തവർഷം നാം പോകുന്നതിനകം നിനക്കു കുട്ടിയുണ്ടാവും. ഞാൻ പറയുന്നതു നീ കേൾക്ക്. ഏതെങ്കിലും വയറ്റാട്ടിയെപോയി കാണിക്കണമല്ലൊ."

"ഇതൊക്കെ ചെയ്തിട്ട് എന്തുകാര്യം അമ്മേ?"

"അല്ല മേളെ ഭാനു, മക്കളില്ലാതെ പെണ്ണുങ്ങൾ ഈ ലോകത്തു കഴിയുന്നതിൽ യാതൊരർത്ഥവുമില്ല. അവർക്കു യാതൊരു വിലയുമില്ല."

"ഞാൻ ഈ ലോകത്തു ജനിച്ചതിനു യാതൊരു വിലയുമില്ല അമ്മേ."

"ഒക്കെ അവരവരുടെ വിധി. വിതക്കുന്നതു കൊയ്യാം. പറയാറില്ലേ അച്ഛനമ്മമാർ ജൻമത്തോടെ ബന്ധപ്പെടുന്നുള്ളു, കർമ്മത്തോടില്ലെന്ന്."

"എവിടെങ്കിലും ഈശ്വരനെ കണ്ടുമുട്ടിയാൽ ഒന്നു ചോദിക്കണം, ഞാൻ വിതച്ച വിത്ത് എന്താ കിളിർക്കാത്തത് എന്ന്."

"അതിന് ഭഗവാനെ എവിടെ കണ്ടുമുട്ടും? അദ്ദേഹം തൻെറ രഹസ്യം ആർക്കും വിട്ടുകൊടുത്തിട്ടില്ല."

"ഇതൊക്കെ മനസ്സമാധാനത്തിനുവേണ്ടിയുള്ള കാര്യങ്ങളാണ്. വേണ്ടതുപോലെ ചെയ്യാം."

"ഭാനു നീ വെറുതെ ഇരിക്കുകയാണോ. എൻെറ തലയിൽ പേനുണ്ടോയെന്നു നോക്ക്. തല ചൊറിയുന്നു." ബച്നി നനഞ്ഞമുടിയുമായി എത്തി ഭാനുവിൻെറ മുമ്പിൽ ഇരുന്നു.

ഭാനു കൈ വൃത്തിയാക്കിയിട്ട് ബച്നിയുടെ തലയിൽ നോക്കി.

സന്തി പടിഞ്ഞിരുന്ന് ചോളമണികൾ ഉതിർത്തുകൊണ്ടിരുന്നു.

"നിങ്ങളുടെ തലയിൽ പേനും ഒന്നുമില്ല." തല മുഴുവൻ പരിശോധിച്ചിട്ട് ഭാനു പറഞ്ഞു.

"ശരി, നീ നന്നായിരിക്കട്ടെ. പോട്ടെ സംശയം തീർന്നല്ലൊ." ബച്നി സന്തിയെ നോക്കികൊണ്ട് തൻെറ വീട്ടിലേയ്ക്കു നടന്നു.

"നീ എന്തിനാ അവളുടെ തല നോക്കിയത്." ബച്നി പോയിക്കഴിഞ്ഞപ്പോൾ സന്തി രസിക്കാത്തമട്ടിൽ ഭാനുവിനോട് ചോദിച്ചു.

"അതിലെന്താ കുഴപ്പം?"

"നിനക്കറിയില്ല, അവൾ പ്രായമായവരുടെ മുമ്പിൽ കുഴഞ്ഞാടുന്നവളാണ്. ഏഴാംമാസത്തിൽ അവൾക്കു കുട്ടിയുണ്ടായി മരിച്ചുപോയില്ലേ?"

"എനിക്കു അതൊന്നും അറിയില്ല."

"മോളെ, ആർക്കെങ്കിലും എന്തുകൊണ്ട് എന്തെങ്കിലും സംഭവിക്കുന്നു എന്നു നിനക്കിതുവരെ അറിയില്ലേ?"

"നന്നായി അറിയാം. പക്ഷേ ഇനി മരിക്കണമെന്ന ആഗ്രഹമേ ബാക്കിയുള്ളു."

"എന്നാൽ കേൾക്ക്- ഒരു നാഴികപോലും നടന്നില്ല. എന്നിട്ടും എനിക്കു ദാഹിക്കുന്നു ഭഗവാനേ."

"ഇപ്പോൾ എനിക്കു തോന്നുന്നു ഞാൻ സർവ്വദൂരവും പിന്നിട്ടുകഴിഞ്ഞു. അരനാഴികമാത്രമേ ബാക്കിയുള്ളു."

"ചിലപ്പോഴൊക്കെ എൻെറയും മനസ്സ് ഇങ്ങനെ വ്യാകുലപ്പെടാറുണ്ട്. സാരമില്ല. നീ നല്ലവളാണ്. ഒരേവശത്തുതന്നെ കിടന്നു ചപ്പാത്തിപോലും പൊള്ളികരഞ്ഞുപോകും."

"ഡോഗർ ജീവിച്ചിരുന്നെങ്കിൽ എനിക്കു ചിന്തയില്ലായിരുന്നു. ഇപ്പോൾ ചിലപ്പോഴൊക്കെ അച്ഛൻ കൺമുമ്പിൽവന്നു നിൽക്കാറുണ്ട്. അദ്ദേഹം എന്നോടു പറയുന്നപോലെ തോന്നും - നീയും എന്നെ വഞ്ചിച്ചിട്ടു പോയി. എവിടെയൊക്കെ അലഞ്ഞുനടക്കുകയാവും നീ ഇപ്പോൾ."

"അവനവൻെറ തലയിലെഴുത്ത് അനുഭവിച്ചേ പറ്റൂ. അയാളുടെ തലയിൽ സന്താനങ്ങളുടെ സൗഖ്യം എഴുതിയിട്ടില്ല."

"അടുത്തുണ്ടായിരുന്നപ്പോൾ സുഖത്തിലും ദുഃഖത്തിലും വെള്ളമെങ്കിലും കൊടുക്കാമായിരുന്നു. ഇപ്പോൾ ആരേയും മരണവൃത്താന്തം പോലും അറിയിക്കേണ്ട കാര്യമില്ല." ഭാനുവിൻെറ കണ്ണുനിറഞ്ഞു.

"മോളെ ഇത്രയ്ക്കു ദുഃഖിക്കാൻ പാടില്ല. ജേമു വരുമ്പോൾ അവനോടു പറയാം. അവൻ എവിടെ നിന്നെങ്കിലും നിൻെറ വീട്ടുകാരുടെ വിവരം കൊണ്ടുവരും."

"എന്തിനാ അമ്മേ, എന്തിന് മുറിവ് വീണ്ടും മാന്തി വലുതാക്കുന്നു. അവർക്കു ഞാൻ എന്നേ മരിച്ചുകഴിഞ്ഞു."

"ഭാനു, നീയും എന്നെപ്പോലെ ദുഃഖം മാത്രം സഹിച്ചു."

"ഓരോരുത്തരുടെ വിധിയാണ്."

"അതെ, അങ്ങനെ ആലോചിച്ചാൽ എല്ലാത്തിനും സമാധാനമാകും. ഈശ്വരൻ നിന്നെ സൃഷ്ടിച്ചപ്പോൾ യാതൊരു കുറവും വരുത്തിയില്ല. നല്ല പരിശ്രമശീലം തന്നു. ബുദ്ധിയും ഒട്ടും കുറവല്ല. പക്ഷേ നേരം വണ്ണം എഴുത്തും വായനയും പഠിച്ചില്ല."

"പഠിക്കാത്തവളല്ലേ? അതുകൊണ്ട് ഇങ്ങനെയായി. തിരിച്ച്, പഠിച്ചവളായിരുന്നെങ്കിൽ അഹങ്കാരിയാകുമായിരുന്നു."

"ഭാനു, നിനക്കൊന്നും തോന്നുകയില്ലെങ്കിൽ ഞാനൊരു കാര്യം പറയാം. കേട്ടപ്പോൾ തൊട്ട് എനിക്കു അതിയായ വേദനതോന്നി. നിന്നോട് പറയേണ്ട എന്നു വിചാരിച്ചു. പക്ഷേ പറയാതിരിക്കാൻ കഴിയുന്നില്ല."

ഭാനു വിഷാദത്തോടെ അവരെ നോക്കി.

"കർത്താരിയുടെ മകളുടെ കല്യാണത്തിന് അവളുടെ ഭർത്തൃസഹോദരൻ ഹരിയാ വന്നിരുന്നു. അവൻെറ ഭാര്യക്ക്, സഹോദരിയുണ്ട്. കുറെ വർഷമായി ഭർത്താവ് അവളെ കൊണ്ടുപോകുന്നില്ല. അവളുടെ സ്വഭാവം നന്നല്ലെന്നു പറയുന്നു. വിവാഹം കഴിഞ്ഞ് ഏഴാംമാസത്തിൽ അവൾ പൂർണ്ണവളർച്ചയുള്ള ഒരു കുട്ടിയെ പ്രസവിച്ചു. ആളുകൾ വിവരമന്വേഷിച്ചു. രണ്ടുമാസംകഴിഞ്ഞ് കുട്ടി മരിച്ചു. പക്ഷേ വീട്ടുകാർ അവളെ അടുപ്പിച്ചില്ല. ഹരിയാ വല്ലാതെ സങ്കടപ്പെട്ടു. എൻെറ വീട്ടുകാരൻ പറയുന്നത് അവൻ നാരായണനുമായി രഹസ്യസംഭാഷണം നടത്തിയെന്നാണ്. 'ഭാനുവിന് കുട്ടി ഉണ്ടാകുമായിരുന്നെങ്കിൽ ഇതിനോടകം എന്തെങ്കിലും ഉണ്ടായേനെ. രണ്ടുകൊല്ലമായി അവളെ കൊണ്ടുവന്നിട്ട്....' എന്നൊക്കെ. അറുനൂറുരൂപക്കു സംഗതി ഒതുക്കിയിട്ടാണു പോയത്. എനിക്ക് തോന്നുന്നത് നിൻെറ ഐശ്വര്യസമ്പന്നമായ വീട് കണ്ടിട്ട് ആ കാലന് അസൂയ തോന്നിക്കാണും. നാരായണനു മുമ്പ് പാട്ടക്കാർ പത്തുമന്ന് ധാന്യംപോലും പാട്ടം കൊടുക്കാറില്ലായിരുന്നു. ഇപ്പോൾ നീ നേരിട്ടൊക്കെ ശ്രദ്ധിക്കുന്നതുകൊണ്ട് ചാക്കുകണക്കിനു ധാന്യം ഇവിടെയുണ്ട്. എന്നുതന്നെയല്ല നീ വന്നാണ് നാരായണനെ മനുഷ്യനാക്കി തീർത്തത്. മുമ്പ് ഒരു സമയവും അവന് ബോധം കാണാറില്ലായിരുന്നു."

ഭാനു അത്ഭുതപരവശയായി സന്തിയെ നോക്കിയിരുന്നു.

പിന്നെ എന്തോ ഓർത്തിട്ടെന്നവണ്ണം അവൾ എണീറ്റു.

"ഭാനു, ഒരപേക്ഷയുണ്ട്. ഞാൻ പറഞ്ഞെന്നു പറയരുത്. നാരായണൻ വന്നു എൻെറ പിടലിക്കു പിടിക്കും. പിന്നെ ഇവിടെയുള്ളയാളും വഴക്കാകും- എന്തിന് ഇതൊക്കെ വെളിയിൽ പറഞ്ഞു? മോളെ എനിക്കു മറച്ചുവയ്ക്കാൻ കഴിഞ്ഞില്ല."

ഭാനു തൻെറ വീട്ടിലേക്കു നടന്നു.

"ഭാനു സത്യമായും ഇക്കാര്യം പുറത്തു പറയരുതേ." സന്തി പുറകിൽനിന്നും വീണ്ടും മുന്നറിയിപ്പുകൊടുത്തു.

ഭാനു വാതിൽ തുറന്നു. വീട്ടിനകത്തുകയറി അവൾ പാവാട മാറി. കുടത്തിൽനിന്നും വെള്ളം കുടിക്കാൻ ഭാവിച്ചു, പക്ഷേ കുടം കാലിയായിരുന്നു.

മറ്റു ദിവസങ്ങളെപ്പോലെ ഒരുദിവസം. നേരം പുലർന്നു. ആളുകൾ ഉണർന്നു തുടങ്ങി. അടുപ്പുകളിൽനിന്നും പുക ഉയർന്നു. തൈരു കടയുന്ന ശബ്ദം കേട്ടു. രണ്ടുമൂന്നു പ്രാവശ്യം എരുമ അമറിയപ്പോൾ നാരായണൻ ഉണർന്നു. അയാൾ നോക്കിയപ്പോൾ വിളക്കു കത്തിക്കുകയോ ചായ തിളപ്പിക്കുകയോ ചെയ്തിട്ടില്ല. എരുമയെ കറന്നിട്ടില്ല, അതുകൊണ്ടാണ് അത് അമറിയത്. ഭാനു അപ്പോഴും ഉറക്കത്തിലായിരുന്നു.

മുമ്പൊരിക്കലും ഇങ്ങനെ സംഭവിച്ചിട്ടില്ല.

"വിവാഹത്തിനുവേണ്ടി പണിയെടുത്തു പാവം തളർന്നുകാണും." നാരായണൻ വിചാരിച്ചു.

"നേരം ഉച്ചയായിക്കാണും" അയാൾ ഭാനുവിനെ കുലുക്കി വിളിച്ചു.

ഭാനു ഞെട്ടി എണീറ്റു. അവൾ വേഗം വിളക്കു കത്തിച്ചു. അടുപ്പു കത്തിച്ചു ചായക്കു വെള്ളംവെച്ചു. എന്നിട്ട് തൈരു കടയാനിരുന്നു. നാലുപ്രാവശ്യം കടകോലിട്ട് വലിച്ചപ്പോഴേക്കും അവൾ നാരായണനോട് പറഞ്ഞു. "ഇന്നു നിങ്ങൾ തൈരു കടയൂ. എന്റെ കൈ കഴയ്ക്കുന്നു."

"കൈയ്ക്ക് എന്തു പറ്റി? വിവാഹത്തിനു വല്ലാതെ അദ്ധ്വാനിച്ചു. ഇത്രയ്ക്കു കഷ്ടപ്പെടേണ്ട കാര്യമില്ലായിരുന്നു. നീ ആദ്യം ചായ ഉണ്ടാക്ക്. അൽപം ലഹരി അകത്താക്കിയിട്ട് ഞാൻ കടയാം."

ഭാനു എണ്ണീറ്റ് പാൽ കറന്നു. എരുമ പലതവണ അവളുടെ മുഖത്തേയ്ക്ക് നോക്കി. പതിവനുസരിച്ച് എരുമയുടെ മുഖം തലോടാൻ അവൾ മറന്നുപോയി. പാൽ കറന്നു കഴിഞ്ഞപ്പോൾ സഹികെട്ട് എരുമ കാലുകൊണ്ട് തൊഴിച്ചു. പാത്രം മറിഞ്ഞു വീണു. ഭാനു പരിഭ്രമിച്ച് എഴുന്നേറ്റു.

"എന്താ നിന്റെ കണ്ണു പൊട്ടിപ്പോയോ? പാല് മുഴുവൻ കളഞ്ഞു." നാരായണൻ കട്ടിലിൽ നിന്നും എണീറ്റു.

ഭാനു അപരാധിനിയെപ്പോലെ അടുപ്പിന്റെ അടുത്തു ചെന്നു. അവൾ കപ്പിൽ ചായയും പഞ്ചസാരയും എടുത്തു.

നാരായണൻ മുണ്ട് അലക്കുന്ന തടിക്കഷണമെടുത്തു എരുമയെ കണക്കിനു തല്ലി.

ഭാനുവിനു എഴുന്നേറ്റ് അയാളെ തടയാനുള്ള ശക്തിയില്ലായിരുന്നു. അന്നവർ കട്ടൻചായ കഴിച്ചു.

ഭാനു തന്റെ ക്ഷീണിച്ച കൈകാലുകൾ കൊണ്ട് വീട്ടുജോലിയൊക്കെ നിർവഹിച്ചു.

പിന്നീട് അവൾ നാരായണന്റെ അമ്മയുടെ പെട്ടി തുറന്നു. പെട്ടിയ്ക്കുള്ളിൽ രണ്ടു ഷാളുകൾ ഉണ്ടായിരുന്നു. നീലയും വെള്ളയും കലർന്ന ചതുരാകൃതിയിലുള്ള ഒരു പുതപ്പും, രണ്ട് കുർത്തയും ഒരു ഷീറ്റും. ഒരു പഴയ കമ്പിളി പാവാടയും ഉണ്ടായിരുന്നു. നിറം മങ്ങിയ നാലു നാടകളും കണ്ടു. ഒരു മൂലയ്ക്കു വെള്ളികൊണ്ടുള്ള ഒരു 'രക്ഷ' വച്ചിരുന്നു. ഒരു മുത്തുച്ചിപ്പിയും ഒരു കറുത്ത മുത്തും, പുലിനഖവും കാണാൻ കഴിഞ്ഞു. ഏതോ കുട്ടിയുടെ കഴുത്തിലണിയാനുള്ള സാധനങ്ങളൊക്കെ ഒന്നിച്ചുകൂട്ടി വച്ചിരിക്കയാണെന്നു തോന്നി.

ഭാനു വളരെനേരം പെട്ടിയിലെ സാധനങ്ങൾ ശ്രദ്ധിച്ചു നോക്കി നിന്നു. പിന്നീട് എടുത്തപോലെ അവ പെട്ടിയിൽ തിരിച്ചുവച്ചു. പെട്ടി പഴയപോലെ പൂട്ടിവച്ചു. താക്കോൽ അവൾ കുടുക്കയിൽ ഇട്ടുവച്ചു. അവിടെ രണ്ടു പഴയ താക്കോൽ ഉണ്ടായിരുന്നു.

"തക്ലിയോ, സൂചിയോ, അരിപ്പയോ, ചവണയോ, ചട്ടുകമോ വേണോ?" വെളിയിൽ ഉന്തുവണ്ടിക്കാരി വിളിച്ചു ചോദിച്ചു.

"ഇങ്ങോട്ടു വാ" ഭാനുവിന്റെ വീട്ടിലേക്കു നടന്നുവന്ന സന്തി വിളിച്ചു.

"ഭാനു വീട്ടിലുണ്ടോ?" എന്നു ചോദിച്ചുകൊണ്ട് സന്തി അവളുടെ മുറ്റത്തെത്തി.

"ഉണ്ട് അമ്മേ, വരൂ." ഭാനു വെളിയിലോട്ടു ചെന്നു സന്തിക്കുവേണ്ടി കട്ടിലിട്ടുകൊടുത്തു.

കറുത്ത പാവാടയും വെള്ളി വളകളും പ്രിൻറ്ഷാളും ധരിച്ച വണ്ടിക്കാരി തലയിൽ ഭാണ്ഡവുമായി അങ്ങോട്ടു വന്നു. അവരുടെ കൈയിൽ ഒരു ചവണയും ചട്ടുകവും ഉണ്ടായിരുന്നു.

"ചട്ടുകത്തിൻെറ വില എങ്ങനെയാണ്" സന്തി ചോദിച്ചു.

"രണ്ട് സേർ ധാന്യം. അല്ലാതെ നിങ്ങളിൽനിന്ന് രണ്ട് മന്ന് വാങ്ങുമോ വല്ല്യമ്മേ?" വണ്ടിക്കാരി ഭാണ്ഡം താഴെവച്ച് ഇരുന്നു. ചട്ടുകം സന്തിയെ കാട്ടി.

"രണ്ടുസേറോ അഞ്ചു സേറാകട്ടെ! വലിയ കൊള്ളയാണ്. ധാന്യത്തിൻെറ വില എന്താണെന്ന് അറിയില്ലേ?"

"അമ്മാ നാഴികുറച്ചുകൊള്ളു."

"ഞാൻ ഒരു സേറു തരാം. പിന്നെ നിങ്ങളുടെ ഇഷ്ടം. തരാമെങ്കിൽ തന്നിട്ട് പോകൂ." സന്തി ചട്ടുകം അവരുടെ നേരെ വലിച്ചെറിഞ്ഞു.

"അമ്മാ അങ്ങനെ പറയരുത്. ആട്ടെ നിങ്ങൾ ഒന്നര സേർ തരൂ."

"വേണ്ട ഒരു സേറേ പറ്റൂ."

"ശരി, എങ്കിൽ ഒന്നേകാൽ സേർ തരൂ." വണ്ടിക്കാരി ചട്ടുകം അവരുടെ കൈയിൽ കൊടുത്തുകൊണ്ട് പറഞ്ഞു.

"ഞാൻ ഒരു വിലയേ പറയൂ. ഒരു സേർ ധാന്യം തരാം. സമ്മതമാണെങ്കിൽ വാങ്ങാം. അല്ലെങ്കിൽ വേറെ ആരെങ്കിലും വരും."

"ശരി ആട്ടെ, ഒരു ചപ്പാത്തി തരുമല്ലൊ."

"ശരി അതു സമ്മതിച്ചു. കൂടെ ലെസ്സിയും തരാം."

സന്തി ചട്ടുകവും പിടിച്ചുകൊണ്ട് തൻെറ വീട്ടിലേക്കു നടന്നു.

"നിങ്ങളും എന്തെങ്കിലും വാങ്ങൂ. ചവണയോ അരിപ്പയോ വല്ലതും." വണ്ടിക്കാരി ഭാണ്ഡം എടുത്തുകൊണ്ട് ഭാനുവിനോട് പറഞ്ഞു.

"അടുത്ത തവണ വരുമ്പോൾ വാങ്ങാം." ഭാനു ചിരിച്ചു.

"അടുത്തപ്രാവശ്യത്തെ കാര്യം ഈശ്വരനു അറിയാം. ആരൊക്കെ ഉണ്ടാവും, ആരൊക്കെ ഇല്ലാതാവും എന്നറിയില്ല. നിങ്ങൾ ഇപ്പോൾ തന്നെ വാങ്ങൂ."

"വേണ്ട സഹോദരി, ഒന്നും വേണ്ട." ഭാനു നിലത്തു കൈകുത്തി എഴുന്നേറ്റു. എന്നിട്ട് അവൾ തൂണിൽ ചിലച്ചുകൊണ്ടിരിക്കുന്ന പ്രാവുകളെ ഓടിച്ചു. വീട്ടിൽ പ്രാവുകൾ ചിലച്ചാൽ അശുഭമാണെന്നു അവൾ കേട്ടിട്ടുണ്ട്.

വൈകീട്ട് അവൾ ഗുരുദ്വാരയിൽ പോയി. കുറെനേരം ഇരുന്ന് അവൾ പ്രവചനം കേട്ടു. എന്നിട്ട് അവൾ ഗുരുദ്വാര തൂത്ത് വൃത്തിയാക്കി. കുളത്തിൽനിന്നും വെള്ളം കൊണ്ടുവന്നു ചെടികൾ നനച്ചു.

"എൻെറ വീടുകൂടി തൂക്കണം." മധ്യവയസ്കനായ പൂജാരി ഗുരുദ്വാരയുടെ പുറത്തുവന്ന് അവൾക്കു പ്രസാദം കൊടുത്തുകൊണ്ട് പറഞ്ഞു.

"ശരി സ്വാമി." ഭാനു അദ്ദേഹത്തെ നോക്കാതെ പ്രസാദം വാങ്ങി.

"ഭാനു സാവധാനം നടന്നുവരുന്നതുകണ്ട് ബച്നി തൻെറ മുറ്റത്തു നിന്നു പറഞ്ഞു." വിവാഹത്തിനു കൂടുതൽ ബുദ്ധിമുട്ടായതു കാരണം നീ വല്ലാതെ ക്ഷീണിച്ചു."

"എൻെറ ബച്നി എനിക്കു ഒരു സുഖവുമില്ല. എന്താണോ എന്തോ ആകെ ഒരു അസ്വാസ്ഥ്യം." പുതിയ ചെരുപ്പിട്ടതു കൊണ്ട് ഭാനുവിൻെറ കാലിൽ കുമിള വന്നു. അവൾ ഞൊണ്ടിയാണ് നടന്നത്.

"എനിക്ക് തോന്നുന്നത് ആരുടേയോ കണ്ണുകിട്ടിയെന്നാണ്. നീ ഒറ്റയ്ക്കു നാലുപേരുടെ ജോലി ചെയ്യുമായിരുന്നു. പക്ഷെ അതിനാരും സമ്മാനം തരാൻ പോകുന്നില്ല. എല്ലാവരും സ്വന്തം ശരീരം നോക്കും. നീ മാണ്ഡൂദാസിൻെറ ആശ്രമത്തിൽ പോയി ഉഴിഞ്ഞിട്ടു വരൂ. നിമിഷനേരം കൊണ്ട് സുഖംകിട്ടും. എൻെറ മകൾക്കൊരിക്കൽ കണ്ണിനു വലിയ വേദനയായി. ആരോ പറഞ്ഞു പെണ്ണിനു കണ്ണുദോഷം കിട്ടിയതാവും എന്ന്. നാലു തവണ ഉഴിഞ്ഞിട്ടുവന്നു. പെണ്ണിൻെറ കണ്ണിനു സുഖം കിട്ടി. ഡോക്ടറുടെ മരുന്ന് വാങ്ങി എന്നതു നേരാണ്. പക്ഷെ സിദ്ധൻെറ ഉഴിയൽകൊണ്ടാണ് സുഖം കിട്ടിയതെന്നു എനിക്കറിയാം."

"എനിക്കു സ്വയം സുഖം കിട്ടിക്കൊള്ളും. എനിക്ക് അതിനൊന്നും പറ്റിയിട്ടില്ലല്ലൊ." ഭാനു ബച്നിയുടെ വീട്ടിൽ നിന്നും ധാരാളം വെള്ളം കുടിച്ചു.

"നീ ഗ്ലാസ്സെടുത്ത് കുടിക്ക്." ബച്നി കന്നുകാലികൾക്കു വെള്ളം ശരിയാക്കിക്കൊണ്ട് പറഞ്ഞു.

"മതി, ഇനി വേണ്ട." അവൾ കുർത്തയിൽ വീണ വെള്ളം പിഴിഞ്ഞുകൊണ്ട് തൻെറ വീട്ടിലേയ്ക്കു നടന്നു.

വീട്ടിൽ വന്നിട്ട് അവൾ പാവാട ആണിയിൽ തൂക്കിയിട്ടു. പെട്ടിക്കടുത്തു ചെരിപ്പ് കൊണ്ടിട്ടു. പാത്രത്തിൽനിന്നും പരിപ്പെടുത്ത് അടുപ്പത്തിട്ടു. ചപ്പാത്തി ഉണ്ടാക്കി.

അപ്പോൾ അവൾക്കു വിശപ്പുതോന്നി. അവൾ രണ്ടു ചപ്പാത്തിയും പരിപ്പുകറിയും എടുത്തുകഴിച്ചു. ചപ്പാത്തി എന്തുകൊണ്ടോ തൊണ്ടയ്ക്കു തങ്ങിയപോലെ തോന്നി. പകുതി ചപ്പാത്തി തിന്നിട്ട് ബാക്കി ഒന്നരചപ്പാത്തി അവൾ പട്ടിക്കു കൊടുത്തു. ഭാനു കൈകഴുകി.

പിന്നെ എന്തു തോന്നിയിട്ടോ അവൾ എരുമക്കുള്ള ധാന്യം കല്ലിൽ അരയ്ക്കാൻ ഭാവിച്ചു.

"വേണ്ട ഭാനു നീ അരയ്ക്കേണ്ട. മില്ലിൽ പൊടിപ്പിക്കാം." നാരായണൻ അതുകണ്ടിട്ട് പറഞ്ഞു.

കല്ലിൻെറ ശബ്ദം കൊണ്ട് അവൾ കേൾക്കാതിരുന്നതാണോ അതോ കേട്ടില്ലെന്നു നടിച്ചതാണോ, രണ്ടായാലും ഭാനു ധാന്യം അരയ്ക്കുന്നതു തുടർന്നു.

"ഭാനു ഇന്നു നിനക്കെന്തുപറ്റി?" നാരായണൻ കല്ലിൻെറ തലയ്ക്കൽ പിടിച്ചുകൊണ്ട് ചോദിച്ചു.

"എനിക്കു ചൂട് തോന്നുന്നു. ഞാൻ വിചാരിച്ചു വിയർക്കുമ്പോൾ ഒക്കെ നേരെയാകുമെന്ന്."

"നീ തന്നെ ചികിൽസ തുടങ്ങിയോ? ചൂട് തോന്നിയാൽ ആരെ ങ്കിലും കല്ല് പിടിയ്ക്കുമോ? മുഖം നോക്കിയാൽ എന്തൊരു വിളർച്ച." നാരായണൻ അവളെ എഴുന്നേൽപ്പിച്ചുകൊണ്ട് പറഞ്ഞു.

"എനിക്ക് ഒന്നും സംഭവിക്കുകയില്ല. ഒന്നിനും കൊള്ളരുതാത്തവരെ ഈശ്വരനുപോലും വേണ്ട."

"വേണ്ടേ? നീ ഇല്ലെങ്കിൽ ഞാൻ അനാഥനാകും. എനിക്കു സഹോ ദരനില്ല, അച്ഛനില്ല. നീ പുതച്ചുമൂടി കിടക്ക്. ഞാൻ പോയി മരുന്നു വാങ്ങിക്കൊണ്ട് വരാം. കടുംചായ ഉണ്ടാക്ക്, നിമിഷനേരം കൊണ്ട് സുഖം ഉണ്ടാകും." നാരായണൻ പുറത്തേക്കുപോയി.

"വള വേണോ വള." വെളിയിൽ ശബ്ദം. ഭാനു പുറത്തുവന്നു. വള ക്കാരനെ വിളിച്ചു. ഏറെനേരം വളകൾ തിരഞ്ഞുകൊണ്ടിരുന്നു. പിന്നെ എന്തുകൊണ്ടോ എണീറ്റിട്ട് അയാളോട് പറഞ്ഞു. "വേണ്ട സഹോദരാ, ജീവിച്ചിരുന്നാൽ ഇനിയും ഒരിക്കൽ വാങ്ങാം."

അയാൾ എന്തോ പറയാൻ ഭാവിക്കുന്നതിമുമ്പ് അവൾ വീട്ടിനക ത്തേക്കുപോയി. കതകടച്ചു. എന്തോ പിറുപിറുത്തുകൊണ്ട് വളക്കാരൻ വള അടുക്കി വച്ചിട്ട് ഭാണ്ഡവുമേറി നടന്നു. "വള വേണോ വള," എന്നു വിളിച്ചുകൊണ്ട് അയാൾ മുമ്പോട്ടു പോയി.

ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ദിവസങ്ങൾ. രണ്ടിനു മിടയ്ക്കു നടന്നു നീങ്ങുന്ന രാത്രികൾ. ദിനരാത്രങ്ങൾ ഭാനുവിന്റെ മുമ്പിൽകൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. അവൾ എവിടെയും വിഷാ ദമൂകയായി കാണപ്പെട്ടു. എങ്ങോട്ടെങ്കിലും നോക്കിയാൽ കുറേനേരം ഒരേമട്ടിൽ അങ്ങനെ തന്നെ നോക്കിയിരിക്കും.

ഇപ്പോൾ അവൾ ഗുരുദ്വാരയിൽ രണ്ടുപ്രാവശ്യം പോകാറുണ്ട്. അവിടെ ഇരുന്ന് പ്രവചനം കേൾക്കും. ചിലപ്പോൾ കുറേ കേൾക്കും, ചിലപ്പോൾ ഒന്നും കേൾക്കാതെ വരും.

ഒരു ദിവസം പ്രവാചകൻ വിശുദ്ധഗ്രന്ഥം അടയ്ക്കാൻ തുടങ്ങി യപ്പോൾ ഭാനു മുറ്റം തൂക്കുന്നതു കണ്ടു. ഒപ്പം അവൾ പതുക്കെ പാടു ന്നുണ്ടായിരുന്നു. ".....മിത്തർ പ്യാരേ നൂൻ, ഹാല് മുരിദാം കഹണാ മിത്തർ പ്യാരേ നൂൻ."

പ്രവചനം തീർത്ത് പുസ്തകം അടച്ചു വച്ചിട്ട് പൂജാരി തന്റെ വീട്ടി ലെത്തി. ഭാനു അതു ശ്രദ്ധിച്ചതേയില്ല.

മുറ്റം തൂത്തിട്ട് അവൾ മുറിതൂക്കാൻ പോയി. പൂജാരിയെ കണ്ടപ്പോൾ അവൾ മടങ്ങാൻ ഭാവിച്ചു. അദ്ദേഹം "തൂത്തുകൊള്ളൂ" എന്നു പറഞ്ഞിട്ട് പുസ്തകമെടുത്തുകൊണ്ട് കട്ടിലിൽ ഇരുന്നു.

പൊടി പറക്കരുതെന്നു വിചാരിച്ച് ഭാനു സാവധാനം മുറിതൂത്തു. ചൂല് പുറത്തുവച്ചിട്ട് അവൾ കുളത്തിൽ പോയി കൈകഴുകി.

"പ്രസാദം കൊണ്ടു പോകൂ." പൂജാരി വിളിച്ചു പറഞ്ഞു.

ഭാനു തിരിച്ചു വന്നു.

"നിനക്കു ഗുരുദ്വാരയോട് പ്രത്യേകിച്ച് സ്നേഹം ഉണ്ട് ഇല്ലേ?"

ഭാനു മൗനം അവലംബിച്ചു.

"ഈ ലോകത്തു നിന്നു വേറെ എന്തുകൊണ്ടുപോകാനാണ്.? പുസ്തകം തൂവാലകൊണ്ട് പൊതിഞ്ഞിട്ട് പൂജാരി സ്വയം എന്നവണ്ണം പറഞ്ഞു.

"നീ നാരായണൻെറ വീട്ടുകാരിയാണ്, അല്ലേ?"

"അതെ, സ്വാമി."

"കുട്ടികൾ ഉണ്ടോ?"

"ഇല്ല."

"മനസ്സ് കേന്ദ്രീകരിച്ച് സേവനം അർപ്പിക്കുക. ഈശ്വരൻ പ്രസാദിക്കും."

ഭാനു മൗനം.

"നിനക്കു ഒരു കാര്യം പറഞ്ഞുതരാം. ദിവസേന നൂറ്റൊന്നു പ്രാവശ്യം ആ മന്ത്രം ജപിച്ചാൽ എല്ലാ കാര്യവും സാധിക്കും. എഴുതി തരട്ടെ?"

"എനിക്കു എഴുത്തും വായനയും വശമില്ല. പറഞ്ഞുതന്നാൽ മതി."

"ശരി കേൾക്കൂ, 'അന്തർ ജാമി പുരക് വിധാതെ സർധാ മൻകി പൂരേ' അഞ്ചുപ്രാവശ്യം പറയൂ."

ഭാനു അഞ്ചുതവണ ആവർത്തിച്ചു. "അന്തർ ജാമി പുരഖ് വിധാതെ സർധാ മൻകി പൂരേ."

"ഇതാ പ്രസാദം വാങ്ങൂ." പൂജാരി പുസ്തകത്തെ വന്ദിച്ചിട്ട് അതു മാറ്റി വച്ചു. എന്നിട്ട് പാത്രത്തിൽ നിന്നും കൈനിറയെ മധുരപലഹാരം ഭാനുവിനു നീട്ടി.

ഭാനു കൈ നീട്ടി.

പൂജാരി പ്രസാദം അവളുടെ കൈയിൽ ഇട്ടുകൊടുത്തിട്ട് അവളുടെ കൈയ്ക്ക് കടന്നുപിടിച്ചു.

"ഗുരുദക്ഷിണ കൊടുക്കണ്ടേ?"

ഭാനു അസ്ത്രപ്രജ്ഞയായി നിന്നു. കൈവലിച്ചാൽ പ്രസാദം താഴെ വീഴും.

വെളിയിൽ കുളത്തിൽ ശബ്ദം കേട്ടു. പൂജാരി ഭാനുവിൻെറ കൈ വിട്ടു.

"ഞാൻ നിന്നെ പരീക്ഷിക്കുകയായിരുന്നു. ഗുരുഗൃഹത്തിലെ സേവനം നീ വേണ്ടെന്നു വയ്ക്കരുത്. അല്ലാതെ ഈ ലോകത്തു നിന്നു എന്തുകൊണ്ടുപോകാനാണ്." വേഗം വേഗം നടന്നു നീങ്ങുന്ന ഭാനുവിനോട് പുറകിൽ നിന്നും പൂജാരി പറഞ്ഞു.

ഭാനു തലകുനിച്ചു വന്ദിക്കാതെ നടന്നു.

"സത്നാം, ശ്രീ വാഹേ ഗുരു" പുറകിൽ നിന്നു പൂജാരി ഉറക്കെ വിളിച്ചു പറഞ്ഞു.

വീട്ടിലേക്കു തിരിച്ചുപോയ ഭാനുവിൻെറ കാലിൽ ഒരു വലിയമുളള് കൊണ്ടു. അവൾ മുളള് വലിച്ചെടുത്തപ്പോൾ ചോര ഒഴുകി.

ഷാളിൻെറ അറ്റം കീറിയിട്ട് ഭാനു തൻെറ കാലിൽ കെട്ടി. ഞൊണ്ടി ഞൊണ്ടി അവൾ വീട്ടിലെത്തി. പരിപ്പ് അടുപ്പത്തുവച്ചിട്ട് അവൾ ചപ്പാത്തി

ഉണ്ടാക്കി. എല്ലായിടവും തൂത്തു. പൊടിയ്ക്കാനായി അവൾ പാത്രത്തിൽ നിന്നും ഗോതമ്പെടുത്തപ്പോൾ അവൾക്കു വിറയൽ അനുഭവപ്പെട്ടു.

നാരായണൻ ചപ്പാത്തി തിന്നാനിരുന്നപ്പോൾ കിണ്ണം എടുത്തയാൾ ദൂരെയെറിഞ്ഞു. "ഉപ്പിൻെറ കിഴിയാണ് ഈ പരിപ്പിൽ." അയാൾ ദേഷ്യപ്പെട്ടു.

ഭാനു സ്വയം അൽപം രുചിച്ചു നോക്കി. യഥാർത്ഥത്തിൽ പരിപ്പുകറി ഉപ്പുകൊണ്ട് കഴിക്കാൻ വയ്യ.

"ഓർക്കാതെ രണ്ടുപ്രാവശ്യം ഉപ്പിട്ടുപോയി." ഭാനു സ്വയം വിശദീകരിച്ചു.

"പഞ്ചസാരയിൽ നെയ്യൊഴിച്ചു തരട്ടെ?" ഭാനു പേടിച്ചു ചോദിച്ചു. "ഒന്നുകിൽ ഉപ്പ് അഥവാ മധുരം നിനക്കു അതേ അറിയൂ. എൻെറ മോനെ കേടാകും." നാരായണൻ ഒരേമട്ടിൽ ദേഷ്യപ്പെട്ടു.

"ആട്ടെ. ഞാൻ സന്തിയുടെ അടുത്തുനിന്ന് നല്ല കറി കൊണ്ടു വരാം." എന്നു പറഞ്ഞിട്ട് ഭാനു പാത്രം എടുത്തുകൊണ്ട് സന്തിയുടെ അടുത്തേക്കു പോയി.

"അമ്മാ എന്നെ രക്ഷിക്കണം. ഇന്നു എന്താ ഇവിടെ ഉണ്ടാക്കിയിരിക്കുന്നത്?" നെയ്യ് ചുടാക്കിക്കൊണ്ടിരുന്ന സന്തിയോട് ഭാനുചോദിച്ചു.

"ഞാൻ ഇന്നു കടലമാവുകൊണ്ടുള്ള ചപ്പാത്തിയാണ് ഉണ്ടാക്കിയത്. വീട്ടുകാരൻ ടൗണിലേക്കു പോയിരിക്കുകയാണ്. പിന്നെ ബാക്കിയുള്ള കുട്ടികൾക്കു എന്തെങ്കിലും കൊടുത്താൽ മതി, പാവങ്ങളൊന്നും പറയില്ല. ഞാൻ എന്തെങ്കിലും ഉള്ളിക്കറിവെക്കാമെന്നു വിചാരിച്ചു. അല്ലാതെന്തു ഉണ്ടാക്കാനാണ്."

"ഞാൻ ഇന്നു പരിപ്പിൽ അറിയാതെ ഉപ്പ് കൂടുതലിട്ടു. ഇപ്പോൾ അതോർത്ത് വിഷമിക്കുകയാണ്. നിങ്ങൾ എന്തെങ്കിലും ഉണ്ടാക്കിക്കാണും എന്നു ഞാൻ വിചാരിച്ചു."

"നീ ഇരിക്ക്."

"ഞാൻ പോകുകയാണ്." ഭാനു വെറും കൈയോടെ തിരിച്ചു പോയി.

അപ്പോഴേക്കും നാരായണൻ അടുപ്പത്തു ചായക്കു വെള്ളം വച്ചിരുന്നു.

"അൽപം കട്ടിയായ ചായ ഉണ്ടാക്കിയാൽ അതിൻെറ കൂടെ ചപ്പാത്തി കഴിച്ചുകൊള്ളാം." അയാൾ അടുപ്പിൽ നിന്നും എണീറ്റുകൊണ്ട് പറഞ്ഞു.

ഭാനു വെള്ളം നല്ലപോലെ തിളപ്പിച്ചിട്ട് പകുതി വെള്ളവും പകുതി പാലും ചേർത്ത് ചായയുണ്ടാക്കി. പക്ഷേ ഭാഗ്യദോഷമെന്നു പറയട്ടെ ചായ ഒഴിക്കുമ്പോൾ പാത്രം കൈയിൽ നിന്നും വഴുതിപ്പോയി. ചൂടു ചായ അവളുടെ കാലിൽ വീണു.

നാരായണൻ അവൾക്കിട്ടു രണ്ടു തൊഴികൊടുത്തു. എന്നിട്ട് ദേഷ്യത്തോടെ പറഞ്ഞു. "നാശം, എവിടെനോക്കിയാണോ ജോലി ചെയ്യുന്നത്. താഴെ ഒഴിക്കാനായിട്ടാണോ കെട്ടിയെടുത്തു ചായ ഉണ്ടാക്കിയത്? "

ഭാനു തൻെറ പൊള്ളിയ കാലിൽ അൽപം വെള്ളം ഒഴിച്ചു. അൽപം ആശ്വാസം കിട്ടട്ടെയെന്നു കരുതിയാണ് അതു ചെയ്തത്, പക്ഷേ അതു

കുറെക്കൂടി പൊള്ളിക്കുകയാണു ചെയ്തത്.

ഇലപൊഴിയും കാലം. വരണ്ട ഉഷ്ണക്കാറ്റ്. ഇടയ്ക്കിടെ ചുഴലി കാറ്റ്. പൊള്ളുന്ന വെയിൽ ചുവരിൻെറ നിഴലിൽ ഒരു തുണി വിരിച്ച് അതിൽ സൂക്ഷിച്ചു വച്ചിരുന്ന പഞ്ഞി കടയുകയായിരുന്നു ഭാനു. അവൾക്കു വേഗം ക്ഷീണം അനുഭവപ്പെട്ടു.

"എടീ ഭാനു, ഇക്കാലത്താണോ പഞ്ഞി കടയുന്നത്? ബച്നി ചോദിച്ചു.

"എരുമക്കു പരുത്തിക്കുരു കൊടുക്കണ്ടേ ബച്നി? " കടയൽ നിർത്തിയിട്ട് വെള്ളം കുടിക്കാനായി ഭാനു എണീറ്റു.

"നേരത്തെ ഉണ്ടായിരുന്ന എരുമയേക്കാൾ നിൻെറ ഈ എരുമ കൊള്ളാം. നാലുകൊല്ലം കൊണ്ട് നല്ല ഒത്ത എരുമയാകും." ബച്നി ഭിത്തിയിൽ തുണി ഉണക്കാനിട്ടുകൊണ്ട് പറഞ്ഞു.

"നാലുകൊല്ലത്തിനിടയ്ക്ക് ആർക്കൊക്കെ എന്തൊക്കെ സംഭവിക്കുമെന്നു എങ്ങനെ അറിയാം?"

"വർഷങ്ങൾ നീങ്ങുന്നതു അറിയുന്നതേയില്ല. കണ്ണടച്ചു തുറക്കുമ്പോഴേക്കു സമയം നീങ്ങുന്നു. ഞങ്ങളുടെ വല്യമ്മ മരിച്ചിട്ട് ഇതു നാലാം വർഷമാണ്. ഇന്നലെ നടന്നപോലെ തോന്നുന്നു. എല്ലായിടത്തും ഓടിയെത്തുമായിരുന്നു."

"മനുഷ്യൻ വെള്ളത്തിലെ കുമിളയാണ്." ഭാനു വീണ്ടും പഞ്ഞി കടയാനിരുന്നുകൊണ്ട് പറഞ്ഞു.

"അതെ സഹോദരി മരണം സത്യമാണ്. ബാക്കിയൊക്കെ കള്ളവും." ബച്നി വസ്ത്രം ഉണക്കാനിട്ടിട്ട് മുറ്റത്തുകൂടി തിരിച്ചുപോയി.

അപ്പോൾ നാരായണൻ പുറത്തു നിന്നും വന്നു. ഹുക്ക നിറച്ചിട്ട് അയാൾ ഭാനുവിൻെറ അടുത്തിരുന്നു. കുറെനേരം അയാൾ ഹുക്ക വലിച്ചു. കുറച്ചു കഴിഞ്ഞ് അയാൾക്കു വിമ്മിഷ്ടം തോന്നി. ഹുക്ക ഒരു വശത്തേക്കു വച്ചിട്ട് അയാൾ തുണികൊണ്ട് മുഖം തുടച്ചു.

"ഭാനു, വല്ലപ്പോഴുമെങ്കിലും ഉടുവസ്ത്രം നനയ്ക്കണം. മുമ്പ് നീ എന്നോട് മുഷിയുമായിരുന്നു. എന്നിട്ടിപ്പോൾ എന്നെക്കാൾ മുഷിഞ്ഞ വസ്ത്രം ഉടുക്കുന്നു."

"ഓഹോ എൻെറ വസ്ത്രം വളരെ മുഷിഞ്ഞതാണ്." തൻെറ വസ്ത്രത്തിലേക്കു നോക്കിയിട്ട് അവൾ ചോദിച്ചു.

"നീ ഈയിടെ എല്ലാം നഷ്ടപ്പെട്ടവളെപ്പോലെ ഇരിക്കുന്നതെന്താ? അതിഥിയെപ്പോലെ പെരുമാറുന്നു."

"അല്ലല്ലോ.....അങ്ങനെ അല്ലല്ലോ" ഭാനു പഞ്ഞി കടഞ്ഞുകൊണ്ട് പറഞ്ഞു.

"എനിക്കു തോന്നുന്നത്, നീ എൻെറ അടുത്തു വന്നിട്ടും നിൻെറ മനസ്സ് ഇപ്പോഴും ഭൂതകാലത്തിലാണ്."

"ഭൂതകാലത്തിൽ എൻെറ ആരാ ഉള്ളത്?" ഭാനു അന്യമനസ്കയായി ചോദിച്ചു.

"പിന്നെ ഏതു കാര്യത്തിലാണു ഉദാസീനയാകുന്നത്? ഇവിടെ തിന്നാനും കുടിക്കാനും ഒന്നിനും കുറവില്ല."

"ഇല്ല. ഒന്നുമില്ലല്ലൊ."

"ഭാനു!"

"എന്താ"

"ഞാൻ ചോദിക്കുന്നത്, നിനക്കെന്നോട് എന്തിനാണ് പിണക്കം. ശരിക്കു സംസാരിക്കുന്നുപോലുമില്ല."

"ഇല്ല എനിക്കെന്തിനാ പിണക്കം."

കുറെ നേരത്തെ മൗനം.

നാരായണൻ എഴുന്നേറ്റു. പിന്നെ എന്തുവിചാരിച്ചിട്ടോ വീണ്ടും ഇരുന്നു. ആകാശത്തു അങ്ങുമിങ്ങും മേഘങ്ങൾ കണ്ടു.

"രാത്രിയാവുമ്പോഴേക്കും പെയ്തേക്കും." നാരായണൻ തന്നോടോ അതോ ഭാനുവിനോടോ എന്നു വ്യക്തമാകാത്തമട്ടിൽ പറഞ്ഞു.

ഭാനു മറുപടി ഒന്നും പറഞ്ഞില്ല.

"ഭാനു!"

"ഉം"

"ഇല്ല ഒന്നുമില്ല." നാരായണൻ വീണ്ടും ഹുക്കവലിച്ചു തുടങ്ങി.

ഭാനു പഞ്ഞികടച്ചിൽ നിറുത്തി.

"ഭാനു!"

"എന്താ"

"നമ്മുടെ കർത്താരിയുടെ മകൾ ബീഗോയുടെ വിവാഹത്തിന് ഹരിയാ വന്നില്ലേ."

"ഉവ്വ്."

"അയാൾക്ക് ഒരു ഭാര്യാസഹോദരിയുണ്ട്.... ഈശ്വരൻെറ മുമ്പിൽ മറുപടിപറയാൻ കടപ്പെട്ടവനാണു ഞാൻ, നീ എന്നോട് എന്തു പറഞ്ഞാലും വേണ്ടില്ല. ജീവിതകാലം മുഴുവൻ ഞാൻ നിന്നെ ഉപേക്ഷിക്കില്ല. വീടിൻെറ അവകാശി നീ തന്നെയായിരിക്കും. വേണമെങ്കിൽ ഒപ്പിട്ടു തരാം. നോക്കു, ഭാനു നമുക്കു വാർദ്ധക്യത്തിൽ വെള്ളം തരാൻ ആരെങ്കിലും വേണ്ടെ? ഒരു കുഞ്ഞിക്കാലിനുവേണ്ടിയാണു ഞാൻ പറഞ്ഞതൊക്കെ.......ഞാൻ അയാളോട് തുറന്നു പറഞ്ഞു, ഭാനു സമ്മതിക്കുകയാണെങ്കിൽ മാത്രമേ കാര്യം നടക്കുകയുള്ളൂ എന്ന്."

ഭാനു മറുപടി ഒന്നും പറഞ്ഞില്ല. അവൾ നഖംകൊണ്ട് കൈയിലെ പഞ്ഞി ചുരണ്ടികൊണ്ടിരുന്നു.

"ഭാനു ഞാൻ ജീവിച്ചു കഴിഞ്ഞയാളാണ്. നീ വന്നാണ് എനിക്കു പുതിയ ജീവിതം നൽകിയത്."

ഭാനു അതിനും ഒന്നും പറഞ്ഞില്ല.

"നോക്കു ഭാനു ഒരു കുട്ടി ഉണ്ടായാൽ വംശം നിലനിൽക്കും. അല്ലെങ്കിൽ ഞാനീക്കാര്യം ആലോചിക്കുകയേ ഇല്ല. പക്ഷേ ഇപ്പോഴും ഞാൻ പശുവിനെ ആണയിട്ടു പറയാം, ഈ വീട്ടിലെ കാര്യസ്ഥ നീ തന്നെയായിരിക്കും എന്ന്."

ആകാശത്തു ഇടി മുഴങ്ങി, രണ്ടുമൂന്നുതുള്ളി താഴെ വീണു.

"എണീക്ക്." നാരായണൻ ഭാനുവിനോട് പറഞ്ഞു.

"അൽപനേരം കൂടി നോക്കാം, ഒരു പക്ഷേ മേഘങ്ങൾ അകന്നു പോയേക്കും."

പുതിയ ഋതു. നട്ടുച്ച. പരുക്കൻ കാറ്റ്. ഉദാസീനമായ മനസ്സ്. ഭാനു സന്തിയുടെ അടുത്തു ഇരിക്കുകയായിരുന്നു.

"സന്തിയമ്മേ ഞാൻ എങ്ങനെ അതുപറയും? രാത്രി ഞാൻ ചപ്പാത്തി ഉണ്ടാക്കിയിട്ട് ഇരിക്കുകയായിരുന്നു. നല്ല ഇരുട്ടായിരുന്നു. ആരോ ഗലിയിൽ നിന്നു വിളിച്ചപോലെ എനിക്കു തോന്നി. ഞാൻ പെട്ടെന്നു പുറത്തു ചെന്നു. എന്നെ ആരോ വിളിച്ചു. പക്ഷേ വെളിയിൽ ചെന്നു നോക്കിയിട്ട് ആരേയും കണ്ടില്ല. ഞാൻ ആലോചിക്കുന്നത് എനിക്കു എന്താ ഇങ്ങനെ തോന്നാൻ കാരണം?"

"നിനക്കു മതിഭ്രമം ഉണ്ടായതാവും. നോക്കു, മേലിൽ അങ്ങനെ ഉണ്ടായാൽ പുറത്തേക്കു പോകരുത്."

"പിന്നെ രാത്രിയിൽ എന്റെ അമ്മ സ്വപ്നത്തിൽ എന്റെ അടുത്തു വന്നു. എന്നോട് പറഞ്ഞു- എന്റെ മോളെ ഭാനു, ഞാൻ നിന്നെ തിരക്കി വലഞ്ഞു. എനിക്കു വല്ലാതെ ദാഹിക്കുന്നു. എനിക്കു വെള്ളം തരൂ."

"എന്നിട്ട് നീ വെള്ളം കൊടുത്തോ?"

"എങ്ങനെ കൊടുക്കും. അപ്പോൾ കോഴികൂവി. ഞാൻ ഉണർന്നു."

"നന്നായി. മരിച്ചവർക്കു എന്തെങ്കിലും കൊടുക്കുന്നത് വളരെ ചീത്തയാണ്."

"നല്ലതോ ചീത്തയോ എന്തായാലും അമ്മയെ സ്വപ്നത്തിൽ കണ്ടതുകൊണ്ട് എനിക്കു മനസ്സമാധാനം കിട്ടി. മരിച്ചതിൽ പിന്നെ ഒരിക്കലും അമ്മയെ കണ്ടിട്ടില്ല."

"എവിടെ ആയാലും അവരുടെ ആത്മാവ് ദുഃഖിക്കുന്നുണ്ടാകും. എന്തായാലും അമ്മയല്ലേ!"

"ഞാൻ നിങ്ങളുടെ രൂപ തിരിച്ചുതരാൻ വന്നതാണ്. അന്നു പൂജാരിക്കു കൊടുക്കാൻ നിങ്ങളിൽ നിന്നുവാങ്ങിയതാണ്. ഭാനു പോക്കറ്റിൽ നിന്നും നോട്ടെടുത്തു കൊടുത്തു.

"രൂപ വരികയും പോകയും ചെയ്യും. ധൃതിയില്ലായിരുന്നല്ലോ." രൂപ വാങ്ങിക്കൊണ്ട് സന്തി പറഞ്ഞു. "ഭാനു ഇരിക്ക്."

"പോട്ടെ അമ്മേ, നോക്കിയേ മുകളിൽ നിന്നും ഇടിയും മഴയും വരുന്നു. വേഗം പോയി വീട് അടയ്ക്കണം. അല്ലെങ്കിൽ മണ്ണും പൊടിയും കൊണ്ട് അകം നിറയും."

"ഈശ്വരൻ എന്താണോ ഈ കാട്ടുന്നത്. ഈ സമയത്ത് കൊടുങ്കാറ്റടിച്ചാൽ വിളവു മുഴുവൻ നശിക്കും."

"ഒക്കെ ഈശ്വരനിശ്ചയം പോലെ." ഭാനു പോയി.

യഥാർത്ഥത്തിൽ കൊടുങ്കാറ്റ് അടിച്ചു വരുന്നുണ്ടായിരുന്നു. ആദ്യം ഭൂമിയിലുള്ള ചപ്പുചവറുകൾ ഉയർന്നു. പിന്നെ ജനലുകളും വാതിലുകളും ഇളകിയാടി. നല്ല ഇരുട്ടുണ്ടായിരുന്നു. മരങ്ങൾ പിഴുതു വീണു. വഴിയാത്രക്കാർ വൃക്ഷചുവട്ടിൽ അഭയം തേടി. പക്ഷികൾ ശക്തിയായി ചിലച്ചു.

വൃദ്ധൻമാർ വീടുകളിലിരുന്ന് ഈശ്വരനെ ഭജിച്ചു. കുട്ടികൾക്ക് ഒക്കെ കളിയായി തോന്നി.

ഭാനു മുകളിൽ മുറി അടയ്ക്കാനായി പോയി. അടച്ചിട്ട് സൂക്ഷിച്ച് നടന്നു. തൂണിൻെറ അടുത്തെത്തിയപ്പോൾ തലകറങ്ങി ശക്തിയായി മുറ്റത്തേക്കു വീണു.

വീണിട്ട് പൊടുന്നനെ അവൾ എണീറ്റിരുന്നു. പിന്നെ ബോധം കെട്ട് അവിടെ തന്നെ വീണു.

“അമ്മേ നോക്കിയേ ഇതാ ഭാനു വീണെന്നു തോന്നുന്നു.” ബച്നി ഉറക്കെ സന്തിയെ വിളിച്ചു. അവൾ വന്നു ഭാനുവിനെ എടുത്തു. സന്തിയും ഓടിവന്നു. രണ്ടുപേരും കൂടി പ്രയാസപ്പെട്ട് ഭാനുവിനെ എടുത്തു കട്ടിലിൽ കിടത്തി. തലപൊട്ടി ചോര ഒഴുകുന്നുണ്ടായിരുന്നു.

നിമിഷനേരം കൊണ്ട് തെരുവിലെ ആളുകൾ മുഴുവൻ അവിടെ എത്തി.

സന്തി തൻെറ ഷാളു കീറി വേഗം പഞ്ഞി വച്ച് മുറിവ് കെട്ടി. പക്ഷേ നിമിഷംകൊണ്ട് തുണിമുഴുവൻ ചോരകൊണ്ട് നനഞ്ഞു.

വെളിയിൽനിന്ന് നാരായണനെ വിളിച്ചുകൊണ്ടു വന്നു. ഉടൻ അയാൾ ഡോക്ടറെ വിളിക്കാൻ ഭക്തുവിനെ ടൗണിൽ അയച്ചു.

ഭാനുവിനു നെയ്യൊഴിച്ച പാൽകൊടുത്തു.

അവൾ യാതൊന്നും മിണ്ടാതെ നിശ്ചേഷ്ടയായി കിടന്നു.

ഡോക്ടർ വന്നപ്പോഴേക്കും ഭാനുവിൻെറ തലയിൽ കെട്ടിയ തുണി മുഴുവൻ രക്തത്തിൽ കുളിച്ചിരുന്നു.

“മുറി അടയ്ക്കാൻ മുകളിൽ കയറിയതാവും പാവം.” സന്തി അവളുടെ തണുത്ത കൈ പിടിച്ചുകൊണ്ട് പറഞ്ഞു.

“ഡോക്ടറേമാൻ, എൻെറ വീട് മുഴുവൻ വിറ്റാലും വേണ്ടില്ല ഭാനുവിനെ രക്ഷിക്കണം.” നാരായണൻ കൈകൂപ്പി അഭ്യർഥിച്ചു.

ഡോക്ടർ ക്ഷീണം മാറാൻ ഒരു ഇഞ്ചെക്ഷൻ കൊടുത്തു. അൽപം കഴിഞ്ഞ് ഭാനുവിനു ബോധം തെളിഞ്ഞപോലെ തോന്നി. അവൾ കണ്ണു തുറന്നു ചുറ്റും നോക്കി. “അമ്മേ വെള്ളം!” അവൾ സന്തിയുടെ കൈ മുറുകെ പിടിച്ചുകൊണ്ട് പറഞ്ഞു.

സന്തി ഒരു സ്പൂണിൽ വെള്ളമെടുത്തു വായിലൊഴിച്ചു കൊടുത്തു.

പിന്നീട് അവൾ നാരായണനെ നോക്കി എന്തോ അസ്പഷ്ടമായി പറഞ്ഞു.

ഡോക്ടർ ശക്തികിട്ടാൻ ഒരു ഇഞ്ചെക്ഷൻ കൂടി കൊടുത്തിട്ട് പറഞ്ഞു. “ഇവളെ ആശുപത്രിയിൽ ആക്കണം.”

ഭാനുവിനു അൽപംകൂടി ആശ്വാസം കിട്ടി.

അവളെ കാളവണ്ടിയിൽ ആശുപത്രിയിൽ കൊണ്ടുപോയി. മുറിവ് തുന്നിക്കെട്ടി. ബാക്കി ഭാഗങ്ങൾ വിശദമായി പരിശോധിച്ചു. മരുന്നു കൊടുത്തിട്ട് അവളെ വാർഡിൽ ബെഡ്ഡിൽ കിടത്തി.

ഒന്നരമാസക്കാലം അവൾ ആശുപത്രിയിൽ കിടന്നു. എല്ലാ ദിവസവും നാരായണൻ എന്തെങ്കിലും ലഘുഭക്ഷണവും ചായയുമായി വരുമായിരുന്നു.

"നിങ്ങൾ എന്തിനാ എന്നുമെന്നും ഇങ്ങനെ കഷ്ടപ്പെടുന്നത്? വല്ലപ്പോഴും വിശ്രമിക്കൂ. ഞാൻ ആരെക്കൊണ്ടെങ്കിലും കടയിൽ നിന്നു ചായയും മറ്റും വാങ്ങിപ്പിച്ചുകൊള്ളാം." ഭാനു പറഞ്ഞു.

"വേണ്ട ഭാനു, എനിക്കൊരു കഷ്ടപ്പാടുമില്ല."

"നിങ്ങൾക്ക് ആഹാരം ഉണ്ടാക്കാൻ വലിയ ബുദ്ധിമുട്ടാവും."

"ഇല്ല ഒട്ടുമില്ല."നാരായണൻ പതുക്കെ പറഞ്ഞു. അയാൾ പോകാൻ ഭാവിച്ചു.

ഒരു ദിവസം സന്തിയും അവളെ കാണാൻ വന്നു. അവർ എന്തോ പറയാൻ മടിക്കുന്ന പോലെ തോന്നി.

ഒന്നരമാസം കഴിഞ്ഞ് ഭാനു വഴിയിൽ പലവട്ടം ഇരുന്നും നടന്നും ഗ്രാമത്തിലെത്തിയപ്പോൾ അവൾ കണ്ട കാഴ്ച ഹരിയായുടെ ഭാര്യാസഹോദരി ഭാഗ്‌വന്തി അടുപ്പിന്റെ അരുകിലിരുന്നു ചപ്പാത്തി ഉണ്ടാക്കുന്നതാണ്.

ഭാനു ഒന്നും വിരിക്കാതെ തന്നെ കട്ടിലിൽ കയറികിടന്നു.

"ചായ ഉണ്ടാക്കട്ടെ?" ഭാഗ്‌വന്തി ഭാനുവിനോടല്ലാതെ നാരായണനോട് ചോദിച്ചു.

"ചായ കുടിക്കണോ ഭാനു?" നാരായണൻ അവളോടു ചോദിച്ചു.

"വേണ്ട"

അൽപനേരത്തെ നിശ്ശബ്ദത.

പിന്നെ ഭാനു വെള്ളം കുടിക്കാനായി സ്റ്റാൻറിൽ നിന്നു ഗ്ലാസ്സെടുത്തു.

"ഞാൻ തരാം വെള്ളം." ഭാഗ്‌വന്തി ഗ്ലാസ് അവളുടെ കൈയിൽ നിന്നും വാങ്ങിയിട്ട് ബച്നിയുടെ വീട്ടിൽ നിന്നും നല്ലവെള്ളം കൊണ്ടുവരാൻ പോയി.

ഭാനു നാരായണനെ നോക്കി.

നാരായണൻ തലകുനിച്ചു.

വെള്ളവും കൊണ്ട് ഭാഗ്‌വന്തി വേഗം എത്തി.

"നിങ്ങൾ ഇവിടിരുന്നു എന്തു ചെയ്യുകയാണ്. ഞാൻ പറഞ്ഞില്ലേ കടയിൽ പോയി സോപ്പു കൊണ്ടുവരണമെന്ന്." ഭാഗ്‌വന്തി ഗ്ലാസ്സ് ഭാനുവിനു കൊടുത്തുകൊണ്ട് നാരായണനോട് പറഞ്ഞു.

നാരായണൻ ഒന്നും പറയാതെ എണീറ്റ് സോപ്പുവാങ്ങാൻ പോയി.

"നല്ല മണമുള്ള ഏതെങ്കിലും സോപ്പുകൊണ്ടുവരണം." പുറകിൽ നിന്നും ഭാഗ്‌വന്തി വിളിച്ചുപറഞ്ഞു.

"മുറിയിൽ എന്റെ വസ്ത്രങ്ങൾ കിടപ്പുണ്ടായിരുന്നു." ഭാനു തന്റെ മുഷിഞ്ഞ വസ്ത്രങ്ങളിലേക്കുനോക്കി പറഞ്ഞു.

"അത്....... അത് കീറിയതായിരുന്നു. ഗ്രഹണദിവസം ഞാൻ അതു ഭിക്ഷക്കുവന്ന വൃദ്ധക്കു ദാനം കൊടുത്തു. നിങ്ങൾ എന്റെ ഏതെങ്കിലും കുർത്ത ഇട്ടിട്ട് വസ്ത്രം കഴുകികൊള്ളു." ഭാഗവന്തി മച്ചിൽ പകുതി കെട്ടിയ പക്ഷിക്കൂട് വടികൊണ്ട് തട്ടിയിട്ടു.

"നാശം എന്നും കൂടുകൂട്ടാൻ സാമഗ്രികൾ കൊണ്ടുവരുന്നു."

"മുട്ടയൊന്നും ഇല്ലല്ലൊ. " ഭാനു ചോദിച്ചു.

"ഉണ്ടെങ്കിൽതന്നെ പക്ഷിയുടെതാവും നിങ്ങളുടേതാവില്ല." ഭാഗ് വന്തി പരിഹസിച്ചു.

ഭാനുവിനു മറുപടി ഒന്നും തോന്നിയില്ല.

"തറ പൊളിച്ച് പുതിയതു പണിതോ?" ഭാനു തറയിലേക്കു നോക്കി ചോദിച്ചു.

"ഉവ്വ്. പഴയമട്ടിലിപ്പോൾ ആരാ ഇതൊക്കെ ഉണ്ടാക്കുക."

നാരായണൻ രണ്ടു സോപ്പുകൊണ്ടുവന്നു. ഒന്ന് അയാൾ ഭാഗ്വന്തിക്കു കൊടുത്തു. മറ്റത് ഭാനുവിന്റെ അടുത്തുവച്ചു.

"പോ പട്ടി പോ" ഭാഗ്വന്തി വാതിക്കൽ നിന്ന പട്ടിയെ എറിഞ്ഞോടിച്ചു. ഏറുകൊണ്ട് പട്ടിപേടിച്ചു വെളിയിലോട്ട് ഓടി. രണ്ടടി മുന്നോട്ടു വച്ചിട്ട് അതു വീണ്ടും തിരിച്ചുചെന്ന് വാതിൽക്കൽ വാലാട്ടി നിന്നു. പട്ടി അവിടെത്തന്നെ നിൽക്കുന്നതു കണ്ടിട്ട് ഭാഗ്വന്തിക്കു വെറുപ്പ് തോന്നി. അവൾ പാത്രമെടുത്തു പട്ടിയെ എറിഞ്ഞു. പട്ടി കുരച്ചുകൊണ്ട് വെളിയിലോട്ടോടി.

"എന്തിനാ പാവത്തിനെ എറിയുന്നത്? പട്ടിയുടെ കുര ഭഗവാൻ പോലും കേൾക്കുമെന്നാണ് പറയുന്നത്." ഭാനു തന്റെ വിറക്കുന്ന കൈ പുതപ്പിനുള്ളിൽ മൂടിക്കൊണ്ട് പറഞ്ഞു.

ഭാഗ്വന്തി അതിനു മറുപടി പറഞ്ഞില്ല.

"പട്ടിയുടെ കാര്യം സാരമില്ല, ഭാഗ്വന്തി നീ എന്നെങ്കിലും എന്നെ ഇങ്ങനെ എറിഞ്ഞോടിക്കാതിരുന്നാൽ മതി. ഇപ്പോൾ നിങ്ങൾ രണ്ടാളുണ്ടല്ലോ." നാരായണൻ പരിഹസിച്ചു.

"ഈ സമ്പ്രദായം നിങ്ങളുടേതാവും, ഞങ്ങളുടെ നാട്ടിൽ ഇല്ല." ഭാഗ്വന്തി നാരായണനു ചായ കൊടുത്തിട്ടു പറഞ്ഞു.

"ഭാനുവിനും കൊടുക്കു."

"അവൾക്കു ആവശ്യമില്ലെങ്കിൽ നിർബന്ധിച്ചു കൊടുക്കണോ?"

"എന്താ ആവശ്യമില്ലാത്തത്? ക്ഷീണിച്ചുവരികയാവും."

"നിങ്ങൾക്കു അവളുടെ ആവശ്യം കൂടുതലറിയാമായിരിക്കും. അവൾക്കു കൊടുക്കാതെ കുടിക്കാൻ മനസ്സുവരുന്നില്ലായിരിക്കും."

"ഈ ചായ കുടിക്കു ഭാനു" നാരായണൻ തന്റെ ഗ്ലാസ്സ് ഭാനുവിനു കൊടുത്തു.

ഭാനു ഗ്ലാസ്സ് വാങ്ങിച്ചു.

"ഭാനുവിനു നിങ്ങൾ ചായ കൊടുക്കണമെന്നതായിരുന്നു ആവശ്യം." ഭാഗ്വന്തി ചിരിച്ചുകൊണ്ട് നാരായണനു രണ്ടാമതു ഒരു കപ്പുചായ കൂടി കൊടുത്തു.

"മഠയീ, പതി പരമേശ്വരന്റെ ആജ്ഞ അനുസരിക്കും."

"പരമേശ്വരന്റെ കാര്യം എന്തു പറയാനാണ്."

"പരമേശ്വരനെന്താ കൊമ്പുണ്ടോ?" നിസ്സാരകാര്യത്തിനു ഭാഗ്വന്തിയുടെ മുമ്പിൽ തോൽക്കാൻ നാരായണൻ തയ്യാറില്ല.

"ശരി ശരി. ആട്ടെ, ചെരുപ്പുകുത്തിയുടെ വീട്ടിൽ നിന്നു എന്റെ ചെരുപ്പ് കൊണ്ടുതരൂ. അളവെടുത്തുകൊണ്ടുപോയിട്ട് കുറെനാളായി. ഈ ചെരുപ്പ് ഒന്നിനും കൊള്ളില്ല. ഇന്നു ഞാൻ പുറത്തുപോയത് കാലിൽ ഒന്നും ഇടാതെയാണ്."

"ചെരുപ്പുകുത്തി ചെരുപ്പ് കൊണ്ടുതന്നില്ലേ?" "ഇല്ല"

"ശരി ഞാൻ ചോദിക്കട്ടെ." നാരായണൻ ചെരുപ്പുവാങ്ങാൻ പുറപ്പെട്ടു. പെട്ടെന്നു ഭാനുവിന്റെ നേരെനോക്കി അയാൾ പറഞ്ഞു. "നീയും വേഗം അളവെടുത്തു തരൂ. അതും കൂടി പറഞ്ഞിട്ടുവരാം അല്ലെങ്കിൽ നാളെ നീയും എന്നെ ഓടിക്കും."

"വേണ്ട എന്റെ ചെരുപ്പിനു കേടൊന്നും ഇല്ല." ഭാനു ഏറെനേരം അയാൾ പോകുന്നതു നോക്കി നിന്നു.

ഭാഗ്വന്തി ഒന്നുരണ്ടു പ്രാവശ്യം അവളെ നോക്കി.

കുറെ നേരത്തെ നിശ്ശബ്ദതക്കു ശേഷം അവൾ ചോദിച്ചു. "നിങ്ങളുടെ കട്ടിൽ തളത്തിൽ ഇടട്ടെ ഭാനു, നല്ല കാറ്റു കിട്ടും."

"ഇടൂ.." ഭാനു താൽപര്യമില്ലാതെ പറഞ്ഞു.

തളത്തിൽ കിടന്നു കൊണ്ട് ഭാനു രാത്രി ഏറെനേരം താഴെ ഭാഗ്വന്തിയും നാരായണനുമായുള്ള ചിരിയും വർത്തമാനവും കേട്ടു.

ഉഷ്ണകാലം കഴിഞ്ഞു. തണുപ്പുകാലം എത്തി. പിന്നെ തണുപ്പുകാലവും കടന്നുപോയി.

നാരായണൻ അകത്തേക്കു വന്നപ്പോൾ ഭാനു പുറത്തേക്കു തിരിച്ചു.

"നീ എങ്ങോട്ട് പോകുന്നു, ഭാനു?" നാരായണൻ അൽപം ദേഷ്യത്തോടെ ചോദിച്ചു.

"ഞാൻ..... ഞാൻ പ്രതാപിയുടെ അച്ഛൻ മരിച്ചിടത്തു പോകയാണ്."

"എവിടെങ്കിലും ആരെങ്കിലും മരിച്ചാൽ പോയികരയാനുള്ള കോൺട്രാക്റ്റ് എടുത്തിരിക്കുകയാണോ നീ? വീട്ടുകാർ കരഞ്ഞാലും ഇല്ലെങ്കിലും നിനക്കു കരഞ്ഞേ പറ്റൂ."

"മറ്റുള്ളവർക്കുവേണ്ടി ആരാ കരയുക? എല്ലാവരും അവരവർക്കു വേണ്ടി കരയും."

"ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ നീ കരയുന്നതായി എനിക്കു തോന്നുന്നു."

"നിങ്ങൾ നല്ലകാര്യങ്ങൾ പറയൂ. എന്തിനു അശുഭകാര്യം പറയുന്നു." ഭാനു പരാതിപ്പെട്ടു.

"അല്ല ഞാൻ ചോദിച്ചത് ഞാൻ വീട്ടിൽ വരുമ്പോൾ നീ പുറത്തു പോകുന്നതു എന്തിനാണെന്നാണ്."

"എന്റെ മനസ്സിനു എന്തുകൊണ്ടോ ഭയമാണ്. കൂടാതെ എവിടെങ്കിലും ഏകാന്തസ്ഥലത്തു ഇരിക്കാൻ തോന്നുന്നു."

"വീട്ടിലിരുന്നാൽ എന്തെങ്കിലും ജോലിചെയ്യേണ്ടിവരും. കാണരുതോ, എന്നോട് എന്തോ പ്രതികാരം ചെയ്യുന്നമട്ടാണ്. എന്നിട്ടും വീട്ടുജോലിയെല്ലാം ഞാൻ തന്നെ ചെയ്യേണ്ടിവരുന്നു." ഭാഗ്വന്തി അകത്തുനിന്നും തൂത്തുവാരിയ ചപ്പുചവറ് കളഞ്ഞുകൊണ്ട് പറഞ്ഞു.

"ഭാനൂ നീ ഇനി വെറും അതിഥിയെപ്പോലെ പെരുമാററരുത്. മുമ്പ് വീട്ടിലെ എല്ലാജോലിയും നീ ചെയ്തിരുന്നു. ഇനി ചെയ്യാതിരിക്കാൻ നിനക്കെന്താ പ്രശ്നം?" നാരായണൻ അൽപം പരിഭവത്തോടെ ചോദിച്ചു.

"ഭാഗ്വന്തി പറയുന്നതൊക്കെ ഞാൻ ചെയ്യുന്നുണ്ട്. ചാണകം വാരുന്നു, മുണ്ട് അലക്കുന്നു, പാത്രംതേയ്ക്കുന്നു. പറഞ്ഞാൽ ചപ്പാത്തി ഉണ്ടാക്കുന്നു." ഭാനു തന്റെ നിലപാട് വിശദീകരിച്ചു.

ഭാഗ്വന്തി കടക്കണ്ണുകൊണ്ട് ഭാനുവിന്റെ നേരെനോക്കിയിട്ട് പറഞ്ഞു. "ഞാൻ മാലോകരെ പേടിച്ച് യാതൊന്നും പറയാറില്ല. നിങ്ങൾ വീട്ടിൽ ഇല്ലാതിരുന്നപ്പോൾ ഭാനു ചിലപ്പോൾ തനിച്ചിരുന്ന് പാട്ടുപാടാറുണ്ട്. ചിലപ്പോൾ ദുഃഖം അഭിനയിച്ചിരിക്കാറുണ്ട്. ഇവൾ പാടുന്നതു ആരുടെ പാട്ടാണെന്നോ ആരുടെ മരണത്തിൽ ദുഃഖിക്കുന്നെന്നോ അറിയില്ല. ആളുകൾ തങ്ങളുടെ വീടിനു നൂറുനൂറുസുഖം പ്രാർത്ഥിക്കാറുണ്ട്. പക്ഷേ ഇവൾ......"

"എന്താ ഭാനു, ശരിയോ?" നാരായണൻ അവളെ ദേഷ്യത്തോടെ നോക്കി.

ഭാനു ഭയന്നു പോയി. നാരായണൻ അടിച്ചാലോ? അവൾ സന്തിയുടെ വീട്ടിലേക്കു നോക്കി.

"അല്ലെങ്കിൽ ഇവൾക്കു ദിവസംമുഴുവൻ ഏഷണിപറയാൻ സന്തിയെ കിട്ടും." ഭാഗ്വന്തി പറഞ്ഞു.

ഭാനു അകത്തുവന്നിട്ട് എരുമയുടെ തൊഴുത്തുവൃത്തിയാക്കി.

"ഞാൻ നിങ്ങളോട് കാര്യം തുറന്നുപറയാം. ഏറെനാൾ ആഹാരം വച്ചുവിളമ്പി. ഞാൻ ആരുടേയും താളത്തിനു തുളളാൻ വന്നവളല്ല. ഇവൾ ദിവസം മുഴുവൻ സുഖിച്ചിരിക്കുകയും ഞാൻ അടുക്കളയിൽ പണിചെയ്യുകയും ആണ്. ഇനി പറ്റില്ല. ഞാൻ വച്ചിട്ട് കഴിക്കില്ല. അവൾ തന്നെ പാചകം ചെയ്യട്ടെ. എനിക്കാരുടേയും അടിമത്തം പറ്റില്ല." ഭാഗ്വന്തി നാരായണനു ചപ്പാത്തി കൊടുത്തുകൊണ്ട് പറഞ്ഞു.

"നീ കൂടി ജോലിക്കുസഹായിക്കു ഭാനു." നാരായണൻ ഭാഗ്വന്തിയുടെ സംസാരത്തിലെ ഗൗരവം കളഞ്ഞിട്ട് ഭാനുവിനോട് പറഞ്ഞു.

"ആളുകൾ വേണമെങ്കിൽ പറയുന്നുണ്ടാവും സപത്നിയുടെ പോരാണെന്ന്. പക്ഷേ ഈശ്വരനു അറിയാം ഞാൻ ഒരു കാര്യത്തിന് ഇവളെ തടഞ്ഞിട്ടില്ല. നിങ്ങളുടെ മുമ്പിൽ ഇരിപ്പുണ്ടല്ലോ. ചോദിച്ചു നോക്കുക. ആദ്യമൊക്കെ ഞാൻ യാതൊന്നും ചെയ്യാൻ പറയില്ലായിരുന്നു. അറി

യാതെ വല്ലതും പറഞ്ഞാൽ തന്നെ അതു കുഴപ്പത്തിലാക്കും. മിനിഞ്ഞാന്ന് ഞാൻ പറഞ്ഞു, 'ഭാനു ഈ അടുപ്പിൻെറ ചുവട്ടിൽ അൽപം ഇരിക്കൂ, ഞാൻ ഒന്നു മേലു കഴുകിയിട്ടുവരാം.' ഞാൻ വന്നുനോക്കിയപ്പോൾ പട്ടി പാലുകുടിക്കുന്നു. ഞാൻ ഇവളെ എന്തിനാണു ഇരുത്തിയിട്ടുപോയത്?"

"അറിഞ്ഞുകൊണ്ടല്ല ഭാഗ്‌വന്തി, ഇവളുടെ തലയ്ക്കു മുറിവേറ്റപ്പോൾ തൊട്ട് ഇവളുടെ മട്ട് ആകെ മാറി. നീ കണ്ടിട്ടില്ലേ ഒരു ചപ്പാത്തി കൊടുത്താൽ അതു തിന്നിട്ട് എണീക്കും. രണ്ടെണ്ണം കൊടുത്താൽ രണ്ടും കഴിക്കും. കൊടുത്തില്ലെങ്കിൽ ചോദിക്കുകയുമില്ല. ഭ്രാന്തികളെപ്പോലെ തെരുവുകളിൽ അലഞ്ഞു നടക്കും. കാരണം കൂടാതെ കരയും. നീ ഒരു കാര്യത്തിനും ദേഷ്യപ്പെടരുത്."

ഭാനു തൊഴുത്തു വൃത്തിയാക്കിയിട്ട് വെള്ളം കുടിക്കാൻ അടുക്കളയിലോട്ടു ചെന്നു. ഗ്ലാസെടുത്തു കുടത്തിൽ നിന്നും വെള്ളം എടുക്കാൻ ഭാവിച്ചു.

"കൈ ശരിക്കു ഒന്നു കഴുകിയിട്ടാട്ടെ." ഭാഗ്‌വന്തി അതൃപ്തികാട്ടി.

ഭാനു ഞെട്ടി. ശരിയാണ്, കൈകഴുകാൻ താൻ മറന്നു പോയി. ബച്നിയുടെ വീട്ടിൽ നിന്നും പാത്രത്തിൽ വെള്ളം കൊണ്ടുവന്നു അവൾ കുറേനേരം കൈകഴുകിക്കൊണ്ടിരുന്നു.

നാരായണൻ ആഹാരം കഴിച്ചു. എന്നിട്ട് ഹുക്കവലിച്ചു. പിന്നെ വെയിലത്തിരുന്നു തൻെറ മുടി ചീകി.

ഭാനു അപ്പോഴും കൈകഴുകിക്കൊണ്ടിരുന്നു.

"ഇനിയും കൈകഴുകുന്നതു നിർത്തൂ." നാരായണൻ ദേഷ്യപ്പെട്ടു പറഞ്ഞു.

ഭാനു ഞെട്ടി. അതെ ഇത്രനേരം താനെന്തിനാണ് വെറുതെ കൈ കഴുകിക്കൊണ്ടിരുന്നത്.

ആയിടെ ഭാഗ്‌വന്തിക്കു ഒരാൺകുട്ടി ജനിച്ചു.

"എടീ ഭാനു, അഭിനന്ദനങ്ങൾ" സന്തി ഭാനുവിൻെറ കൈയിൽ നിന്നും പഞ്ചസാര വാങ്ങിക്കൊണ്ട് പറഞ്ഞു.

"അമ്മേ ഈശ്വരൻ എല്ലാവർക്കും നൻമ കൊടുക്കുന്നു."

"ഈശ്വരൻ നിൻെറ കാര്യം മറന്നുപോയി. ഭാഗ്‌വന്തിയെ പോലെ നീയും ആയിരുന്നെങ്കിൽ എന്നേ നിനക്കും.........."

"അല്ലമ്മേ, അവൻ എൻെറകൂടിയാണ്. ഞങ്ങളുടെ വീട്ടിൽ വിളക്കു കത്തി. ഈശ്വരൻ എല്ലാവർക്കും ഇങ്ങനെ നല്ലകാലം കൊടുക്കട്ടെ. ഞാൻ അനേകം വഴിപാടുകൾ നേർന്നിരുന്നു- ഒരാൺകുട്ടിക്കുവേണ്ടി."

"പക്ഷേ അവൾ ഇപ്പോൾ വീടിൻെറ സർവ്വാധികാരിയായി കഴിഞ്ഞിരിക്കുന്നു. ഇനി അവൾ നിന്നെ പരിഗണിക്കില്ല. നീ മഠയിയായതുകൊണ്ട് കടലാസിൽ ഒന്നും എഴുതിവയ്പിച്ചില്ല. അവൾ ആദ്യം തന്നെ പഞ്ചായത്തിൽ പേരെഴുതിച്ചു. ഇനി അവൾ തന്നെയാണു വീട്ടിൻെറ ഉടമസ്ഥ."

"എനിക്കു ദിവസങ്ങൾ പൂർത്തിയാക്കിയാൽ മതി, അവൾ വീട്ടുടമസ്ഥയായി ഇരിക്കട്ടെ."

"അതെ മകളെ നീ വന്നാണ് ഈ വീടിന് നൻമ വരുത്തിയത്."

"അമ്മേ, ഭാഗ്വന്തി മനസ്സുകൊണ്ടു ചീത്തയല്ല. സംസാരിക്കാനറി ഞ്ഞുകൂടെന്നേയുളളു. ആട്ടെ നിങ്ങളെ മോതിരം കാണിക്കാം. " ഭാനു ഒരുകൈകൊണ്ട് പഞ്ചസാരപ്പാത്രം പിടിച്ചുകൊണ്ട് മറ്റെകൈ സന്തി യുടെ നേരെ നീട്ടി. ആൺകുട്ടി ഉണ്ടായതിനു നാരായണൻ തീർപ്പി ച്ചതാണ്. ഭാഗ്വന്തിയുടേതുപോലെ ഒരു 'രക്ഷ' ഞാനും ഉണ്ടാക്കണ മെന്ന് എന്നോട് പറഞ്ഞു. അതിനു ഞാൻ നവവധുവൊന്നുമല്ലല്ലൊ, രക്ഷവേണ്ട എന്നു ഞാൻ മറുപടി പറഞ്ഞു."

"മോതിരം നന്നായിരിക്കുന്നു, മോളെ. അരത്തോല കാണും." സന്തി മോതിരം കൈയിലെടുത്തു നോക്കി.

"ഈ മൂന്നുവർഷം കൊണ്ട് ബാങ്കിൽ ഞങ്ങളുടെ അക്കൗണ്ടിൽ ആയിരത്തിയഞ്ഞൂറു രൂപ ഉണ്ടായി. ക്രമേണ പണയം വച്ചഭൂമിയും തിരി ച്ചുവാങ്ങും. അല്ലെങ്കിൽ ഞങ്ങളുടെ കുഞ്ഞിനെ മാലോകർ പഴിക്കും."

"അതിനു ഇവൻ തീരെ കുഞ്ഞാണല്ലൊ, പക്ഷേ മടിയിലെടുത്താൽ ആത്മാവിനു ശാന്തികിട്ടും."

സന്തി വളരെനേരം ഭാനുവിനെ നോക്കിയിരുന്നു.

സന്തി പ്രവചിച്ചതു സത്യമായിത്തീർന്നു. കുട്ടി ഉണ്ടായതിൽ പിന്നെ ഭാഗ്വന്തിയുടെ മട്ടാകെ മാറി. ഇപ്പോൾ അവൾ ഓരോ കാര്യത്തിനും നാരായണനോടും കലഹിക്കാറുണ്ട്. നാരായണൻ നേരിട്ട് ഒന്നും പറയാ റില്ലായിരുന്നു. ഒരു ദിവസം കുളിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഭാനുവിൻെറ കൈയിൽ നിന്നും കാലാ (കുഞ്ഞ്) അബദ്ധത്തിൽ താഴെ വീണു. ഭാഗ്വന്തി ഭാനുവിനെ തൊഴിച്ചു.

വേറൊരു ദിവസം രാത്രി കാലാ കരയുന്നതുകേട്ട് ഭാനു തളത്തിൽ നിന്നും ഓടിയെത്തി.

താഴെ മുറി അടഞ്ഞുകിടന്നു. ഭാനു സധൈര്യം വാതിക്കൽ മുട്ടി. "ഭാഗ്വന്തി കാലാ എന്തിനാ കരയുന്നത്? അവനെ എൻെറ കൈയിൽ തരൂ."

"ഞാൻ തന്നെ അവനെ നോക്കിക്കൊളളാം." ഭാഗ്വന്തി അകത്തു നിന്നു ദേഷ്യത്തോടെ പറഞ്ഞു.

കുറേ നേരം ഭാനു അവിടെത്തന്നെ നിന്നു. പിന്നീട് മുകളിൽ തൻെറ മുറിയിൽ പോയി കട്ടിലിൽ കിടന്നു. പക്ഷേ അതിനു ശേഷം അവൾക്കു ഉറക്കം വന്നില്ല.

കാലാ അടുത്തദിവസവും കരഞ്ഞു.

"ഇവനു ആരുടെയെങ്കിലും കണ്ണുകിട്ടിയിരിക്കും." മുറ്റത്തു ഭാഗ്വ ന്തിയുടെ കൂടെയിരുന്നു വർത്തമാനം പറയുന്നതിനിടയിൽ ബച്നി പറഞ്ഞു.

"അതെ ഭാനുവിൻെറ തന്നെയാകും. ദിവസം മുഴുവൻ കണ്ണുതു റിച്ച് അവനെ നോക്കാറുണ്ട്. ഞാൻ മാറിയിരുന്നാൽ കൂടി അവിടെയും എത്തും."

"വന്ധ്യയുടേയും, പ്രേതത്തിൻേറയും കണ്ണു ചീത്തയാണ്. നീ സിദ്ധൻെറ അടുത്തുപോയി കുഞ്ഞിനെ ഉഴിയണം."

"നിനക്കു അറിയാമല്ലൊ ബച്നി, ഇനി കുഞ്ഞിനേയും കൊണ്ട് ഏതു കുളത്തിലാ ഇറങ്ങാൻ പറ്റുക."

"നീ കുഞ്ഞിനെ കൂടെ കൊണ്ടുനടന്നു ജോലി ചെയ്യണം. അവളെ ഏൽപ്പിക്കരുത്."

"എന്തുചെയ്യും? ഏൽപിച്ചില്ലെങ്കിൽ എൻെറ പുറകെ നടപ്പാകും. പിന്നെ അവളുടെ നിലവിളി കേൾക്കാതിരിക്കണമെന്നുണ്ട്."

"അതു ശരിയാണ്. പക്ഷേ ദൃഷ്ടിദോഷം കരിങ്കല്ലിനെപ്പോലും പൊട്ടിക്കും കാലാ പൂവുപോലെ മൃദുവാണ്."

കുറെനാൾ കാലാ മെലിഞ്ഞിരുന്നു.

ഭാഗ്വന്തി ഭാനുവിനെ കുറ്റപ്പെടുത്തി. നാരായണനേയും ഏതെങ്കിലും കാരണം പറഞ്ഞ് അവൾ കഷ്ടപ്പെടുത്തി.

ഭാനു അറിയാതെ വീട്ടിൽ പലപ്പോഴും നല്ല വഴക്കുണ്ടാകാറുണ്ടായിരുന്നു. ഒന്നുരണ്ടുപ്രാവശ്യം ഭാഗ്വന്തി നാരായണനോട് കലഹിച്ചു കരഞ്ഞു. ഒരു ദിവസം അവൾ തന്നത്താൻ തലക്കിട്ടടിച്ചു. നാരായണൻ സ്വയം ശകാരിച്ചുകൊണ്ട് പുറത്തുപോയി.

അന്നു വീട്ടിൽ എന്തെങ്കിലും വയ്ക്കുകയോ കഴിക്കുകയോ ഉണ്ടായില്ല.

ഭാനു ഒരിക്കൽ ഭാഗ്വന്തിയോട് ചോദിച്ചു. "ഭാഗ്വന്തി, ഞാൻ ചപ്പാത്തി ഉണ്ടാക്കട്ടെ?"

"ഇവൾക്കു ഏതു സമയവും ചപ്പാത്തി എന്നൊരു വിചാരമേ ഉള്ളൂ." ഭാഗ്വന്തി കുറ്റപ്പെടുത്തി.

ഭാനു മിണ്ടാതെ മുകളിലോട്ടുപോയി.

സന്ധ്യയായപ്പോൾ നാരായണൻ മുകളിലോട്ട് ചെന്നു. ഭാനുവിനു വളരെ സന്തോഷമായി. പക്ഷേ പിന്നെ എന്തോ ആലോചിച്ച് അവൾ ഉദാസീനയായി.

നാരായണൻ വന്ന് അവളുടെ അടുത്തു കട്ടിലിൽ ഇരുന്നു. കുറേ നേരത്തെ മൗനത്തിനുശേഷം നാരായണൻ വിളിച്ചു. "ഭാനൂ!"

ഭാനു അത്ഭുതത്തോടെ അയാളുടെ മുഖത്തേക്കു നോക്കി.

"ഭാനൂ!" എനിക്കറിയാം. ഭാഗ്വന്തി ചിലപ്പോൾ നിനക്കു ആഹാരം തരാറെയില്ലെന്ന്. നീ പലപ്പോഴും വെള്ളം മാത്രം കുടിച്ചുകൊണ്ടാണ് കിടക്കുന്നതെന്നും എനിക്കറിയാം.

"കാലായ്ക്കു സുഖമാണോ?" ഭാനു അയാൾ പറഞ്ഞത് ശ്രദ്ധിക്കാതെ ചോദിച്ചു.

"വല്ലവരുടേയും കുഞ്ഞുങ്ങളോട് നിനക്കെന്താ ഇത്ര താൽപര്യം? അവൾ നിന്നോട് പട്ടിയെപ്പോലാണ് പെരുമാറുന്നത്."

"എനിക്കെന്തോ അവനോട് വലിയ ഇഷ്ടമാണ്. ഭാഗ്വന്തി അവനെ എടുക്കാനേ സമ്മതിക്കില്ല. " ഭാനു പരാതി പറയുന്നമട്ടിൽ പറഞ്ഞു.

"ഞാൻ എന്റെ അമ്മയുടെ വീട്ടിൽ പോകും, പിന്നെ ഒരിയ്ക്കലും ഇങ്ങോട്ടു വരില്ല എന്നവൾ പറയുന്നു. അവളുടെ വീട്ടുകാരുടെ ഗുണം നിനക്കറിയാമല്ലോ. ആ ദുഷ്ടൻമാർക്കു പണം വാങ്ങി വേറെ എവിടെ ങ്കിലും അവളെ അയയ്ക്കാമല്ലൊ."

"പക്ഷേ എന്തിന്?" ഭാനു വിസ്മയത്തോടെ ചോദിച്ചു.

"നിന്നെ അവൾ ഒന്നുരണ്ടുപ്രാവശ്യം അടിക്കുകയും ചെയ്തു ഇല്ലേ? എന്നോട് സന്തി പറഞ്ഞു."

"പോട്ടെ. അതു അവളുടെ ഇഷ്ടം."

"ഞാൻ ജീവിച്ചിരിക്കുമ്പോൾ നീ ഇങ്ങനെ കഷ്ടപ്പെടുന്നത് എനിക്കു സഹിക്കാനാവില്ല, ഭാനു!"

"ഇനി ഈശ്വരൻ എന്നെ വിളിക്കട്ടെ." ഭാനു ദുഃഖത്തോടെ പറഞ്ഞു.

"ഭാനു, അവൾ കുഞ്ഞിനേയും കൊണ്ട് പോകുന്നമട്ടാണ്. ഒന്നു കിൽ ഇവിടെ ഭാനു താമസിക്കും അല്ലെങ്കിൽ ഞാൻ. ഇഷ്ടമുള്ളവരെ നിങ്ങൾ താമസിപ്പിക്കൂ എന്നു പറയുന്നു.

ഭാനുവിന് സംഗതി മനസ്സിലായില്ല. അവൾ അത്ഭുതത്തോടെ നാരായണന്റെ മുഖത്തേക്കു നോക്കി.

"കുട്ടി ഇല്ലായിരുന്നെങ്കിൽ ആ ദുഷ്ടയോട് ഞാൻ പറയുമായി രുന്നു. പോ, എവിടെ വേണമെങ്കൽ പോയി തുലയ്. പക്ഷേ ഇപ്പോൾ എങ്ങനെയാണ് ഭാനു?...."

ഭാനു ഒന്നും പറഞ്ഞില്ല.

"ഭാനു ചൗന്ദയിലുള്ള ഫത്ത ഇല്ലേ, നമ്മൾ ഇപ്രാവശ്യം എരുമയെ വാങ്ങിയത് അയാളുടെ കൈയിൽ നിന്നാണ്. വളരെ നല്ലവനാണ്. പാവത്തിന് ആരും ഇല്ല. ഒരേഒരു മകനുണ്ടായിരുന്നത് മരിച്ചിട്ട് കുറെ വർഷമായി. ധാരാളം ഭൂസ്വത്തുണ്ട്. ഞാൻ അയാളോട് സംസാരിച്ചു. ഭാനു സമ്മതിച്ചാൽ കൊള്ളാം എന്നു പറഞ്ഞു. ഒരിയ്ക്കൽ നമ്മുടെ വീട്ടിലും വന്നിരുന്നു. നിന്നെ അയാൾ കണ്ടിട്ടുണ്ട്."

ഭാനു സ്തംഭിച്ചിരുന്നു.

"ഭാനു, എനിക്ക് ഇതിൽ യാതൊരു ലാഭമോ അത്യാഗ്രഹമോ ഇല്ല. നിന്റെ നൻമയെ കരുതിയാണ്. ഇവിടെ നിനക്കു കഷ്ടകാലമാണ്. ഭാഗ്‌വന്തി എന്റെ ജീവിതം പോലും കഷ്ടത്തിലാക്കിയിരിക്കുകയാണ്. പിന്നെ നിന്റെ കാര്യം പറയണോ?" ഭാനു നിശ്ചേഷ്ടയായി ഇരുന്നു. അവൾ അനുകൂലമായോ പ്രതികൂലമായോ ഒന്നും പറഞ്ഞില്ല. ഒരേമ ട്ടിൽ നാരായണന്റെ മുഖത്തേക്കു നോക്കി ഇരുന്നു.

"അയാൾ നാളെ വരും. ഭാനുവിനോട് ചോദിച്ചിട്ടു പറയാം. എന്നു ഞാൻ പറഞ്ഞു."

ഭാനുവിന് പ്രജ്ഞ നഷ്ടപ്പെട്ടപോലെ തോന്നി.

"നോക്കൂ ഭാനു നീ, എന്തെങ്കിലും വിശേഷം ഉണ്ടെങ്കിൽ കാക്കവഴി സന്ദേശം അയച്ചാലും മതി. ഞാൻ നിന്നിൽ നിന്നും വളരെ അകലെ അല്ല. തന്നെയല്ല ചൗന്ദ വളരെ ദൂരെയൊന്നുമല്ല. ഞാൻ വല്ലപ്പോഴും അങ്ങോട്ടൊക്കെ വരാം. ഫത്താ വളരെ നല്ലവനാണ്. അൻപതുവയസ്സ്

ആയാൽ പിന്നെ ചീത്തയാവില്ലല്ലൊ?"

ഭാനു മറുപടി ഒന്നും പറഞ്ഞില്ല.

"ഭാനു, എന്നോടൊന്നും തോന്നരുത്. കുഞ്ഞുണ്ടായില്ലെങ്കിൽ ഞാൻ അവളെ തെല്ലും വകവയ്ക്കില്ലായിരുന്നു. കൂടാതെ ചൗന്ദയിൽ നിനക്കിതിലും സുഖമായി കഴിയാം. പിന്നെ മനുഷ്യൻെറ കൈയിൽ എന്തിരിക്കുന്നു, ഭാനു? എവിടാണോ വിധി നമ്മെ നയിക്കുന്നത്, അവിടുത്തെ അന്നവും ജലവും എന്തായാലും കഴിച്ചേ പറ്റൂ." അത്രയും പറഞ്ഞിട്ട് നാരായണൻ വിഷാദത്തോടെ ഇരുന്ന ഭാനുവിൻെറ പുറം തലോടി. എന്നിട്ടയാൾ പടികൾ ഇറങ്ങി.

പകൽ മറഞ്ഞു. രാത്രി വന്നു. രാത്രി കഴിഞ്ഞു. പ്രഭാതമായി. താൻ ഉണർന്നിരിക്കുകയാണോ ഉറങ്ങുകയാണോ എന്നു ഭാനുവിന് അറിയില്ലായിരുന്നു. ചാണകം വാരാൻ ഇന്ന് അവൾ താഴോട്ട് ചെന്നില്ല. ഭാഗ്വന്തി അവളെ അതിനു വിളിക്കുകയും ചെയ്തില്ല.

വീടുമുഴുവൻ ഇളകുന്നതുപോലെ അവൾക്കു തോന്നി. ഭൂകമ്പം വന്നപോലെ. പിന്നീട് അവൾക്കു മനസ്സിലായി അല്ല, തൻെറ തലയാണു കറങ്ങുന്നത്.

ഞൊടിയിടയിൽ പൂച്ച അലമാരിയിലേക്കു ചാടി പ്രാണിയെ വായിലാക്കിക്കൊണ്ട് വെളിയിലേക്കു പോയി. പൂച്ചയെ ഓടിക്കാൻ പോലും ഇന്നവൾക്കു ശക്തിയില്ല.

"ഭാനു ചായ കുടിക്കൂ." താഴെ നിന്നും ഭാഗവന്തി വിളിച്ചു.

ഭാനു പതുക്കെ പതുക്കെ പടിയിറങ്ങി.

ധാരാളം പാൽ ചേർത്ത ചായയും വെണ്ണപുരട്ടിയ ഒരു പറോട്ടയും ഭാഗ്വന്തി അവളുടെ മുമ്പിൽ കൊണ്ടു വച്ചു.

ഭാനു ചായ രണ്ടു കവിൾ കുടിച്ചു. പറോട്ടയുടെ ഒരു കഷണം പോലും ഇന്നവളുടെ തൊണ്ടയ്ക്കു താഴെ ഇറങ്ങുന്നില്ല.

പകുതി ചായ കുടിച്ചിട്ട് ബാക്കി അവൾ പട്ടിക്കു കൊടുത്തു.

കുറേനേരം അവൾ, മിണ്ടാതെ ജോലി ചെയ്യുന്ന ഭാഗ്വന്തിയെ നോക്കി നിന്നു. "ഇതാ ഈ മോതിരം വാങ്ങു. എനിക്ക് ഇത് അയവായി." ഭാനു അവളുടെ മോതിരം കൊടുത്തു.

"നിങ്ങൾ തന്നെ ഇടുകയായിരുന്നു നല്ലത്. ആട്ടെ നിങ്ങളുടെ ഓർമ്മയ്ക്കായി സൂക്ഷിക്കാം. എപ്പോൾ വേണമെങ്കിലും നിങ്ങൾക്കു കൊണ്ടുപോകാം." ഭാഗ്വന്തി മോതിരം പെട്ടിയിൽ സൂക്ഷിച്ചുവച്ചു.

ഉച്ചക്കു ഫത്താ വന്നു.

"ഞങ്ങൾ കുളത്തിൻെറയടുത്തേക്കു പോകുന്നു. ഭാനു, നീയും പുറകെ വരണം." നാരായണൻ ഫത്തയുടെ കൂടെ പുറത്തേക്കു പോയി.

ഭാനു നിർജ്ജീവയായി ഇരുന്നു.

ഭാഗ്വന്തി ഒന്നു രണ്ടുപ്രാവശ്യം ജോലിനിർത്തി അവളെ ശ്രദ്ധിച്ചു.

"കൂടെ കൊണ്ടുപോകാൻ ചപ്പാത്തി ഉണ്ടാക്കട്ടെ?" അവൾ ഭാനുവിനോട് ചോദിച്ചു.

"വേണ്ട." ഭാനു പുറത്തേക്കു പോയി. എന്നിട്ട് അകത്തു തിരിച്ചു വന്നു. കാര്യമൊന്നും കൂടാതെ അവൾ രണ്ടുമൂന്നുപ്രാവശ്യം പുറത്തേക്കു പോകുകയും തിരിച്ചു വരികയും ചെയ്തു.

"എന്തെങ്കിലും വേണോ? " ഭാഗ്‌വന്തി ചോദിച്ചു.

"വേണ്ട"

"അവർ കാത്തു നിൽക്കുകയാവും, പോകൂ.'

Printed at Printsman, New Delhi 110005